# Govt. UPS VITHURA

# സ്വാതന്ത്ര്യം തന്നെ അമൃതം



## സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവം

ചോര ചിന്തി പോരാടിയത്

അനേകായിരങ്ങളാണ് .......

ആ പോരാട്ടങ്ങളിൽ പേരോ ,മുഖമോ

ഇല്ലാത്തവർ, സാധാരണക്കാർ,

രക്തസാക്ഷികൾ .......

സ്വതന്ത്ര ഇന്ത്യയിൽ കാലുറപ്പിച്ച്

നിൽക്കുമ്പോൾ ഇവരെ ഓർക്കാതെ

ഈ നാടിൻ്റെ ചരിത്രം കടന്നു

പോകരുത്

സ്വാതന്ത്ര്യത്തിൻ്റെ അമൃത

മഹോത്സവം ഈ നാടിൻ്റെ ഐക്യവും

അഖണ്ഡതയും ബഹുസ്വരതയും കൂടുതൽ

ശക്തിപ്പെടുത്തട്ടെ!!





**മോഹൻദാസ് കരംചന്ദ് ഗാന്ധി** (ഗുജറാത്തി: મોહનદાસ કરમચંદ ગાંધી, ഹിന്ദി: मोहनदास करमचंद गांधी) അഥവാ **മഹാത്മാ ഗാന്ധി** (1869 ഒക്ടോബർ 2 - 1948 ജനുവരി 30) ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ നേതാവും വഴികാട്ടിയുമായിരുന്നു. ഇന്ത്യയുടെ **രാഷ്ട്രപിതാവ്** എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കപ്പെടുന്നു. അഹിംസയിലൂന്നിയ സത്യാഗ്രഹം എന്ന സമര സിദ്ധാന്തത്തിലൂടെ ലോകമെമ്പാടും ഗാന്ധി ശ്രദ്ധേയനായി. *മഹത്തായ ആത്മാവ്* എന്നർത്ഥം വരുന്ന *മഹാത്മാ*, അച്ഛൻ എന്നർത്ഥംവരുന്ന *ബാപ്പു* എന്നീ നാമവിശേഷണങ്ങൾ ജനഹൃദയങ്ങളിൽ അദ്ദേഹത്തിനുള്ള സാന്നിധ്യം വ്യക്തമാക്കുന്നു. കേവലമൊരു രാഷ്ട്രീയ നേതാവ് എന്നതിനേക്കാൾ ദാർശനികനായും ഗാന്ധി ലോകമെമ്പാടും അറിയപ്പെടുന്നു.

ഏറ്റവും കഠിനമായ പ്രതിസന്ധിഘട്ടങ്ങളിലും സത്യം, അഹിംസ എന്നീ മൂല്യങ്ങളിൽ അടിയുറച്ചു പ്രവർത്തിക്കുവാനും ജീവിതചര്യയാക്കി മാറ്റുന്നതിനും മഹാത്മാഗാന്ധി ശ്രദ്ധിച്ചു. ജീവിതകാലം മുഴുവൻ അദ്ദേഹം വൈഷ്ണവ തത്വശാസ്ത്രങ്ങളുടെ പ്രായോക്താവായിരുന്നു. എല്ലാ വിധത്തിലും സ്വയാശ്രയത്വം പുലർത്തിയ ഒരു ആശ്രമം സ്ഥാപിച്ച് അവിടെ ലളിത ജീവിതം നയിച്ച് അദ്ദേഹം പൊതുപ്രവർത്തകർക്കു മാതൃകയായി. സ്വയം നൂൽനൂറ്റുണ്ടാക്കിയ വസ്ത്രം ധരിച്ചു; സസ്യാഹാരം മാത്രം ഭക്ഷിച്ചു. ഉപവാസം അഥവാ നിരാഹാരം ആത്മശുദ്ധീകരണത്തിനും പ്രതിഷേധത്തിനുമുള്ള ഉപാധിയാക്കി.

ഗാന്ധിജിയുടെ ദർശനങ്ങൾ ആഗോള തലത്തിൽ ഒട്ടേറെ പൗരാവകാശ പ്രവർത്തകരെ സ്വാധീനിച്ചു. മാർട്ടിൻ ലൂഥർ കിംഗ്, സ്റ്റീവ് ബിക്കോ, നെൽസൺ മണ്ടേല, ഓങ് സാൻ സൂ ചി എന്നിവർ ഗാന്ധിയൻ ആശയങ്ങൾ സ്വാംശീകരിച്ചവരിൽപ്പെടുന്നു. ഭാരതീയർ മഹാത്മാഗാന്ധിയെ രാഷ്ട്രപിതാവായി ആദരിക്കുന്നു അദ്ദേഹത്തിന്റെ ജന്മദിനമായ ഒക്ടോബർ 2 ഗാന്ധിജയന്തി എന്ന പേരിൽ ദേശീയഅവധി നൽകി ആചരിക്കുന്നു. അഹിംസാധിഷ്ഠിത സത്യാഗ്രഹം എന്ന ഗാന്ധിയൻ ആശയത്തോടുള്ള ബഹുമാനാർത്ഥം ഐക്യരാഷ്ട്രസഭ അന്നേ ദിവസം അന്താരാഷ്ട്ര അഹിംസാ ദിനമായും(2007 മുതൽ) പ്രഖ്യാപിച്ചിട്ടുണ്ട്

അലഹബാദിലെ കാശ്മീരി പണ്ഡിറ്റ് കുടുംബത്തിൽ മോത്തിലാൽ നെഹ്രുവിന്റേയും, ഭാര്യ സ്വരൂപ്റാണി തുസ്സുവിന്റേയും മകനായാണ് ജവഹർലാൽ ജനിച്ചത്. പിതാവ് മോത്തിലാൽ നെഹ്രു സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ കോൺഗ്രസ്സിന്റെ പ്രസിഡന്റായിരുന്നിട്ടുണ്ട്. ജവഹറിന്റെ അമ്മ മോത്തിലാലിന്റെ രണ്ടാം ഭാര്യ ആയിരുന്നു, ആദ്യ ഭാര്യയുടെ മരണശേഷമാണ് മോത്തിലാൽ സ്വരൂപ് റാണിയെ വിവാഹം ചെയ്തത്.[11] ഇവർക്കു ജനിച്ച മൂന്നു മക്കളിൽ മുതിർന്ന ആളായിരുന്നു ജവഹർ. നെഹ്രുവിന്റെ സഹോദരിമാരിലൊരാൾ വിജയലക്ഷ്മി പണ്ഡിറ്റ് പിന്നീട് ഐക്യരാഷ്ട്രസഭയുടെ ജനറൽ അസ്സംബ്ലിയുടെ ആദ്യത്തെ വനിതാ പ്രസിഡന്റ് എന്ന ബഹുമതിക്കുടമയായി.[12] രണ്ടാമത്തെ സഹോദരി കൃഷ്ണഹുതിസിങ് അറിയപ്പെടുന്ന ഒരു എഴുത്തുകാരിയുമായി മാറി.[13] അമൂല്യരത്നം എന്നാണ് ജവാഹർ എന്ന അറബി വാക്കിന്റെ അർത്ഥം. [14] ലാൽ എന്നാൽ പ്രിയപ്പെട്ടവൻ എന്നാണർത്ഥം. നെഹ്രു എന്നത് യഥാർത്ഥ കുടുംബപ്പേരല്ല. കാശ്മീരിലെ കൗൾ കുടുംബമാണ് നെഹ്രുവിന്റേത്. എന്നാൽ ഡെൽഹി വാസത്തിനിടയിൽ തലമുറകൾക്കു മുമ്പ് ലഭിച്ചതാണ് നെഹ്രു എന്ന കുടുംബപ്പേര്. നഹർ എന്ന പേർഷ്യൻ ഭാഷയിൽ നിന്നാണ് നെഹ്രു എന്ന നാമം ഉണ്ടായത്. ഔറംഗസീബ് ചക്രവർത്തിയുടെ കാലഘട്ടത്തിൽ കാശ്മീരിൽ നിന്നും ഡെൽഹിയിലേക്കു കുടിയേറിപ്പാർത്ത നെഹ്രുവിന്റെ മുൻതലമുറക്കാരിൽ രാജ് കൗൾ എന്ന വ്യക്തിയാണ് പിന്നീട് പേരിനൊപ്പം നെഹ്രു എന്ന് ഉപയോഗിക്കാൻ തുടങ്ങിയത്.[15]



# ജവഹർലാൽ നെഹ്റു

അച്ഛൻ മോത്തിലാൽ നെഹ്രു ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റ് പദവിയിലിരുന്നുകൊണ്ട് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ മുന്നണിയിൽ നിൽക്കുമ്പോഴാണ് ജവഹർലാൽ നെഹ്രുവും സജീവ രാഷ്ട്രീയത്തിലെത്തുന്നത്. ബ്രിട്ടനിലെ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ രാഷ്ട്രീയത്തിൽ നെഹ്രുവിന് താല്പര്യം തോന്നിത്തുടങ്ങിയിരുന്നു. ബ്രിട്ടനിൽ നിന്നും വിദ്യാഭ്യാസം പൂർത്തിയാക്കി വന്നയുടൻ തന്നെ പാട്നയിൽ വെച്ചു നടന്ന കോൺഗ്രസ്സിന്റെ ഒരു സമ്മേളനത്തിൽ നെഹ്രു പങ്കെടുത്തിരുന്നുവെങ്കിലും, ഇംഗ്ലീഷ് സംസാരിക്കുന്ന ഒരു കൂട്ടം സമ്പന്നർ എന്നുമാത്രമേ അദ്ദേഹത്തിന് ആ സമ്മേളനത്തെക്കുറിച്ച് വിലയിരുത്താൻ കഴിഞ്ഞിരുന്നുള്ളു. അക്കാലഘട്ടത്തിൽ കോൺഗ്രസ്സിന്റെ നേതൃത്വം മുഴുവൻ സമ്പന്നരെക്കൊണ്ടു നിറഞ്ഞിരിക്കുകയായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തെ സമ്മിശ്രവികാരങ്ങളോടെയാണ് നെഹ്രു നോക്കി കണ്ടതെന്ന് അദ്ദേഹത്തെക്കുറിച്ചുള്ള ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു[18]. ഫ്രാൻസിന്റെ സംസ്കാരത്തെ ഏറെ സ്നേഹിച്ചിരുന്ന നെഹ്രുവിന് ആ രാജ്യത്തിന്റെ പതനം വേദനയുണ്ടാക്കിയതായി ജീവചരിത്രകാരനായ മോറിസ് അഭിപ്രായപ്പെടുന്നു[19]. ലോകമഹായുദ്ധകാലത്ത് നെഹ്രു വിവിധ ജീവകാരുണ്യസംഘടനകൾക്കുവേണ്ടി സന്നദ്ധപ്രവർത്തനം ചെയ്തിരുന്നു. ബ്രിട്ടീഷ്





# അമ്മു സ്വാമിനാഥൻ

1894 ഏപ്രിൽ 22ന് പാലക്കാട് ജില്ലയിലെ ആനക്കരയിലെ വടക്കത്ത് കുടുംബത്തിലാണ് ജനിച്ചത്. അച്ഛന്റെ പേര് ഗോവിന്ദ മേനോൻ എന്നായിരുന്നു. കുറെ മക്കളിൽ ഇളയവളായിരുന്നു, അമ്മു. വീട്ടിൽ നിന്ന് അനൗപചാരിക വിദ്യാഭ്യാസം കിട്ടി. ചെറുപ്പത്തിലെ അച്ഛൻ മരിച്ചു. കുറെ കുട്ടികൾ ഉണ്ടായിരുന്നതിനാൽ അവരെ വളർത്താനും കല്ല്യാണം നടത്തി അയക്കാനും അമ്മ കുറെ കഷ്ടപ്പെട്ടു.

അമ്മുവിന്റെ 13-ആം വയസ്സിൽ അന്ന് നടപ്പായിരുന്ന സംബന്ധം നടത്തി. അവരേക്കാൾ 20 വയസ്സ് മൂപ്പുള്ള ഡോ. സ്വാമിനാഥനായിരുന്നു, ഭർത്താവ്. വിവാഹത്തെ തുടർന്ന് മദ്രാസിൽ എത്തി, പൊതുപ്രവർത്തനങ്ങൾ ആരംഭിച്ചു. ഇന്ത്യയിലെ ആദ്യകാല വനിതാസംഘടനയായ 'മദ്രാസ് വിമൻസ് അസോസിയേഷന്റെ' പ്രവർത്തകയായി. 1936ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രചാരണാർത്ഥം ഇന്ത്യയൊട്ടാകെ സഞ്ചരിച്ചു. 1942ൽ ക്വിറ്റ് ഇന്ത്യാ സമരവുമായി ബന്ധപ്പെട്ട് അറസ്റ്റിലായി. 1947ൽ രൂപീകൃതമായ കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലിയിൽ അംഗമായിരുന്നു. 1960 വരെ രാജ്യസഭാംഗവുമായിരുന്നു. 1978ൽ അന്തരിച്ചു. മൃണാളിനി സാരാഭായി, ക്യാപ്റ്റൻ ലക്ഷ്മി എന്നിവർ മക്കളാണ്.





# കനകലത ബറുവ

1924 ഡിസംബർ 22 ന് ബ്രിട്ടീഷ് ഇന്ത്യയിലെ ആസ്സാമിലുള്ള ദരാങ് ജില്ലയിലാണ് കനകലത ജനിച്ചത്. കൃഷ്ണകാന്തയും, കർണ്ണേശ്വരി ബറുവയുമായിരുന്നു മാതാപിതാക്കൾ. [2] തന്റെ താഴെയുള്ള സഹോദരങ്ങളെ നോക്കി വളർത്തേണ്ട ഉത്തരവാദിത്തം കനകലതയിലായി. മൂന്നാം ക്ലാസ്സിൽ വച്ച് കനകക്ക് പഠനം നിറുത്തേണ്ടി വന്നു. കനകലതക്ക് അഞ്ചുവയസ്സുള്ളപ്പോൾ കർണ്ണേശ്വരി അന്തരിച്ചു. [3] കനകലതക്ക് പതിമൂന്നു വയസ്സുള്ളപ്പോൾ പിതാവും അന്തരിച്ചു.

മഹാത്മാ ഗാന്ധി, കോൺഗ്രസ്സ്, സ്വാതന്ത്ര്യം എന്നീ വാക്കുകൾ കേട്ടാണ് കനകലത ബാല്യം ചിലവിട്ടത്. പ്രായത്തിൽ കവിഞ്ഞ അറിവുള്ള കുട്ടിയായിരുന്നു കനകലത. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്യണമെന്ന് ആത്മാർത്ഥമായി തീരുമാനമെടുത്ത കനകലത, രഹസ്യമായി മീറ്റിങ്ങുകളിൽ പങ്കെടുക്കാന തുടങ്ങി. ജ്യോതിപ്രസാദ് അഗർവാളിന്റെ ഗാനങ്ങളും, ബിഷ്ണുപ്രസാദിന്റെ പ്രസംഗങ്ങളും, കനകലതയും തീരുമാനത്തെ അരക്കിട്ടുറപ്പിച്ചു.[4] കനകലതയുടെ മുത്തച്ഛൻ ഈ തീരുമാനത്തിനെതിരായിരുന്നു, അദ്ദേഹം പൗത്രിയെ പിന്തിരിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും, മുത്തശ്ശിയുടെ അനുവാദത്തോടെ കനകലത വീണ്ടും സമ്മേളനങ്ങളിൽ പങ്കെടുത്തു.

ആസ്സാമിലെ കോൺഗ്രസ്സ് യുവജനവിഭാഗം രൂപീകരിച്ച മൃത്യു ബാഹിനി എന്ന സംഘടനയിലൂടെയാണ് കനകലത രാഷ്ട്രീയരംഗത്തേക്കു പ്രവേശിക്കുന്നത്.[5] ക്വിറ്റ് ഇന്ത്യാ സമരത്തെത്തുടർന്നുണ്ടായ വ്യാപക അറസ്റ്റിൽ പ്രതിഷേധിച്ച് ഇന്ത്യയൊട്ടുക്കും അക്രമങ്ങൾ അരങ്ങേറിയപ്പോഴും, ആസ്സാമിൽ സമാധാനപൂർണ്ണമായി തന്നെയാണ് ക്വിറ്റ് ഇന്ത്യാ സമരം നടന്നത്. 1942 സെപ്തംബർ 20 ന് അടുത്തുള്ള പോലീസ് സ്റ്റേഷനിൽ ദേശീയ പതാക ഉയർത്താൻ ബാഹിനി തീരുമാനിച്ചു.



1888 നവംബർ 11 ആം തിയതി ഇസ്ലാമിക പുണ്യ നഗരമായ മെക്കയിലാണ് ഇദ്ദേഹത്തിന്റെ ജനനം. മാതാവ് അറബ് വംശജയാണ്; ബംഗാളിയായ പിതാവ് ഇന്ത്യ വിട്ട് മെക്കയിൽ കുടിയേറിപ്പാർത്തു. അവിടെ വച്ച് വിവാഹിതനായ അദ്ദേഹം 1890 ൽ ഇന്ത്യയിൽ തിരിച്ചെത്തി. [4][5] പതിമൂന്നാം വയസ്സിൽ അബുൽ കലാം സുലേഖ ബീഗത്തെ വിവാഹം കഴിച്ചു.[5]

അക്രമത്തിനും അനീതിക്കുമെതിരെ തൂലിക പടവാളാക്കി പ്രവർത്തിച്ചു. ഖിലാഫത്ത് പ്രക്ഷോഭത്തിന്റെ മുൻനിര നേതാക്കളിലൊരാളായ വേളയിൽ ഗാന്ധിയുമായി അടുത്തിടപഴകി. 'അദ്ദേഹത്തിന്റെ ഓർമശക്തി അത്ഭുതകരമാണ്. വിവിധ വിഷയങ്ങളിൽ അദ്ദേഹത്തിനുള്ള അറിവ് വിശ്വ വിജ്ഞാന കോശത്തിനു സമാനമാണ്.... മധ്യ യുഗങ്ങളിലെ ചരിത്രത്തിലും, അറബ് ലോകം, പശ്ചിമേഷ്യ, മുസ്ലിം കാലഘട്ടത്തിലെ ഇന്ത്യ എന്നിവിടങ്ങളിലെ ചരിത്രത്തിൽ പ്രത്യേകിച്ചും മുങ്ങിക്കുളിച്ച വ്യക്തിയാണദ്ദേഹം. പ്ലേറ്റോയും അരിസ്റ്റോട്ടിലും അദ്ദേഹത്തിൻറെ വിരൽ തുമ്പുകളിലാണ്.' -1942 ഒക്ടോബർ 15 ന് അഹമദ് നഗർ ജയിലിൽനിന്നു മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു മകൾ ഇന്ദിരാ ഗാന്ധിക്കയച്ച കത്തിൽ ആസാദിനെക്കുറിച്ചെഴുതിയ ചില വരികളാണിത്. 1912 ൽ "അൽ ഹിലാൽ" എന്നാ ഉർദു വാരിക ആരംഭിച്ചു. ആ വാരിക ബ്രിട്ടീഷുകാരെയും മുസ്ലിം യാഥാസ്ഥിതികരെയും വിറളി പിടിപ്പിച്ചു. 1915 ൽ പത്രം കണ്ടുകെട്ടി. പക്ഷെ അദ്ദേഹം അടങ്ങിയിരുന്നില്ല. അഞ്ചു മാസത്തിനകം "അൽ ബലാഗ്" എന്ന പേരിൽ മറ്റൊരു പത്രം തുടങ്ങി.



# മൗലാനാ അബുൾ കലാം ആസാദ്

1916 ൽ സർക്കാർ നാടു കടത്തി. മൂന്നു വർഷക്കാലം റാഞ്ചിയിൽ കരുതൽ തടവുകാരനായി. അവിടെയും തന്റെ മഹത്തായ ദൌത്യ നിർവഹണം തുടർന്നു. മൌലാനാ അബുൽ ഹസൻ അലി നദവി പറഞ്ഞു: "അക്കാലത്ത് ആസാദിൻറെ തൂലികയിൽ നിന്നുതിർന്നു വീണത് അക്ഷരങ്ങളായിരുന്നില്ല. അഗ്നിസ്ഫുലിംഗങ്ങളായിരുന്നു ."

ഇന്ത്യാ വിഭജനം യാഥാർത്ഥ്യമായി മാറിയപ്പോൾ അദ്ദേഹം ഇങ്ങനെ പ്രതികരിച്ചു.

> “ പാകിസ്താൻ ഉണ്ടാവുകയില്ലെന്ന് ഞാനൊരിക്കലും പറഞ്ഞിരുന്നില്ലല്ലോ. പാകിസ്താൻ ഉണ്ടാവരുതെന്നായിരുന്നു ഞാൻ പറഞ്ഞത്. ഇപ്പോൾ പാകിസ്താൻ ഉണ്ടായിരിക്കുന്നു. പക്ഷേ, എന്റെ വാക്കുകൾ ഓർത്തുവെച്ചോളൂ. ഇന്ത്യ ഒരു രാജ്യമായിരുന്നു, ഇപ്പോഴും ഒരു രാജ്യമാണ്. പാകിസ്താൻ ഒരു പരീക്ഷണമാണ്. അതിനെ വിജയിപ്പിക്കുക. ”





# മൗലാനാ അബുൾ കലാം ആസാദ്

1888 നവംബർ 11 ആം തിയതി ഇസ്ലാമിക പുണ്യ നഗരമായ മെക്കയിലാണ് ഇദ്ദേഹത്തിന്റെ ജനനം. മാതാവ് അറബ് വംശജയാണ്, ബംഗാളിയായ പിതാവ് ഇന്ത്യ വിട്ട് മെക്കയിൽ കുടിയേറിപ്പാർത്തു. അവിടെ വച്ച് വിവാഹിതനായ അദ്ദേഹം 1890 ൽ ഇന്ത്യയിൽ തിരിച്ചെത്തി.[4][5] പതിമൂന്നാം വയസ്സിൽ അബുൽ കലാം സുലേഖ ബീഗത്തെ വിവാഹം കഴിച്ചു.[5]

അക്രമത്തിനും അനീതിക്കുമെതിരെ തൂലിക പടവാളാക്കി പ്രവർത്തിച്ചു. ഖിലാഫത്ത് പ്രക്ഷോഭത്തിന്റെ മുൻനിര നേതാക്കളിലൊരാളായ വേളയിൽ ഗാന്ധിയുമായി അടുത്തിടപഴകി. 'അദ്ദേഹത്തിന്റെ ഓർമശക്തി അത്ഭുതകരമാണ്. വിവിധ വിഷയങ്ങളിൽ അദ്ദേഹത്തിനുള്ള അറിവ് വിശ്വ വിജ്ഞാന കോശത്തിനു സമാനമാണ്.... മധ്യ യുഗങ്ങളിലെ ചരിത്രത്തിലും, അറബ് ലോകം, പശ്ചിമേഷ്യ, മുസ്ലിം കാലഘട്ടത്തിലെ ഇന്ത്യ എന്നിവിടങ്ങളിലെ ചരിത്രത്തിൽ പ്രത്യേകിച്ചും മുങ്ങിക്കുളിച്ച വ്യക്തിയാണദ്ദേഹം. പ്ലേറ്റോയും അരിസ്റ്റോട്ടിലും അദ്ദേഹത്തിൻറെ വിരൽ തുമ്പുകളിലാണ്.' -1942 ഒക്ടോബർ 15 ന് അഹ്മദ് നഗർ ജയിലിൽനിന്നു മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു മകൾ ഇന്ദിരാ ഗാന്ധിക്കയച്ച കത്തിൽ ആസാദിനെക്കുറിച്ചെഴുതിയ ചില വരികളാണിത്. 1912 ൽ "അൽ ഹിലാൽ" എന്നാ ഉർദു വാരിക ആരംഭിച്ചു. ആ വാരിക ബ്രിട്ടീഷുകാരെയും മുസ്‌ലിം യാഥാസ്ഥിതികരെയും വിറളി പിടിപ്പിച്ചു. 1915 ൽ പത്രം കണ്ടുകെട്ടി. പക്ഷെ അദ്ദേഹം അടങ്ങിയിരുന്നില്ല. അഞ്ചു മാസത്തിനകം "അൽ ബലാഗ്" എന്ന പേരിൽ മറ്റൊരു പത്രം തുടങ്ങി.

1916 ൽ സർക്കാർ നാടു കടത്തി. മൂന്നു വർഷക്കാലം റാഞ്ചിയിൽ കരുതൽ തടവുകാരനായി. അവിടെയും തന്റെ മഹത്തായ ദൌത്യ നിർവഹണം തുടർന്നു. മൌലാനാ അബുൽ ഹസൻ അലി നദവി പറഞ്ഞു: "അക്കാലത്ത് ആസാദിൻറെ തൂലികയിൽ നിന്നുതിർന്നു വീണത് അക്ഷരങ്ങളായിരുന്നില്ല. അഗ്നിസ്ഫുലിംഗങ്ങളായിരുന്നു ."

ഇന്ത്യാ വിഭജനം യാഥാർത്ഥ്യമായി മാറിയപ്പോൾ അദ്ദേഹം ഇങ്ങനെ പ്രതികരിച്ചു.

> “ പാകിസ്താൻ ഉണ്ടാവുകയില്ലെന്ന് ഞാനൊരിക്കലും പറഞ്ഞിരുന്നില്ലല്ലോ. പാകിസ്താൻ ഉണ്ടാവരുതെന്നായിരുന്നു ഞാൻ പറഞ്ഞത്. ഇപ്പോൾ പാകിസ്താൻ ഉണ്ടായിരിക്കുന്നു. പക്ഷേ, എന്റെ വാക്കുകൾ ഓർത്തുവെച്ചോളൂ. ഇന്ത്യ ഒരു രാജ്യമായിരുന്നു, ഇപ്പോഴും ഒരു രാജ്യമാണ്. പാകിസ്താൻ ഒരു പരീക്ഷണമാണ്. അതിനെ വിജയിപ്പിക്കുക. ”





# ലാലാ ലജ്പത് റായ്

1865 ജനുവരി 28 ന് ബ്രിട്ടീഷ് ഇന്ത്യയിലെ പഞ്ചാബിലുള്ള ദുധികെ എന്ന സ്ഥലത്താണ് ലാലാ ജനിച്ചത്.[6][7][8] രാധാ കിഷൻ ആസാദും, ഗുലാബ് ദേവിയുമായിരുന്നു മാതാപിതാക്കൾ.[9] ഹിന്ദു മതത്തിലെ പ്രമുഖരായവരുടെ പേരിനു കൂടെ ചേർക്കുന്ന പദമായിരുന്നു ലാലാ എന്നത്. ഇപ്പോഴത്തെ ഹരിയാന സംസ്ഥാനത്തിലുള്ള രെവാരി എന്ന സ്ഥലത്തുള്ള സ്കൂളിലായിരുന്നു ലാലാ ലജ്പത്റായിയുടെ പ്രാഥമിക വിദ്യാഭ്യാസം. ഈ പ്രദേശം മുമ്പ് പഞ്ചാബിലായിരുന്നു. ഈ സ്കൂളിലെ ഒരു ഉറുദു അധ്യാപകനായിരുന്നു അദ്ദേഹത്തിന്റെ പിതാവ് രാധാ കിഷൻ. ഹിന്ദു മതത്തിന്റെ മൂല്യങ്ങളിലും, വിശ്വാസങ്ങളിലും അതീവ ആകൃഷ്ടനായിരുന്നു റായ്. ആര്യസമാജത്തിന്റെ ഒരു പ്രവർത്തകനായിരുന്നു ലാലാ. സമാജത്തിന്റെ മുഖപത്രമായിരുന്ന ആര്യ ഗസറ്റിന്റെ പത്രാധിപരും കൂടിയായിരുന്നു. ലാഹോറിൽ നിയമപഠനത്തിനുശേഷമായിരുന്നു ലാലാ കോൺഗ്രസ്സിൽ പ്രവർത്തകനായി ചേരുന്നത്. നിയമപഠന സമയത്തു തന്നെ, ലാല ഹൻസ്രാജ്, പണ്ഡിറ്റ് ഗുരുദത്ത് വിദ്യാർത്ഥി തുടങ്ങിയ ഭാവി സ്വാതന്ത്ര്യ പ്രവർത്തകരുമായി റായ് അടുത്ത ബന്ധം പുലർത്തിയിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യത്തിനു വേണ്ടി നടന്ന പ്രക്ഷോഭങ്ങളിൽ പഞ്ചാബിൽ നിന്നുമുള്ള മുന്നേറ്റങ്ങളെ നയിച്ചിരുന്നത് ലാലാ ആയിരുന്നു. 1907 മെയിൽ ബ്രിട്ടീഷുകാർ അദ്ദേഹത്തെ വിചാരണ കൂടാതെ ബർമ്മയിലേക്കു നാടുകടത്തി. റായ്ക്കെതിരേ തെളിവുകളില്ലെന്നു പറഞ്ഞ് വൈസ്രോയി ആയിരുന്ന മിന്റോ പ്രഭു അദ്ദേഹത്തെ പഞ്ചാബിലേക്കു തിരിച്ചു വരാൻ അനുവദിച്ചു.

ബിപിൻ ചന്ദ്രപാൽ, ലാലാ ലജ്പത് റായ്, ബാല ഗംഗാധര തിലകൻ ഈ മൂന്നു പേരും കോൺഗ്രസ്സിലെ തീവ്ര ഇടതു പക്ഷമായി അറിയപ്പെട്ടു. ഗോപാലകൃഷ്ണ ഗോഖലെയുടെ നേതൃത്വത്തിനെതിരേ ശബ്ദമുയർത്തി കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾക്ക് പുതിയ പാത വെട്ടിത്തുറക്കുവാൻ ശ്രമിക്കുകയായിരുന്നു ഈ മൂന്നുപേരും. അരബിന്ദോ ഘോഷ്, സുരേന്ദ്രനാഥ ബാനർജി, ബിപിൻ ചന്ദ്രപാൽ എന്നിവരോടൊപ്പം റായ്, ബംഗാൾ വിഭജനത്തിനെതിരേ ശക്തമായി പ്രതിഷേധിച്ചു.





**രാം പ്രസാദ് ബിസ്മിൽ**

ഭാരതത്തിന്റെ സ്വാതന്ത്ര്യ സമരചരിത്രത്തിലെ അവിസ്മരണീയമായ കാക്കോരി തീവണ്ടി കവർച്ച (ഓഗസ്റ്റ് 9, 1925, ഉത്തർപ്രദേശ്)[1] പ്രധാനിയായ സ്വാതന്ത്ര്യ സമരസേനാനിയായിരുന്നു **രാം പ്രസാദ് ബിസ്മിൽ**. അദ്ദേഹം പ്രതിഭാധനനായിരുന്ന ഒരു കവിയും തികഞ്ഞ ദേശസ്നേഹിയുമായിരുന്നു. സ്വതന്ത്രയായ ഒരു ഭാരതം സ്വപ്നം കണ്ട ആദർശധീരന്മാരുടെ കൂടെ അദ്ദേഹം ചേരുകയും ആ സ്വപ്നം സാക്ഷാത്കരിക്കാനായി തന്നാലാവുന്നതെല്ലാം ചെയ്യുകയും ചെയ്തു. അഷ്ഫഖുള്ള ഖാൻ, ചന്ദ്രശേഖർ ആസാദ്, ഭഗവതി ചരൺ, രാജ്ഗുരു തുടങ്ങിയ പ്രമുഖരും മറ്റു കൂട്ടാളികളുമായി ചേർന്ന് ബിസ്മിൽ ബ്രിട്ടീഷ് ഭരണത്തിനെതിരേ പല പ്രതിഷേധ, പ്രതിരോധ പരിപാടികളും ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്തിരുന്നു. ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുക, വിപ്ലവകാരികൾക്ക് അഭയം നൽകുക, കൈബോംബുകൾ ഉണ്ടാക്കുക എന്നു തുടങ്ങി സ്വാതന്ത്ര്യം എന്ന പരമലക്ഷ്യത്തിനു വേണ്ടി പ്രവർത്തിച്ചിരുന്ന ബിസ്മിലും കൂട്ടരും ബ്രിട്ടീഷ് സർക്കാരിനെ നിരന്തരം അലട്ടിയിരുന്ന ഒരു തലവേദനതന്നെയായിരുന്നു. ഇവരുടെ പ്രവർത്തനങ്ങളിൽ വളരെ ശ്രദ്ധേയമായവ കാക്കോരി തീവണ്ടി കവർച്ചയും പഞ്ചാബ് നിയമസഭയുടെ നേർക്ക് നടത്തിയ ബോംബാക്രമണവുമാണ്.



# റാഷ് ബിഹാരി ഘോഷ്

1845 ഡിസംബർ 23-ന് ബംഗാൾ പ്രസിഡൻസിയിലെ ബർദവൻ ജില്ലയിലെ തൊർകോണ ഗ്രാമത്തിൽ ജനിച്ചു. ബർദ്വൻ രാജ് കൊളീജിയറ്റ് സ്കൂളിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. കൊൽക്കത്തയിലെ പ്രസിഡൻസി കോളേജിൽ നിന്ന് ബിരുദം കരസ്ഥമാക്കി. ഇംഗ്ലീഷ് എം.എ പരീക്ഷയ്ക്ക് ഫസ്റ്റ് ക്ലാസോടുകൂടിയാണ് ഘോഷ് പാസായത്. 1871-ൽ നിയമ ബിരുദപരീക്ഷ പാസാവുകയും 1884-ൽ ഡിഗ്രി ഓഫ് ഡോക്ടർ ഓഫ് ലോ കരസ്ഥമാക്കുകയും ചെയ്തു. [1]

റാഷ് ബിഹാരി ഘോഷ്, ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ പ്രവർത്തിക്കാനാരംഭിക്കുകയും കോൺഗ്രസിന്റെ മിതവാദികളിൽ മുഖ്യസ്ഥാനത്തെത്തുകയും ചെയ്തു. ഈ കാലയളവിൽ ഘോഷ്, റാഡിക്കലിസത്തെ ശക്തമായി എതിർത്തിരുന്നു. 1907-ലെ സൂറത്ത് സമ്മേളനത്തിലും 1908-ലെ മദ്രാസ് സമ്മേളനത്തിലും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. ദാദാഭായ് നവറോജിയ്ക്കു ശേഷമാണ് ഘോഷ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്. ഘോഷ് ആദ്യമായി പ്രസിഡന്റായ 1907-ലെ സൂറത്ത് സമ്മേളനത്തിലാണ് കോൺഗ്രസിൽ മിതവാദികളും തീവ്രവാദികളും രണ്ടായി പിരിഞ്ഞത്.

1891 മുതല്ഡ 1894 വരെയും 1906 മുതൽ 1909 വരെയും ബംഗാൾ ലെജിസ്ലേറ്റീവ് കൗൺസിലിലെയും കൗൺസിൽ ഓഫ് ഇന്ത്യയിലെയും അംഗമായിരുന്നു. ഓർഡർ ഓഫ് ഇന്ത്യൻ എംപയറിന്റെ പ്രവർത്തകനായി 1896-ൽ നിയമിക്കപ്പെട്ടു. 1909-ൽ ഓർഡർ ഓഫ് സ്റ്റാർ ഓഫ് ഇന്ത്യയുടെ പ്രവർത്തകനായി 1909-ലും നിയമിക്കപ്പെട്ടു. [2][3] 1915-ലെ ന്യൂ ഇയറിൽ റാഷ് ബിഹാരി ഘോഷ് ആദരിക്കപ്പെട്ടിരുന്നു. ആ വർഷം ജൂലൈ 14-നാണ് ഘോഷിന് സർ പദവി ലഭിച്ചത്. [4]





# ക്യാപ്റ്റൻ ലക്ഷ്മി

പ്രശസ്ത അഭിഭാഷകൻ ഡോ. സ്വാമിനാഥൻ, പൊതു പ്രവർത്തകയായ പാലക്കാട് ജില്ലയിലെ ആനക്കര പഞ്ചായത്തിലെ ആനക്കര വടക്കത്തു വീട്ടിൽ[4] എ.വി. അമ്മുക്കുട്ടി (അമ്മു സ്വാമിനാഥൻ) എന്നിവരുടെ മകളായി പഴയ മദ്രാസിൽ ജനിച്ചു. ചെറുപ്പത്തിൽ തന്നെ വിദേശോല്പന്നങ്ങളുടെ ബഹിഷ്കരണം, മദ്യവ്യാപാര കേന്ദ്രങ്ങളുടെ ഉപരോധം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സജീവമായ ക്യാപ്റ്റൻ ലക്ഷ്മി പാവപ്പെട്ടവരെ -പ്രത്യേകിച്ച് സ്ത്രീകളെ- സേവിക്കാനായി വൈദ്യശാസ്ത്രം പഠിക്കാൻ തീരുമാനിച്ചു. തുടർന്ന് 1938ൽ മദ്രാസ് മെഡിക്കൽ കോളേജിൽ നിന്ന് എം.ബി.ബി.എസ് ബിരുദവും പിന്നീട് ഗൈനക്കോളജിയിലും പ്രസവചികിത്സയിലും ഡിപ്ലോമയും നേടി. 1941ൽ സിംഗപ്പൂരിലേക്ക് പോയ ക്യാപ്റ്റൻ ലക്ഷ്മി അവിടെയുള്ള ദരിദ്രർക്കായി ഒരു ക്ലിനിക്ക് തുടങ്ങി. ദരിദ്രരായ ഇന്ത്യൻ തൊഴിലാളികൾ ധാരാളമുണ്ടായിരുന്നു അവിടെ. ഒപ്പം തന്നെ ഇന്ത്യൻ സ്വാതന്ത്ര്യത്തിനായി പൊരുതുന്ന ഇന്ത്യാ ഇൻഡിപെൻഡന്റ്സ് ലീഗിൽ പ്രവർത്തിക്കുകയും ചെയ്തു. 1942-ൽ ബ്രിട്ടീഷുകാർ സിംഗപ്പൂരിൽ ജപ്പാനു കീഴടങ്ങിയപ്പോൾ യുദ്ധത്തിൽ പരിക്കേറ്റവരെ ചികിത്സിക്കുന്നതിൽ അവർ പൂർണ്ണമായും മുഴുകി. അതോടൊപ്പം ഇന്ത്യൻ യുദ്ധത്തടവുകാരുമായി ബന്ധപ്പെടുകയും സ്വാതന്ത്ര്യത്തിനായി ബ്രിട്ടീഷുകാർക്കെതിരെ ജപ്പാന്റെ പിന്തുണ നേടുന്നതിനെക്കുറിച്ചുള്ള ചർച്ചകളിൽ ഭാഗഭാക്കാവുകയും ചെയ്തിരുന്നു.

# ഉദാദേവി



ഉദാ ദേവി: 1857 ൽ ഉയർന്നുവന്ന ദളിത് സ്വാതന്ത്ര സമരപോരാളിയാണ് ഉദാ ദേവി. 1857 നവംബറിൽ നടന്ന സിക്കന്തർ ബാഗ് യുദ്ധത്തിൽ ഉദാ ദേവി പങ്കെടുത്തു. ഈ യുദ്ധത്തിൽ വച്ച് ഉയരമുള്ള മരത്തിൽ മുകളിൽ ഒളിച്ചിരുന്ന് വെടിയുതിർത്ത ഉദാ ദേവി മുപ്പതോളം ബ്രിട്ടീഷ് പട്ടാളക്കാരെ കൊന്നുവെന്ന് ചരിത്രം. ഒടുവിൽ ബ്രിട്ടീഷ് പട്ടാളം അവരെ വെടിവെച്ച് കൊന്നു.



# ഗുലാബ് കൗർ

1890 ൽ പഞ്ചാബിലെ സാംഗ്രൂർ ജില്ലയിലെ ബക്ഷീവാല ഗ്രാമത്തിലാണ് ഗുലാബ് കൗർ ജനിച്ചത്.[1] മാൻ സിങിനെ വിവാഹം കഴിച്ചു. അന്തിമമായി അമേരിക്കയിലേക്ക് കുടിയേറാൻ ആഗ്രഹിച്ചിരുന്ന ദമ്പതികൾ ഫിലിപ്പീൻസിലെ മനിലയിലേയ്ക്ക് പോയി.[2][3] മനിലയിൽ വച്ച് അവർ ഇന്ത്യൻ ഉപഭൂഖണ്ഡത്തെ ബ്രട്ടീഷ് ഭരണത്തിൽനിന്നു മോചിപ്പിക്കുന്നതിനായി സിഖ്-പഞ്ചാബി കുടിയേറ്റക്കാർ സ്ഥാപിച്ച ഗദ്ദർ പാർട്ടിയിൽ അംഗത്വമെടുത്തു.[4]

രാജ്യദ്രോഹ പ്രവർത്തികൾക്ക് അവർ അക്കാലത്ത് ബ്രിട്ടീഷ് ഇന്ത്യയിലും ഇപ്പോൾ പാകിസ്താനിലും ഉൾപ്പെട്ട ലാഹോറിൽ രണ്ടു വർഷത്തെ തടവ് ശിക്ഷ അനുഭവിച്ചിരുന്നു.[5][6] എസ്. കേസാർ സിംഗ് പഞ്ചാബി ഭാഷയിൽ അവരെക്കുറിച്ചെഴുതിയ 'ഗഡാർ ദി ധീ ഗുലാബ് കൗർ' എന്ന പുസ്തകം 2014 ൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു.[7]



# വെളിയംകോട് ഉമർഖാസിം

കൊടുങ്ങല്ലൂരിൽ വന്ന മാലികുൽ ഹബീബ് വഴി എറമത്താൽ ഇല്ലത്തിലെ ഹസ്സൻ (ചാലിയത്തെ പ്രഥമ ഖാസിയായിരുന്ന ശൈഖ് ഹസൻ താബിഈ ) എന്ന വ്യക്തിയുടെ പരമ്പരയിൽ പെട്ട താനൂർ ഖാളിയാരകത്ത് ആലി മുസ്ലിയാരുടെയും വെളിയങ്കോട് കാക്കത്തറ വീട്ടിൽ ആമിനയുടെയും ആറ് സന്തതികളിൽ രണ്ടാമത്തെ പുത്രനായിരുന്നു **ഉമർ ഖാസി**.18,09,1765 ൽ (ഹിജ്റാബ്ദം 1179 റബീഉൽ അവ്വൽ 10) മലപ്പുറം ജില്ലയിലെ വെളിയങ്കോട് ജനനം. ഉമർ ഖാളിയുടെ പിതാവ് അലി മുസ്ലിയാർ ചാലിയത്തു നിന്ന് വെളിയങ്കോട്ടേക്ക് കുടിയേറിയവരാണ്. എളയടത്ത് മനയുമായി ബന്ധമുള്ള വെളിയങ്കോട്ടെ പ്രസിദ്ധമായ കാക്കത്തറ ബ്രാഹ്മണ ഇല്ലമാണ് ഉമർ ഖാസിയുടെ മാതാവിൻറെ കുടുംബം. ശൈഖ് ജിഫ്രിയുടെ ശിഷ്യനും, വെളിയങ്കോട് ഖാളിയുമായ പിതാവിൽ നിന്നായിരുന്നു പ്രാഥമിക പഠനം. ഖുർആൻ പാരായണശാസ്ത്രവും, കർമശാസ്ത്ര ആത്മീയ ഗ്രന്ഥങ്ങളും പിതാവിൽ നിന്ന് സ്വായത്തമാക്കി. പത്ത് വയസാകും മുമ്പ് മാതാവും പിന്നീട് പിതാവും മരണപ്പെട്ടു. ശേഷം അമ്മാവൻറെ സംരക്ഷണയിലായിരുന്നു ജീവിതം


മേഖലയിൽ ഉന്നതമായ മാറ്റങ്ങൾ തീർത്ത അദ്ദേഹം അധിനിവേശക്കാരായ ബ്രിട്ടീഷുകാർക്കെതിരെ വിപ്ലവം നയിച്ചു .യാത്രകളിലൂടെയും എഴുത്തുകളിലൂടെയും വൈദേശികാധിപത്യത്തിനെതിരെ ജനങ്ങളെ ബോധവല്ക്കരിക്കുകയും ചെയ്തു. ബ്രിട്ടീഷ് രാജിനെതിരെ വിപ്ലവത്തിന് ആഹ്വാനം ചെയ്തു പ്രസിദ്ധീകരിച്ച കൃതി ഗവർമെണ്ട് നിരോധിക്കുകയുണ്ടായി . ആത്മീയ ഗുരുവായിരുന്ന മമ്പുറം സയ്യിദ് അലവിയുമൊത്തായിരുന്നു ഉമർ ഖാസിയുടെ ബ്രിട്ടീഷ് വിരുദ്ധ പ്രക്ഷോഭങ്ങളിലധികവും. ആത്മീയ ബന്ധമുണ്ടായിരുന്ന ടിപ്പു സുൽത്താൻ ബ്രിട്ടീഷ് ആക്രമണത്തിൽ കൊല്ലപ്പെട്ടത് ഉമർ ഖാസിയുടെ ബ്രിട്ടീഷ് വിരുദ്ധതയ്ക്കു കാരണമായി പറയുന്നുണ്ട്. ഒരു സാമൂഹിക വിപ്ലവകാരി എന്ന രീതിയിൽ ഉമർ ഖാസി ശ്രദ്ധിക്കപ്പെടുന്നത് തൻറെ നികുതിനിഷേധ നിലപാടിലൂടെയായിരുന്നു. ഭാരതത്തിൽ ബ്രിട്ടീഷ് സർക്കാരിനെതിരെ നികുതി നിഷേധം ഒരു സമര മുറയായി ആദ്യം സ്വീകരിച്ചത് ഉമർ ഖാളിയാണ്.[8]

അധിനിവേശ സർക്കാരിന് നികുതി അടക്കാൻ വിസമ്മതിച്ചതിനെ തുടർന്ന് ചാവക്കാട് തിബു സായിപ് ഉമർ ഖാളിയെ ജയിലിലടച്ചു. എന്നാൽ താഴ് തുറക്കാത്ത രീതിയിൽ അത്ഭുതകരമായി അദ്ദേഹം ജയിലിൽ നിന്നും രക്ഷപ്പെട്ടു. കോടഞ്ചേരി പള്ളിയിലാണ് പിന്നീടദ്ദേഹത്തെ കണ്ടത്. വിസ്മയകരമായ ഈ രക്ഷപ്പെടൽ ആത്മീയ പുരോഹിതനായ ഉമർ ഖാളിയുടെ അത്ഭുതദൃഷ്ടാന്തമായി പ്രചരിപ്പിക്കപ്പെട്ടു. [9]



# ജിന്ദൻ കൗർ

ഭരണാധികാരിയായിരുന്നു **ജിന്ദൻ കൗർ** (ജീവിതകാലം: 1817 – 1863 ഓഗസ്റ്റ് 1). **ജിന്ദ് കൗർ** എന്ന പേരിലും അറിയപ്പെടുന്നു. ആദ്യത്തെ സിഖ് രാജാവായിരുന്ന രഞ്ജിത് സിങ്ങിന്റെ ഏറ്റവും ഇളയ ഭാര്യയായിരുന്നു ജിന്ദൻ. പ്രായപൂർത്തിയാവാത്ത രാജാവ് ദലീപ് സിങ്ങിനുവേണ്ടി റീജന്റ് ആയാണ് 1843 മുതൽ 1846 ഡിസംബർ മാസം വരെ ജിന്ദൻ ഭരണം നടത്തിയിരുന്നത്. 1846-ൽ നിലവിൽവന്ന ഭൈരോവൽ കരാർ പ്രകാരം ജിന്ദന്റെ റീജന്റ് സ്ഥാനം നിർത്തലാക്കുകയും ബ്രിട്ടീഷ് റെസിഡന്റിന് കീഴിലുള്ള ഭരണസമിതി അധികാരമേൽക്കുകയും ചെയ്തു. അധികാരത്തിൽ ഇടപെടാൻ ശ്രമിക്കുന്നുവെന്നാരോപിച്ച് 1847 ഓഗസ്റ്റിൽ ജിന്ദൻ ലാഹോറിൽ നിന്ന് നാടുകടത്തപ്പെട്ടു.[1]



## ചന്ദ്രപ്രഭ സൈകിയാനി



ആസാമിൽ നിന്നുള്ള ഒരു ഇന്ത്യൻ സാമൂഹികപരിഷ്കർത്താവും എഴുത്തുകാരിയും സ്വാതന്ത്ര്യ സമരസേനാനിയായിരുന്നു **ചന്ദ്രപ്രവ സൈകിയാനി** (**ചന്ദ്രപ്രഭ സൈകിയാനി**) (Chandraprava Saikiani)(aka Chandraprabha Saikiani))((1901–1972) ).[1][2][3] ആസാമിലെ സ്ത്രീകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഒരു സർക്കാറിതര സംഘടനയായ ഓൾ ആസാം പ്രാദേശിക് മഹിളാ സമിതിയുടെ സ്ഥാപകയാണ് ചന്ദ്രപ്രഭ സൈകിയാനി[4] ഇവർക്ക് 1972 ൽ ഭാരത സർക്കാറിൽ നിന്നും പത്മശ്രീ പുരസ്കാരം ലഭിച്ചു.[5] രണ്ടു ദശകങ്ങൾക്കുശേഷം 2002 ൽ ഇന്ത്യൻ സർക്കാർ സാമൂഹ്യനവോത്ഥാനവാദികൾ എന്ന സ്റ്റാമ്പ് പരമ്പര കീഴിൽ സൈകിയാനി അനുസ്മരണ സ്റ്റാമ്പും പുറത്തിറക്കി.[6]

## കൗമുദി ടീച്ചർ



1934-ൽ ഹരിജനോദ്ധാരണത്തിന്റെ ഭാഗമായി വടകര കോട്ടപ്പറമ്പിലെത്തിയ ഗാന്ധിജിക്ക് കൗമുദി തന്റെ സ്വർണമാലയും കമ്മലും ഊരി നൽകി. ഇനി ആഭരണങ്ങൾ ധരിക്കില്ലെന്ന് ഗാന്ധിജിയെ കണ്ട സമയത്ത് അവർ പ്രതിജ്ഞ ചെയ്തു. പിന്നീട് *ഹരിജൻ* മാസികയിൽ ഗാന്ധിജി *കൗമുദി കി ത്യാഗ്* എന്ന പേരിൽ ലേഖനം എഴുതി[1]. പിന്നീട് ലെറ്റർ ടുവുമണിൽ ഒരു പേജു നീണ്ട ലേഖനവും എഴുതി. കസ്തൂർബാ ഗാന്ധിയുടെ നേതൃത്വത്തിൽ കൊയിലാണ്ടിയിൽ നടത്തിയ മിശ്രഭോജനത്തിൽ സജീവമായി കൗമുദി ടീച്ചർ പങ്കെടുത്തിട്ടുണ്ട്. ഗാന്ധിജിയുടെ നിർദ്ദേശത്തെ തുടർന്നാണ് ഹിന്ദി പഠിക്കുവാനും പ്രചാരണം നടത്തുവാനും പ്രചോദനമായി. തുടർന്ന് ഹിന്ദി പ്രവീണും, വിദ്വാനും പാസായി[2].



## ബിക്കാജി കാമ

1861-ലാണ് മാഡം കാമയുടെ ജനനം[2]. ഭിക്കാജി സൊറാബ് പട്ടേലും, ജെയ്ജിഭായ് പട്ടേലുമായിരുന്നു മാതാപിതാക്കൾ. അച്ഛൻ മുംബൈയിലെ പ്രശസ്തനും സമ്പന്നനുമായ വ്യാപാരിയായിരുന്നു. കുട്ടിക്കാലത്ത് മസ്തം ഭിക്കാജി എന്നായിരുന്നു പേര്. എല്ലാവരും സ്നേഹത്തോടെ മുന്നി എന്ന് വിളിച്ചു. അലക്സാണ്ട്ര നേറ്റീവ് ഇംഗ്ലീഷ് സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം.[3]

സ്കൂളിൽ പഠിക്കുമ്പോൾ തന്നെ നാട്ടിൽ നടക്കുന്ന സ്വാതന്ത്ര്യസമരം മുന്നിയെ ഏറെ ആകർഷിച്ചിരുന്നു. സമരം നയിക്കുന്നവരെയും രാജ്യത്തിന് വേണ്ടി ജീവൻ ബലികഴിച്ചവരെയും ബഹുമാനത്തോടെയും ആരാധനയോടെയും ആണ് മുന്നി കണ്ടിരുന്നത്.

1896 ഒക്ടോബറിൽ ബോംബെ പ്രവിശ്യയിൽ കടുത്ത ക്ഷാമവും, അതിനെതുടർന്ന് പ്ലേഗ് ബാധയുമുണ്ടായപ്പോൾ, അവശതയനുഭവിക്കുന്നവരെ സഹായിക്കാൻ ഗ്രാൻഡ് മെഡിക്കൽ കോളേജ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സംഘടനയിൽ ഭിക്കാജിയും ഭാഗഭാക്കായി. സാമൂഹ്യ പ്രവർത്തനങ്ങൾക്കിടയിൽ ഭിക്കാജിക്കും പ്ലേഗ ബാധയുണ്ടാവുകയും അത്ഭുതകരമായി രോഗത്തെ അതിജീവിക്കുകയും ചെയ്തു. രോഗം കൊണ്ട് അവശയായി തീർന്ന ഭിക്കാജിയുടെ ആരോഗ്യം വീണ്ടെടുക്കുന്നതിനായി അവരെ ഇംഗ്ലണ്ടിലേക്ക് അയയ്ക്കുകയുണ്ടായി.

# ഭിമബായ് ഹോൽക്കർ



ഭീമബായ് ഹോൽക്കർ: ഇൻഡോർ രാജാവായിരുന്ന യശ്വന്ത് റാവു ഹോൽക്കറിന്റെ മകളാണ് ഭീമബായ് ഹോൽക്കർ. 1817 ൽ ഗറില്ലായുദ്ധത്തിലൂടെ ഭീമബായ് ഹോൽക്കർ ബ്രിട്ടീഷ് കേണൽ മാൽക്കമിനെതിരെ പോരാടി, അയാളെ പരാജയപ്പെടുത്തി. മഹിദ്പൂർ യുദ്ധത്തിൽ ബ്രിട്ടീഷ് സേനയ്ക്കെതിരെ 2,500 ഓളം വരുന്ന കുതിരപ്പട്ടാളത്തെ അവർ സധൈര്യം നയിച്ചു.





# ചിത്തരഞ്ജൻ ദാസ്

ബംഗാളിൽ പ്രശസ്തമായിരുന്ന ദാസ് കുടുംബത്തിലെ അംഗമായിട്ടായിരുന്നു ചിത്തരഞ്ജൻ ജനിച്ചത്. പത്മ, മേഘന എന്നീ നദിക്കരയിലുള്ള ബിക്രംപൂർ എന്ന ഗ്രാമത്തിലായിരുന്നു ചിത്തരഞ്ജന്റെ കുടുംബം താമസിച്ചിരുന്നത്.[5] ഭുപേൻ മോഹൻ ദാസ് ആയിരുന്നു പിതാവ്, ബ്രഹ്മ സമാജ പ്രവർത്തകനായിരുന്ന ദുർഗ്ഗാ മോഹൻ ദാസ് ചിത്തരഞ്ജന്റെ മുത്തച്ഛനായിരുന്നു. കൽക്കട്ടാ ഹൈക്കോടതിയിലെ അറ്റോണി ആയിരുന്നു പിതാവ് ഭുപേൻ.

ലണ്ടൻ മിഷണറി സ്കൂളിലായിരുന്നു ചിത്തരഞ്ജന്റെ പ്രാഥമിക വിദ്യാഭ്യാസം. 1890 ൽ കൽക്കട്ടയിലെ പ്രശസ്തമായ പ്രസിഡൻസി കോളേജിൽ നിന്നും ചിത്തരഞ്ജൻ ബിരുദം പൂർത്തിയാക്കി.[6] ഇന്ത്യൻ സിവിൽ സർവ്വീസിലേക്ക് യോഗ്യത നേടുന്നതിനായി അദ്ദേഹം ഇംഗ്ലണ്ടിലേക്ക് പോയി.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലൂടെയാണ് ചിത്തരഞ്ജൻ രാഷ്ട്രീയത്തിലേക്കു പ്രവേശിക്കുന്നത്. ആനി ബസന്റിനെ അന്യായമായി തടങ്കലിൽ വെച്ചതിനെതിരേ പ്രതിഷേധിക്കാൻ 1917 ജൂലൈ 25 ൽ കൂടിയ യോഗത്തിൽ പ്രസംഗിച്ചുകൊണ്ടായിരുന്നു ചിത്തരഞ്ജൻ പൊതുരംഗത്തേക്കുള്ള ചുവടുവെപ്പു നടത്തുന്നത്.[9] ഗാന്ധിജിയുടെ ആശയങ്ങളെ അതേ പോലെ പിന്തുടർന്നിരുന്ന ഒരാളായിരുന്നു ചിത്തരഞ്ജൻ. നേതൃത്വവുമായുണ്ടായ അഭിപ്രായ വ്യത്യാസത്തെത്തുടർന്ന് കോൺഗ്രസ്സ് പ്രസിഡന്റ് സ്ഥാനം രാജിവെച്ചു. തന്റെ ആശയങ്ങളെ ജനങ്ങളിലേക്കെത്തിക്കുവാൻ സ്വരാജ് എന്നൊരു രാഷ്ട്രീയ പ്രസ്ഥാനത്തിനു രൂപം നൽകി. സ്വരാജ് രൂപീകരണസമയത്ത് മോത്തിലാൽ നെഹ്രുവും ചിത്തരഞ്ജന്റെ കൂടെയുണ്ടായിരുന്നു.

അഹിംസാ സിദ്ധാന്തത്തെ പിന്തുടർന്ന് ബ്രിട്ടീഷ് ഭരണത്തിനെതിരേ പോരാടി ജയിക്കാം എന്നു ചിന്തിച്ചിരുന്ന ഒരാളായിരുന്നു ചിത്തരഞ്ജൻ. ഹിന്ദു മുസ്ലിം ഐക്യത്തോടെ ജീവിക്കുന്ന ഒരു ഭാരതത്തെ ലക്ഷ്യമാക്കിയായിരുന്നു ചിത്തരഞ്ജന്റെ പ്രവർത്തനങ്ങൾ. രാജ്യത്തിന്റെ സുഹൃത്ത് എന്നർത്ഥം വരുന്ന ദേശബന്ധു എന്ന പേരിലാണ് ചിത്തരഞ്ജൻ പൊതുവേ അറിയപ്പെട്ടിരുന്നത്.

1909 ഫെബ്രുവരി 14-ന് കോട്ടയം കാഞ്ഞിരപ്പള്ളിയിൽ കരിപ്പാപ്പറമ്പിൽ തൊമ്മൻ ചെറിയാന്റെയും അന്നമ്മയുടേയും രണ്ടാമത്തെ മകളായി ജനിച്ചു. കാഞ്ഞിരപ്പള്ളി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ, ചങ്ങനാശ്ശേരി സെന്റ് ജോസഫ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം നേടി. തുടർന്ന് എറണാകുളം സെന്റ്. തെരേസാസ് കോളേജിൽ നിന്ന് ചരിത്രത്തിൽ ബിരുദം എടുത്തു. കാഞ്ഞിരപ്പള്ളി സെയിന്റ് മേരീസ് സ്കൂളിൽ പ്രധാനാധ്യാപികയായി ജോലി നോക്കിയിരുന്നതിലും 1938ൽ അത് രാജിവച്ചു. 1952ൽ എം.എൽ.എ ആയിരുന്ന വി.വി. വർക്കിയെ വിവാഹം ചെയ്യുകയും **അക്കാമ്മ വർക്കി** എന്ന പേർ സ്വീകരിയ്ക്കുകയും ചെയ്തു[3]. ആദ്യ കേരള നിയമസഭയിലെ അംഗമായ റോസമ്മ പുന്നൂസ് സഹോദരിയാണ്.[4]

1982-ൽ അന്തരിച്ച അക്കാമ്മയെ തിരുവനന്തപുരം മുട്ടട ഹോളിക്രോസ് പള്ളിയിൽ അടക്കം ചെയ്തിരിക്കുന്നു.[4]



# അക്കമ്മചെറിയാൻ

വിദ്യാഭ്യാസത്തിനു ശേഷം കാഞ്ഞിരപ്പിള്ളി സെന്റ് മേരീസ് ഇംഗ്ലീഷ് മിഡിൽ സ്കൂളിൽ അവർ ജോലി ചെയ്തു. പിന്നീട് അവിടത്തെ പ്രധാനാധ്യാപകയായിത്തീർന്നു. ആറുവർഷം അവിടെ ജോലി ചെയ്യുന്നതിനിടയിൽ തിരുവനന്തപുരം ട്രെയിനിങ്ങ് കോളേജിൽ നിന്ന് എൽ.ടി. ബിരുദവും നേടി. അക്കാമ്മ പ്രധാനാധ്യാപികയായിരുന്ന കാലത്താണ് തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സ് രൂപവൽക്കരിക്കപ്പെടുന്നതും ഉത്തരവാദിത്ത ഭരണം ആവശ്യപ്പെട്ട് പ്രക്ഷോഭം ആരംഭിക്കുന്നതും. അക്കാമ്മ തുടക്കം മുതൽക്കേ സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രവർത്തനങ്ങളെ ഇഷ്ടപ്പെട്ടിരുന്നു. എന്നാൽ ഇവരുടെ പ്രവർത്തനങ്ങളെ അടിച്ചമർത്താനായിരുന്നു അന്നത്തെ ദിവാൻ സി.പി. രാമസ്വാമി അയ്യർ ശ്രമിച്ചിരുന്നത്. 1938 ഓഗസ്റ്റ് 26-ന് സ്റ്റേറ്റ് കോൺഗ്രസ്സ് പ്രത്യക്ഷസമരം ആരംഭിച്ചു. രാമസ്വാമി അയ്യർ സ്റ്റേറ്റ് കോൺഗ്രസ്സിനേയും യുവജന സംഘടനയായ യൂത്ത് ലീഗിനേയും നിയമവിരുദ്ധമായി പ്രഖ്യാപിച്ചു.





# അരുണ ആസിഫ് അലി

അവിഭക്ത പഞ്ചാബിലെ കാൽക്ക (ഇപ്പോൾ ഹരിയാനയിൽ) ഒരു ബംഗാളി കുടുംബത്തിലാണ് അവർ ജനിച്ചത്, അരുണ ഗാംഗുലി എന്നതായിരുന്നു ആദ്യനാമധേയം ലാഹോർ, നൈനിത്താൾ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ അവർ കൊൽക്കത്തയിലെ ഗോപലകൃഷ്ണ ഗോകലെ സ്കൂളിൽ അധ്യാപികയായി ജോലിനോക്കി. കോൺഗ്രസ് പാർട്ടി നേതാവായിരുന്ന ആസഫ് അലിയെ അലഹബാദിൽ വച്ചാണ് അവർ കണ്ടുമുട്ടിയത്. 1928-ൽ മതം, പ്രായം എന്നീ വ്യത്യാസങ്ങൾ അവഗണിച്ച് 20 വയസ് പ്രായവ്യത്യാസമുള്ള ആസഫ് അലിയെ അവർ വിവാഹം കഴിച്ചു.

വിവാഹാനന്തരം കോൺഗ്രസ് പാർട്ടിയുടെ സജീവപ്രവർത്തകയായ അവർ ഉപ്പുസത്യാഗ്രഹസമയത്ത് പൊതുയോഗങ്ങളിൽ പങ്കെടുക്കുകയും അറസ്റ്റ് വരിക്കുകയും ചെയ്തു. 1942 ഓഗസ്റ്റ് 8-ന് എ.ഐ.സി.സി ബോംബെ സമ്മേളനത്തിൽ ക്വിറ്റ് ഇന്ത്യ പ്രമേയം പാസാക്കി. ബ്രിട്ടീഷ് ഗവണ്മെന്റ് കോൺഗ്രസ് വർക്കിംഗ് കമ്മറ്റിയിലെ എല്ലാ അംഗങ്ങളെയും അറസ്റ്റ് ചെയ്തു. ഓഗസ്റ്റ് 9ന് അരുണ ആസഫ് അലി സമ്മേളനത്തിന്റെ അധ്യക്ഷത വഹിക്കുകയും ഗോവാലിയ ടാങ്ക് മൈതാനത്തിൽ കോൺഗ്രസ് പതാക ഉയർത്തുകയും ചെയ്തു. ബ്രിട്ടീഷ് ഗവണ്മെന്റ് അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചതിനാൽ അവർ ഒളിവിൽ പോയി. റാം മനോഹർ ലോഹ്യയുമൊന്നിച്ച് അവർ ഇങ്കിലാബ് എന്ന കോൺഗ്രസിന്റെ മാസിക പുറത്തിറക്കി.സ്വാതന്ത്ര്യ സമര നായിക എന്നാണ് വിശേഷിക്കപ്പെടുന്നത്.



# തിയ്യബ് ജി

തയബ്ജി 1844 ഒക്ടോബർ 10 ന് മുംബൈയിൽ ജനിച്ചു. സുലൈമാനി ബോഹ്റ സമുദായത്തിലെ അംഗമായ മുല്ല തയബ് അലി ഭായി മിയാന്റെ മകനും, ഒരു പഴയ കാംബെ കുടിയേറ്റ അറബ് കുടുംബത്തിന്റെ പിന്തുടർച്ചക്കാരനും ആയിരുന്നു.[2] പഠനത്തിനായി തന്റെ ഏഴ് ആൺമക്കളെയും യൂറോപ്പിലേക്ക് അയച്ച് അദ്ദേഹം കൂടുതൽ പഠിപ്പിച്ചു. 1867- ൽ ഇന്ത്യയിൽ മടങ്ങിയെത്തിയ ബദ്റുദ്ദീൻ തയബ്ജി 1867 ഏപ്രിലിൽ മുംബൈയിലെ ആദ്യത്തെ ഇന്ത്യൻ അഭിഭാഷകനായി മാറി. മറ്റൊരു സഹോദരനെ സൗദി അറേബ്യയിലെ നജ്ദ് പ്രവിശ്യയിൽ മതപഠനത്തിനായി അയച്ചു. ബദ്റുദ്ദീൻ തയബ്ജി കൂടാതെ, അദ്ദേഹത്തിന്റെ മറ്റു സഹോദരന്മാരും നിയമനിർമ്മാണത്തിൽ പ്രമുഖരായിരുന്നു.

ദാദാ മഖ്റയുടെ മദ്രസയിൽ ഉർദു , പേർഷ്യൻ ഭാഷകൾ പഠിച്ചശേഷം അദ്ദേഹം ബോംബെയിലെ എൽഫിൻസ്റ്റൺ ഇൻസ്റ്റിറ്റ്യൂഷനിൽ (ഇപ്പോൾ എൽഫിൻസ്റ്റൺ കോളേജ്) ചേർന്നു. അതിനു ശേഷം അദ്ദേഹം കണ്ണു ചികിത്സയ്ക്കായി ഫ്രാൻസിലേക്ക് അയയ്ക്കപ്പെട്ടു. പതിനാറാമത്തെ വയസ്സിൽ ലണ്ടനിലെ ന്യൂബറി ഹൈ പാർക്ക് കോളേജിൽ ചേർന്നു.[3] അദ്ദേഹം ലണ്ടൻ മെട്രിക്കുലേഷൻ പാസ്സായതിനുശേഷം മിഡിൽ ടെമ്പിളിൽ ചേർന്നു. 1895 -ൽ ബോംബെ ഹൈക്കോടതിയുടെ വിധി അംഗീകരിക്കുകയും ചെയ്തു. 1902- ൽ അദ്ദേഹം ബോംബെ ഹൈക്കോടതി ചീഫ് ജസ്റ്റിസായി ചുമതലയേറ്റ ആദ്യത്തെ ഇന്ത്യക്കാരനായി.

സ്ത്രീവിമോചനത്തിൽ സജീവമായിരുന്ന തയബ്ജി , സെനാന വ്യവസ്ഥയെ ദുർബലപ്പെടുത്തി. ഇന്ത്യയുടെ വിമോചന പ്രസ്ഥാനത്തിന്റെ സമയത്ത് മിതവാദികളായ മുസ്ലിംകളിൽ ഒരാളായിരുന്നു അദ്ദേഹം. [2] എന്നാൽ, അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതം, മറ്റു മതനേതാക്കളെ പോലെ, യാഥാസ്ഥിതിക മുസ്ലീമും ഇന്ത്യൻ നാഷണൽ കോൺഗ്രസും തമ്മിലുള്ള സംഘർഷവുമായി ബന്ധപ്പെട്ട് ഒരു പൊതു പക്ഷപാതപരമായ സ്വാധീനം അദ്ദേഹത്തിനുണ്ടായി. ഈ പക്ഷപാതം ഇന്ത്യൻ രാഷ്ട്രീയത്തെ ഏകീകരിക്കാനുള്ള അദ്ദേഹവും മറ്റ് രാഷ്ട്രീയക്കാരും ശ്രമിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ (1887-88) പ്രസിഡന്റായിരുന്ന കാലത്ത് അദ്ദേഹം മുസ്ലീം സമുദായത്തെ ഒന്നിപ്പിക്കുകയും ആഭ്യന്തര സ്വാധീനം നേടിയെടുക്കുകയും ചെയ്തു. [4] ഇദ്ദേഹം, ഫിറോസ്ഷാ മേത്ത , കാശിനാഥ് ത്രിമ്പാക് ടിലാങ്, ദിൻഷാ എഡുൾജി വച്ച എന്നിവരും ചേർന്ന്1885-ൽ ബോംബെ പ്രസിഡൻസി അസോസിയേഷൻ രൂപവത്കരിച്ചു.



# എ.വി.കുട്ടിമാളു അമ്മ

1905 ഏപ്രിൽ 23 ന് പാലക്കാട് ജില്ലയിലെ അണക്കര ഗ്രാമത്തിൽ [2] ജനിച്ച അവർ തൃത്താല അണക്കര വടക്കത്ത് കുടുംബത്തിലെ പെരുമ്പിലാവിൽ ഗോവിന്ദമേനോൻ മാധവിയമ്മ ദമ്പതികളായിരുന്നു.

1931 ഏപ്രിൽ 25-ന് മാർഗരറ്റ് പാവമണിയോടൊപ്പം തൃശൂർ നഗരത്തിൽ ഇടത്തരം കുടുംബങ്ങളിൽ നിന്നുള്ള ഒരു കൂട്ടം സ്ത്രീകളുമായി അവർ പിക്കറ്റിംഗ് സംഘടിപ്പിച്ചു. [3] നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഫലമായി 1932-ൽ 2 മാസം പ്രായമുള്ള കുഞ്ഞിനോടൊപ്പം അവർ തടവിലാക്കപ്പെട്ടു. ഇവിടെ നിന്ന് മോചിതയായ ശേഷം 1936-ൽ മദ്രാസ് അസംബ്ലിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടു. ക്വിറ്റ് ഇന്ത്യാ സമരകാലത്ത് (1942) അവർ വീണ്ടും രണ്ട് വർഷം തടവിലായി. അമരാവതി പ്രസിഡൻസി ജയിലിൽ. മലബാറിന്റെ റീജൻസിയിൽ കോൺഗ്രസ് നടപടികൾ സംഘടിപ്പിക്കുന്നതിലും ഇന്ത്യൻ നാഷണൽ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയിലും അവർ പ്രവർത്തിച്ചിട്ടുണ്ട്.




# ബീഗം ഹസ്റത്ത് മഹൽ

ബ്രിട്ടീഷ് ഇന്ത്യയിലെ ഫൈസാബാദിലുള്ള അവധ് എന്ന നാട്ടുരാജ്യത്തിലാണ് ഹസ്രത്ത് മഹൽ ജനിച്ചത്. മുഹമ്മദി ഖാനും എന്നായിരുന്നു ഹസ്രത്തിന്റെ ബാല്യകാലത്തിലെ പേര്.[3] ലക്നൗ ഭരണാധികാരിയായിരുന്ന നവാബ് വാജിദ് അലി ഷാ, മുഹമ്മദി ഖാനുമിനെ തന്റെ രാജ്ഞിയാക്കി. ബിർജിസ് ഖാദറിന്റെ ജനനത്തോടെ, അവർ ബീഗം ഹസ്രത്ത് മഹൽ എന്ന നാമധേയം സ്വീകരിച്ചു.[4]

1856 ൽ ബ്രിട്ടീഷുകാർ അവധ് കീഴടക്കിയപ്പോൾ, വാജിദ് അലി ഷാ, നാടുകടത്തപ്പെട്ടു. ഭർത്താവിന്റെ അഭാവത്തിൽ ഹസ്രത്ത് മഹൽ, അവധിന്റെ അധികാരം ഏറ്റെടുത്തു. 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരകാലത്ത്, രാജാ ജൈലാൽ സിങ്ങിനോടൊപ്പം ചേർന്ന് ലക്നൗ ബ്രിട്ടീഷുകാരിൽ നിന്നും പിടിച്ചെടുത്തു. ലക്നൗ കീഴ്പെടുത്തിയശേഷം, ബീഗം അവധിന്റെ പിന്തുടർച്ചവാകാശിയായി തന്റെ മകനായ ബിർജിസിനെ അവരോധിച്ചു. 1858 ൽ നീണ്ട യുദ്ധത്തിനു ശേഷം, ബ്രിട്ടീഷുകാർ ലക്നൗ തിരിച്ചു പിടിക്കുകയും, ബീഗത്തോട് കീഴടങ്ങാൻ സമ്മർദ്ദം ചെലുത്തുകയും ചെയ്തു.[5]

ബ്രിട്ടീഷുകാരിൽ നിന്നുമുള്ള കടുത്ത സമ്മർദ്ദം സഹിക്കാനാവാതെ ബീഗം, നേപ്പാളിൽ രാഷ്ട്രീയ അഭയം തേടി. നേപ്പാളിന്റെ പ്രധാനമന്ത്രി, ആദ്യം ബീഗത്തിനു അഭയം നിഷേധിച്ചുവെങ്കിലും, പിന്നീട് അവരോട് നേപ്പാളിൽ അഭയം നൽകി. 1879 ഏപ്രിൽ ഏഴാം തീയതി, ബീഗം നേപ്പാളിൽ വച്ച് അന്തരിച്ചു.[6]




**വക്കം മൗലവി**

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിലെ വക്കം എന്ന സ്ഥലത്ത് 1873-ൽ ജനിച്ചു[7]. മൗലവിയുടെ പിതാവിൻറെ മാതൃകുടുംബം മധുരയിൽനിന്നും തെക്കൻ തിരുവിതാംകൂറിലെ കുളച്ചൽ, കളീക്കരയിൽ 
താമസിച്ചിരുന്നവരാണ്. ഇദ്ദേഹത്തിന്റെ പിതാവിന്റെ മാതൃകുടുംബം മധുര സുൽത്താനേറ്റിലെ ഒരു ഖാസിയുടെ തലമുറയാണ്. മൗലവിയുടെ മാതാവ് ഹൈദരബാദിൽനിന്നും തിരുവിതാംകൂറിൽ വ
താമസമാക്കിയ ഒരു കുടുംബത്തിൽ പെട്ടവരാ
ആ കുടുംബത്തിലെ പല അംഗങ്ങളും തിരുവിതാംകൂർ ഗവൺമെന്റിന്റെ പട്ടാളവകുപ്പ
ഉദ്യോഗം വഹിച്ചിരുന്നു.

അബ്ദുൽഖാദർ മൗലവി അറബി, ഹിന്ദുസ്ഥാ
തമിഴ്, പേർഷ്യൻ, സംസ്കൃതം, ഇംഗ്ലീഷ് എന്നി ഭാഷകളിൽ പ്രാവീണ്യം നേടി. മുസ്ലിംകളുടെ സാമൂഹികോന്നതിക്കും സാംസ്കാരിക വളർച്ചയ്ക്കും വേണ്ടി ഇദ്ദേഹം പ്രവർത്തിച്ചിരുന്നു[6]. മലയാള പത്രപ്രവർത്തനമേഖലയിൽ അദ്ദേഹത്തിന്റെ സ്വദേശാഭിമാനി പത്രം ശ്രദ്ധേയമായിരുന്നു[5].

1905 ജനുവരി 19ന് സ്വദേശാഭിമാനിപത്രം പുറത്തിറക്കി. ബ്രിട്ടീഷ് കോളനിയായിരുന്ന അഞ്ചുതെങ്ങിൽ നിന്നുമാണ് സ്വദേശാഭിമാനി പത്രവും പ്രസ്സും പ്രവർത്തനം ആരംഭിച്ചത്. ചിറയിൻകീഴ് സ്വദേശി സി.പി. ഗോവിന്ദപ്പിള്ളയായിരുന്നു ആദ്യത്തെ പത്രാധിപർ. 1906-ൽ സ്വദേശാഭിമാനിയുടെ പ്രവർത്തനം വക്കത്തേക്കു മാറ്റപ്പെട്ടു. കെ. രാമകൃഷ്ണപിള്ളയെ ആണ് മൗലവി അപ്പോൾ സ്വദേശാഭിമാനിയുടെ പത്രാധിപരായി തിരഞ്ഞെടുത്തത്[5]. 1907-ൽ രാമകൃഷ്ണപിള്ളയുടെ വിദ്യാഭ്യാസസൌകര്യത്തിനുവേണ്ടി അദ്ദേഹത്തിന്റെ അഭീഷ്ടപ്രകാരം സ്വദേശാഭിമാനി തിരുവനന്തപുരത്തേക്കു മാറ്റപ്പെട്ടു. 1910 സെപ്റ്റംബർ 26-ന് രാമകൃഷ്ണപിള്ളയെ സർക്കാർ ഒരു വിളംബരംമൂലം നാടുകടത്തുകയും പ്രസ് കണ്ടുകെട്ടുകയും ചെയ്തു[5]. സർക്കാർ കണ്ടുകെട്ടിയ സ്വദേശാഭിമാനി പ്രസ് 1958-ലാണ് മൗലവിയുടെ അവകാശികൾക്ക് തിരിച്ചുകൊടുത്തത്.



# ദാദാ ബായ് നവറോജി

എ.ഓ. ഹ്യൂമിന്റെ കൂടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപിക്കുവാൻ മുൻകൈയെടുത്ത ഭാരതീയ സ്വാതന്ത്ര്യസമരസേനാനിയാണ് **ദാദാഭായ് നവറോജി** (സെപ്റ്റംബർ 4 1825 - ജൂൺ 30 1917)[1] ഇദ്ദേഹം "ഇന്ത്യയുടെ വന്ദ്യവയോധികൻ" എന്നറിയപ്പെടുന്നു. വസ്ത്രവ്യാപാരി, വിദ്യാഭ്യാസ വിചക്ഷണൻ, ബുദ്ധിജീവി എന്നീ നിലകളിൽ പ്രവർത്തിച്ച ഇദ്ദേഹം പാർസി വംശജനായിരുന്നു.

ഇന്ത്യയിലെ സമ്പത്ത് ബ്രിട്ടൺ ചോർത്തിയെടുക്കുന്നതിനെക്കുറിച്ച് വിവരിച്ചുകൊണ്ട് *പോവെർട്ടി ആന്റ് അൺ-ബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ (Poverty and Un-British Rule in India)* എന്ന പുസ്തകമെഴുതുകയുണ്ടായി. 1892 മുതൽ 1895 വരെ ബ്രിട്ടീഷ് പാർലമെന്റിൽ എം. പി. ആയിരുന്നു. ബ്രിട്ടീഷ് പാർലമെന്റിലേക്ക് മത്സരിച്ച് ജയിച്ച ആദ്യത്തെ ഏഷ്യക്കാരനായിരുന്നു അദ്ദേഹം.[2]

ഇന്ത്യയിലെ സമ്പത്ത് ബ്രിട്ടൺ ചോർത്തിയെടുക്കുന്നതിനെക്കുറിച്ച് വിവരിച്ചുകൊണ്ട് *പോവെർട്ടി ആന്റ് അൺ-ബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ (Poverty and Un-British Rule in India)* എന്ന പുസ്തകമെഴുതുകയുണ്ടായി. 1892 മുതൽ 1895 വരെ ബ്രിട്ടീഷ് പാർലമെന്റിൽ എം. പി. ആയിരുന്നു. ബ്രിട്ടീഷ് പാർലമെന്റിലേക്ക് മത്സരിച്ച് ജയിച്ച ആദ്യത്തെ ഏഷ്യക്കാരനായിരുന്നു അദ്ദേഹം.[2]



# WC ബാനർജി

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻറെ ആദ്യ പ്രസിഡൻറ് ആയിരുന്നു **W.C.ബാനർജി** (Womesh Chunder Bonnerjee ~ ഉമേഷ് ചന്ദ്ര ബാനർജി) . 29 ഡിസംബർ 1844നു കൽക്കട്ടയിൽ ആയിരുന്നു അദ്ദേഹം ജനിച്ചത്. ബ്രിട്ടീഷ് ഹൌസ് ഓഫ് കോമൺസ് ലേക്ക് ആദ്യമായി മത്സരിച്ച ഇന്ത്യാക്കാരനും ഇയാൾ ആയിരുന്നു. എങ്കിലും അദ്ദേഹം ആ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു.



## ഗണേശ് ശങ്കർ വിദ്യാർത്ഥി

**ഗണേഷ് ശങ്കർ വിദ്യാർത്ഥി** (26 ഒക്ടോബർ 1890 - 25 മാർച്ച് 1931) ഒരു ഇന്ത്യൻ പത്രപ്രവർത്തകൻ, നേതാവും ആയിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസ് [1] ഒരു സ്വാതന്ത്ര്യ സമരത്തിന്റെ പ്രവർത്തകൻ. ഒരിക്കൽ വിക്ടർ ഹ്യൂഗോയുടെ *തൊണ്ണൂറ്റിമൂന്ന് എന്ന* നോവൽ വിവർത്തനം ചെയ്ത അദ്ദേഹം , [3] നിസ്സഹകരണ പ്രസ്ഥാനത്തിലെയും [2] ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിലെയും ഒരു പ്രധാന വ്യക്തിയായിരുന്നു , കൂടാതെ ഹിന്ദി ഭാഷാ പത്രത്തിന്റെ സ്ഥാപക-എഡിറ്റർ എന്നറിയപ്പെടുന്നു , പ്രതാപ് . [4] [5] [6]

1916-ൽ ലഖ്നൗവിൽവെച്ച് ഗാന്ധിജിയെ ആദ്യമായി കണ്ടുമുട്ടിയ അദ്ദേഹം ദേശീയ പ്രസ്ഥാനത്തിൽ മുഴുഹൃദയത്തോടെ സ്വയം മുഴുകി. 1917-18 ലെ ഹോം റൂൾ പ്രസ്ഥാനത്തിൽ അദ്ദേഹം പ്രധാന പങ്കുവഹിക്കുകയും കാൺപൂരിലെ ടെക്സ്റ്റൈൽ തൊഴിലാളികളുടെ ആദ്യ സമരത്തിന് നേതൃത്വം നൽകുകയും ചെയ്തു. 1920-ൽ അദ്ദേഹം പ്രതാപിന്റെ പ്രതിദിന പതിപ്പ് പുറത്തിറക്കി, റായ്ബറേലിയിലെ കർഷകരുടെ സമരത്തിന് വേണ്ടി പോരാടിയതിന് രണ്ട് വർഷത്തെ കഠിന തടവിന് ശിക്ഷിക്കപ്പെട്ടത് ഈ വർഷമാണ്. 1922-ൽ അദ്ദേഹം മോചിതനായി, ഫത്തേഗഢിൽ നടന്ന പ്രവിശ്യാ രാഷ്ട്രീയ സമ്മേളനത്തിന്റെ അധ്യക്ഷനെന്ന നിലയിൽ "രാജ്യദ്രോഹപരമായ" പ്രസംഗം നടത്തിയതിന് ഉടൻ തന്നെ അദ്ദേഹത്തെ വീണ്ടും ജയിലിലേക്ക് അയച്ചു. 1924-ൽ അദ്ദേഹം ഭഗത് സിങ്ങിനെ കാണുകയും പ്രതിഷേധിക്കുകയും ചെയ്തു . [11] അദ്ദേഹം അടുത്ത സഹപ്രവർത്തകനും സുഹൃത്തുമായി. [12] [13] അദ്ദേഹം പിന്നീട് സ്വയം സഹവസിക്കുകയും ചെയ്തു ചന്ദ്രശേഖർ ആസാദ് . [14] 1924-ൽ സിംഗ് മോചിതനായി, ആരോഗ്യനില വല്ലാതെ തകർന്നു, പക്ഷെ അദ്ദേഹത്തിന് വിശ്രമമൊന്നും അറിയില്ലായിരുന്നു, ഒരു ഹ്രസ്വകാല യൂണിയൻ [1] സ്ഥാപിച്ചു , കൂടാതെ 1925-ൽ കാൺപൂരിൽ നടന്ന കോൺഗ്രസ് സമ്മേളനത്തിനുള്ള തയ്യാറെടുപ്പിലും അദ്ദേഹം സ്വയം മറന്നു.



ബ്രിട്ടീഷുകാർ തൂക്കിലേറ്റിയ വിപ്ലവകാരിയായ ഇന്ത്യൻ സ്വാതന്ത്ര്യ സമര സേനാനിയായിരുന്നു **സൂര്യ സെൻ**(1894–1934). 1930 ലെ ചിറ്റഗോങ് ആയുധപ്പുര ആക്രമണക്കേസിലെ നായകനായിരുന്നു.



# സൂര്യ സെൻ

ചിറ്റഗോങിൽ സ്കൂൾ അധ്യാപകനായിരുന്ന രാമനിരഞ്ജൻ സെന്റെ മകനായി ജനിച്ചു. ഹറംപൂർ കോളേജിൽ ബിരുദ വിദ്യാർത്ഥിയായിരിക്കവെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലേക്ക് ആകർഷിക്കപ്പെട്ടു. നിസ്സഹകരണ പ്രസ്ഥാനത്തിൽ സജീവമായി. സ്കൂൾ അധ്യാപകനായിരുന്ന സൂര്യ സെൻ 'മാസ്റ്റർ ദാ' എന്ന വിളിപ്പേരിലാണ് അറിയപ്പെട്ടിരുന്നത്.. 1918 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ചിറ്റഗോങ് ജില്ലാ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് സായുധ വിപ്ലവ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന അനുശീലൻ സമിതിയിൽ അംഗമായി.

ചിറ്റഗോങിലെ ആയുധപ്പുര പിടിച്ചെടുത്തശേഷം അവിടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചുകൊണ്ട് മാസ്റ്റർ ദായുടെ നേതൃത്വത്തിൽ പ്രാദേശിക വിപ്ലവ ഗവൺമെന്റ് രൂപീകരിച്ചു. എന്നാൽ, ദിവസങ്ങൾക്കുള്ളിൽ ബ്രിട്ടീഷുകാർ തിരിച്ചടിച്ചു.

മൂന്നു വർഷത്തോളം ഒളിവിൽ കഴിഞ്ഞ മാസ്റ്ററെ ഒടുവിൽ ബ്രിട്ടീഷ് സേന പിടികൂടി, ക്രൂരമായി പീഡിപ്പിച്ചു. മുഴുവൻ പല്ലുകളും സന്ധികളും ചുറ്റികയാൽ തകർത്തിരുന്നു. ബോധമില്ലാത്ത ശരീരത്തെ 12 ജനുവരി 1934 ന് താരകേശ്വർ ദസ്തിദാറോടൊപ്പം തൂക്കിലേറ്റി.[1]



# ബാലഗംഗാധര തിലക്

മഹാരാഷ്ട്രയിൽ കൊങ്കൺ തീരത്തുള്ള രത്നഗിരിയിലെ ഒരു യാഥാസ്ഥിതിക ഇടത്തരം ബ്രാഹ്മണ കുടുംബത്തിൽ ഗംഗാധര രാമചന്ദ്ര തിലകന്റെ പുത്രനായി 1856 ജൂല. 23-ന് ജനിച്ചു. രത്നഗിരിയിലും പൂണെയിലുമായി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. അന്നത്തെ സമ്പ്രദായമനുസരിച്ച് 16-ാം വയസ്സിൽ ഇദ്ദേഹം വിവാഹിതനായി. സ്കൂൾ വിദ്യാഭ്യാസാനന്തരം ഉപരിപഠനത്തിനായി തിലകൻ പൂണെയിലെ ഡെക്കാൺ കോളജിൽ ചേർന്നു. വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ രാഷ്ട്രീയ കാര്യങ്ങളിൽ താത്പര്യം പ്രകടിപ്പിച്ചിരുന്നു. 1877-ൽ ഇദ്ദേഹം ഗണിതശാസ്ത്രത്തിൽ ബിരുദം നേടി. തുടർന്ന് നിയമബിരുദവും എടുത്തു.

ബ്രിട്ടീഷുകാർക്കെതിരെ കർക്കശമായ സമരമുറകൾ സ്വീകരിക്കണമെന്ന പക്ഷക്കാരനായിരുന്നു തിലകൻ. കോൺഗ്രസ്സിലെ തീവ്രവാദി നേതാവായി ഇദ്ദേഹം അറിയപ്പെട്ടു. ഗണേശോത്സവവും ശിവജി ഉത്സവവും സംഘടിപ്പിച്ച് ജനങ്ങളെ ദേശീയ പ്രസ്ഥാനത്തോട് അടുപ്പിക്കുന്നതിനുള്ള പരിപാടി ഇദ്ദേഹം ആവിഷ്കരിച്ചു. പൂണെയിൽ 1897-ൽ പ്ലേഗ് രോഗം പടർന്നുപിടിച്ചപ്പോൾ ജനങ്ങളുടെ സഹായത്തിനെത്തി. പകർച്ചവ്യാധിയെ നേരിടുന്നതിൽ സർക്കാർ സ്വീകരിച്ച നടപടികളെ ഇദ്ദേഹം വിമർശിച്ചു. രാജ്യദ്രോഹക്കുറ്റം ചുമത്തി തിലകനെ 1897 ജൂല.-ൽ അറസ്റ്റുചെയ്തു. 1898-ൽ മോചിതനായതോടെ രാഷ്ട്രീയത്തിൽ വീണ്ടും സജീവമായി പ്രവർത്തിച്ചു.




# നാനാ സാഹിബ്

മറാഠാ വംശത്തിലെ ഒരു പ്രഭുവും, 1857 ലെ ഇന്ത്യൻ ലഹളയുമായി ബന്ധപ്പെട്ടു പൊട്ടിപ്പുറപ്പെട്ട കാൺപൂർ കലാപത്തിലെ നേതാവുമായിരുന്നു **നാനാ സാഹിബ്**. പേഷ്വാ ബാജി റാവു രണ്ടാമന്റെ ദത്തു പുത്രനായിരുന്നു നാനാ സാഹിബ്. പേഷ്വാ ബാജി റാവുവിന് ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി അനുവദിച്ചിരുന്ന പെൻഷൻ, അദ്ദേഹത്തിന്റെ മരണശേഷം പുത്രനായ നാനാ സാഹിബിനു നൽകാൻ കമ്പനി വിസമ്മതിച്ചു. നാനാ സാഹിബ് പേഷ്വാ ബാജി റാവുവിന്റെ ദത്തു പുത്രനാണെന്ന കാരണം പറഞ്ഞാണ് കമ്പനി പെൻഷൻ നൽകാൻ തയ്യാറാകാതിരുന്നത്.

ഇംഗ്ലീഷുകാർ നടപ്പിൽവരുത്തുന്ന മാറ്റങ്ങൾ നാനാ സാഹിബിന് അംഗീകരിക്കാൻ തയ്യാറല്ലായിരുന്നു. ഹിന്ദു മതത്തിന്റെ മൂല്യങ്ങളിലും, ലക്ഷ്യങ്ങളിലും അടിയുറച്ചു വിശ്വസിച്ചു ജീവിച്ചിരുന്ന ഒരാളായിരുന്നു നാനാ സാഹിബ്. 1857 ലെ വിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഇംഗ്ലീഷ് പട്ടാളത്തെ സഹായിക്കാൻ നാനാ സാഹിബിന്റെ സൈന്യത്തേയും അയക്കാൻ ഈസ്റ്റ് ഇന്ത്യാ കമ്പനി ആവശ്യപ്പെട്ടു. എന്നാൽ കലാപകാരികളായ വിമതരുടെ കൂടെ ചേർന്ന് അവരുടെ സൈന്യത്തിന്റെ നേതൃത്വം ഏറ്റെടുക്കാൻ നാന സാഹിബ് നിർബന്ധിതനാവുകയായിരുന്നു. 16 ജൂലൈ 1857 ൽ യുദ്ധരംഗത്തു നിന്നും അപ്രത്യക്ഷമായ നാനാ സാഹിബിനെക്കുറിച്ച് പിന്നീട് വിവരങ്ങളൊന്നും തന്നെ ലഭിച്ചിട്ടില്ല.






1890-ൽ ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തിൽ അഷ്ടനഗർ എന്ന സ്ഥലത്ത് ഉസ്മാൻസായ് ഗ്രാമത്തിൽ ബഹ്റാം ഖാൻ എന്നയാളുടെ നാലാമത്തെ പുത്രനായി ജനിച്ചു. മത പാഠശാലയിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം കരസ്ഥമാക്കിയ ഗാഫർ ഖാൻ പെഷവാറിലെ ഒരു മിഷൻ സ്കൂളിൽ ഉപരിവിദ്യാഭ്യാസം നടത്തി. 1987-ൽ ഇദ്ദേഹത്തിനു ഭാരതരത്നം പുരസ്കാരം ലഭിച്ചു. ഭാരതരത്നം ലഭിക്കുന്ന ആദ്യ വിദേശിയാണ് ഇദ്ദേഹം.[2][3]

1919-ൽ റൗലറ്റ് നിയമത്തിനെതിരെ നടന്ന പ്രക്ഷോഭ സമയത്ത് മഹാത്മാ ഗാന്ധിയെ കണ്ടുമുട്ടി. ഗാന്ധി-ഖാൻ സൗഹൃദം നീണ്ട നാളുകൾ തുടർന്നു. അതിനു ശേഷം അദ്ദേഹം കിലാഫത്ത് പ്രസ്ഥാനത്തിൽ അംഗമാവുകയും മഹാത്മാ ഗാന്ധി കിലാഫത്ത് പ്രസ്ഥാനവുമായി അടുത്തു പ്രവർത്തിക്കുകയുണ്ടായി.[1][4]

# ഉഷ മെഹ്ത



ഉഷാ മെഹ്ത: ഗുജറാത്തിൽ നിന്നുള്ള ഗാന്ധിയൻ സ്വാതന്ത്ര സമര പോരാളിയായിരുന്നു ഉഷാ മെഹ്ത. എട്ടാം വയസിൽ 'സൈമൺ ഗോ ബാക്ക്' സമരത്തിൽ പങ്കെടുത്ത് കൊണ്ട് സാതന്ത്രസമരത്തിലേക്ക് കടന്നുവന്നു. 1942 ൽ ആരംഭിച്ച രഹസ്യ റോഡിയോ ആയ 'സീക്രട്ട് കോൺഗ്രസ് റേഡിയോ ' യിൽ കുറച്ച് കാലം പ്രവർത്തിച്ചു. 1998 ൽ ഏറ്റവും ഉയർന്ന രണ്ടാമത്തെ സിവിലിയൻ അവാർഡ് പത്മവിഭൂഷൻ ലഭിച്ചു.



## റാഷ് ബിഹാരി ബോസ്

ഒരു ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രവർത്തകനായിരുന്നു **റാഷ് ബിഹാരി ബോസ്** (1886 മെയ് 25 – 1945 ജനുവരി 21). ഇന്ത്യൻ നാഷണൽ ആർമിയുടെ സംഘാടകനെന്ന നിലയിൽ പ്രശസ്തനായിരുന്നു. ബംഗാൾ വിഭജനത്തെ തുടർന്ന് ബ്രിട്ടിഷ് വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും വൈസ്രോയ് ഹാർഡിഞ്ജ് പ്രഭുവിനെതിരെയുള്ള ബോംബേറിൽ പങ്കെടുത്ത വിപ്ലവകാരി എന്ന നിലയിലും പ്രസിദ്ധനായിരുന്നു. (ബോംബ് എറിഞ്ഞത് റാഷ് ബിഹാരി ബോസിന്റെ ശിഷ്യനായ ബസന്ത കുമാർ ബിശ്വാസ് ആയിരുന്നു).

ബംഗാളിലെ ബുർദ്വാൻ ജില്ലയിലെ സുബൽദ ഗ്രാമത്തിലെ ബിനോദ് ബിഹാരി ബോസിന്റെ പുത്രനായി 1886 മെയ് 25-ന് ജനിച്ചു. അഞ്ചുവയസുള്ളപ്പോൾ ചന്ദ്രനഗറിലേക്ക് താമസം മാറി. അമ്മ ചെറുപ്പത്തിലേ മരണമടഞ്ഞു. ചെറുപ്പത്തിൽ അപ്പൂപ്പനായ കാളിചരൺ ബോസിന്റെ കീഴിലാണ് വിദ്യ അഭ്യസിച്ചത്. കുടുംബം താമസം മാറിയതിനാൽ അദ്ദേഹത്തിന് വിദ്യാഭ്യാസം മുഴുമിപ്പിക്കാനായില്ല. പിതാവിന്റെ ആഗ്രഹമനുസരിച്ച് ഷിംലയിലെ സർക്കാർ വക പ്രസ്സിൽ ജോലിക്കു കയറി. അവിടെ വെച്ച് അദ്ദേഹം ഇംഗ്ലീഷും, ടൈപ്പ്റൈറ്റിങ്ങും പഠിച്ചു. പിന്നീട് ചന്ദ്രനഗറിലെ ഡ്യൂപ്ലെ കലാലയത്തിൽ പുനർവിദ്യാഭ്യാസം നേടി.[1] ഫ്രാൻസിലും, ജർമ്മനിയിലും നിന്ന് വൈദ്യശാസ്ത്രത്തിലും, എൻജിനീയറിങ്ങിലും അദ്ദേഹം ബിരുദങ്ങൾ കരസ്ഥമാക്കുകയുണ്ടായി.

സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവം





പഴശ്ശിരാജ

ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ ചെറുത്തു നിൽപ്പുകൾ പരിഗണിച്ച് ഇദ്ദേഹത്തെ വീരകേരള സിംഹം എന്നാണ് ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രങ്ങളിൽ വിശേഷിപ്പിക്കുന്നത്. ബാലനായിരിക്കെ തന്നെ സ്വന്തം രാജ്യത്തെ സംരക്ഷിക്കാൻ പരദേവതയായ മുഴക്കുന്നിൽ ശ്രീ മൃദംഗശൈലേശ്വരി ഭഗവതിയെ സാക്ഷിയാക്കി ദൃഢപ്രതിജ്ഞ ചെയ്ത പഴശ്ശിരാജാ തന്റെ വാക്ക് അവസാന ശ്വാസംവരെ കാത്തു സൂക്ഷിച്ചുവെന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നത്.1805 നവംബർ 30ന് മാവിലത്തോട്ടിൻ തീരത്ത് വച്ച് മരിച്ചു. പഴശ്ശി ആത്മഹത്യ ചെയ്തെന്നും ബ്രിട്ടീഷ്കാരുടെ വെടിയേറ്റ് മരിച്ചു എന്നും രണ്ട് വാദം ഉണ്ട് . പഴശ്ശിയുടെ തലക്ക് കമ്പനി 3000 രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു . പഴശ്ശിയുടെ കൂടെ ഉണ്ടായിരുന്ന കണ്ണവത്ത് നമ്പ്യാരെയും എടച്ചേന കുങ്കനെയും വധിച്ച് തല വെട്ടിയെടുത്ത് പ്രദർശിപ്പിച്ചിരുന്നു . ശത്രുവിൻറെ വെടിയേറ്റു മരിക്കുന്നത് പഴശ്ശിയെ പോലൊരാൾ ഒരിക്കലും ഇഷ്ടപ്പെടാൻ തരമില്ല . കൂടാതെ പഴശ്ശിയെ വക വരുത്താൻ നിയുക്തനായ ബ്രിട്ടീഷ് ഡെപ്യൂട്ടി കലക്റ്റർ [[തോമസ് എച്ച് ബേബർ|ടി എച്ച് ബേബരിന്റെ]] റിപ്പോർട്ടിൽ പഴശ്ശിയെ നൂറോളം കോൽക്കാരും ബ്രിട്ടീഷ് അനുകൂലി ആയ കരുണാകരമേനോനും വളഞ്ഞു എന്നും കരുണാകര മേനോനെ കണ്ട പഴശ്ശി 'ചരി മാറി നിൽക്ക് എന്നെ തൊട്ടു പോകരുത് എന്ന് കല്പിക്കുകയും പിന്നെ കേൾക്കുന്നത് ഒരു വെടി ശബ്ദം ആണ് പറയുന്നു. അതിനാൽ പഴശ്ശി സ്വയം വെടി വച്ച് ആത്മഹത്യ ചെയ്യാൻ സാധ്യതയുള്ളതായി കണക്കാക്കപ്പെടുന്നു.



മഹാരാഷ്ട്രയിലെ രത്നഗിരി ജില്ലയിൽ അംബാവാഡി ഗ്രാമത്തിൽ രാംജി മലോജി സക്പാൽ അംബേദ്കറുടെയും ഭീമാബായിയുടെയും മകനായി[11] 1891 ഏപ്രിൽ 14-ന് ജനിച്ചു. അച്ഛനമ്മമാരുടെ പതിനാലാമത്തെ പുത്രനായിരുന്നു അംബേദ്കർ. വലിയ ഈശ്വരഭക്തയായിരുന്നു അംബേദ്കറുടെ അമ്മ. അച്ഛൻ പട്ടാള ഉദ്യോഗസ്ഥനും.അംബേദ്കർക്ക് രണ്ടു വയസ്സുള്ളപ്പോൾ അച്ഛൻ പട്ടാളത്തിൽ നിന്നും വിരമിച്ചു. മധ്യേന്ത്യയിലെ ഡാപ്പോളി എന്ന സ്ഥലത്താണ് പിന്നീടവർ താമസിച്ചത്. ഇവിടെയാണ് അംബേദ്കർ പ്രാഥമിക വിദ്യാഭ്യാസം നേടിയത്. പിന്നീട് അച്ഛന് സത്താറയിലെ മിലിട്ടറി കേന്ദ്രത്തിൽ ജോലി ലഭിച്ചപ്പോൾ കുടുംബത്തെ അങ്ങോട്ടു കൊണ്ടുപോയി. അംബേദ്കർക്ക് ആറു വയസ്സുള്ളപ്പോൾ അമ്മ മരിച്ചു. അമ്മയുടെ മരണശേഷം ഒരു അമ്മായിയാണ് അവരെ വളർത്തിയത്. ഏറെ കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നു ആ കാലം. പതിനാല് കുട്ടികളിൽ അംബേദ്കറും രണ്ടു സഹോദരന്മാരും രണ്ടു സഹോദരിമാരും മാത്രം അവശേഷിച്ചു. സഹോദരന്മാരിൽ വിദ്യാഭ്യാസത്തിൽ തിളങ്ങാൻ മറ്റാർക്കും കഴിഞ്ഞില്ല. താഴ്ന്ന ജാതിക്കാരനായതിനാൽ വലിയ അവഗണനയാണ് എവിടെയും അംബേദ്കറിന് നേരിടേണ്ടി വന്നത്.



# Dr. അംബേദ്കർ

ഇന്ത്യയുടെ ഭരണഘടന 1950 ജനുവരി 26 ന് പ്രാബല്യത്തിൽ വന്നു. ഇന്ത്യൻ റിപ്പബ്ലിക്ക് എന്തെല്ലാം ആശയങ്ങൾക്കു വേണ്ടി നിലകൊള്ളുന്നു എന്ന് ഭരണഘടനയുടെ ആമുഖത്തിൽ പറയുന്നു. അതിന്റെ മലയാളവിവർത്തനം താഴെ കൊടുക്കുന്നു. ഇന്ത്യയിലെ ജനങ്ങളായ ഞങ്ങൾ ഇന്ത്യയെ പരമാധികാരമുള്ള ഒരു ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യാനും അതിലെ പൗരന്മാർക്കെല്ലാം സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും ചിന്ത,ആശയപ്രകാശനം,വിശ്വാസം,ഭക്തി,ആരാധന എന്നിവയിലുള്ള സ്വാതന്ത്ര്യവും പദവിയിലും അവസരത്തിലും സമത്വവും സുരക്ഷിതമാക്കാനും അവർക്കെല്ലാമിടയിൽ വ്യക്തിയുടെ അന്തസ്സും ദേശീയ ഐക്യവും പരിപാലിക്കാൻ ഉറപ്പു നൽകിക്കൊണ്ട് സഹോദര്യം പുലർത്താനും സർവാത്മനാ തീരുമാനിച്ചു കൊണ്ട് ഞങ്ങളുടെ ഭരണഘടനാ നിർമ്മാണസഭയിൽ 1949 നവംബർ 26 ദിവസമായ ഇന്ന് ഇതിനാൽ ഈ ഭരണഘടനാ അംഗീകരിക്കുകയും നിയമമാക്കുകയും ഞങ്ങൾക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

ഇന്ത്യയെ ഒരു പരമാധികാര ജനകീയ റിപ്പബ്ലിക്കായി തീർക്കാനുള്ള ജനതയുടെ ദൃഢമായ തീരുമാനം-അതാണ് ഈ ആമുഖത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.



## സ്വദേശാഭിമാനി രാമകൃഷ്ണപിള്ള

പത്രസ്വാതന്ത്ര്യം നിഷേധിക്കുന്ന ഭരണകൂട പ്രതികാരത്തിന്റെ കേരളത്തിലെ ആദ്യത്തെ ഇരയാണ് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള. ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെയും ചിന്താസ്വാതന്ത്ര്യത്തിന്റെയും ശക്തനായ വക്താവായിരുന്നു അദ്ദേഹം.
1878 മേയ് 25-ന് നെയ്യാറ്റിൻകരയിൽ മുല്ലപ്പള്ളി വീട്ടിൽ രാമകൃഷ്ണപിള്ള ജനിച്ചു. അച്ഛൻ നരസിംഹൻ പോറ്റിയും അമ്മ ചക്കിഅമ്മയുമായിരുന്നു.

ബാല്യകാലത്തെ വായന
കുട്ടിക്കാലത്തെ വായനശീലം രാമകൃഷ്ണനെ ഉണർത്തി. സ്വതന്ത്ര ചിന്താഗതിയും സാഹസികതയും അന്വേഷണ ബുദ്ധിയും കുട്ടിക്കാലം മുതൽ അവനിൽ വളർന്നുവന്നു. ഉന്നതവിദ്യാഭ്യാസത്തിനായി തിരുവനന്തപുരത്തെ കോളേജിൽ ചേർന്ന രാമകൃഷ്ണൻ പില്ക്കാലത്ത് സാഹിത്യരംഗത്ത് പ്രസിദ്ധരായിത്തീർന്ന മഹാകവി ഉള്ളൂർ, ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ തുടങ്ങിയ വ്യക്തികളുമായി പരിചയപ്പെട്ടു. രാമകൃഷ്ണപിള്ളയുടെ പല ലേഖനങ്ങളും പത്രങ്ങളിൽ അച്ചടിച്ചുവന്നു.

## പ്രീതി ലത വഡേദാർ



പ്രീതിലത വഡേദാർ: ബംഗാളിൽ നിന്നുള്ള വിപ്ലവകാരിയായിരുന്നു പ്രീതിലത വഡേദാർ. മാസ്റ്റർദ സൂര്യ സെന്നിന്റെ പ്രധാന സഹായിയായിരുന്നു അവർ. ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്തു. 'നായ്ക്കളെയും ഇന്ത്യക്കാരെയും അനുവദിക്കില്ല'എന്ന് ബോർഡെഴുതി വച്ച പഹർതാലി യൂറോപ്യൻ ക്ലബ്ബ് 1932-ൽ ഇവരടങ്ങിയ സംഘം ആക്രമിച്ച് തീയിട്ടു. അറസ്റ്റ് ഒഴിവാക്കാൻ പ്രീതിലത സയനൈഡ് കഴിച്ച് ജീവൻ ബലിയർപ്പിച്ചു.



# റാണി ഗൗരിലക്ഷ്മി ബായി

റാണി ലക്ഷ്മി ബായ് 1828 നവംബർ 19 ന്വിശുദ്ധ നഗരമായ വാരാണസിയിലെ ഒരു മറാത്തി കർഹാദെ ബ്രാഹ്മണ കുടുംബത്തിൽ ജനിച്ചു. മണികർണ്ണിക എന്നായിരുന്നു അവരുടെ യഥാർത്ഥ നാമം. മനുബായി എന്നും വിളിക്കപ്പെട്ടിരുന്നു. പിതാവ് മോരോപാന്ത് താമ്പേ, പേഷ്വ ബാജിറാവു രണ്ടാമന്റെ കൊട്ടാരത്തിലായിരുന്നു ജോലിചെയ്തിരുന്നത്. മണികർണ്ണികയ്ക്ക് നാലു വയസ്സുള്ളപ്പോൾ അമ്മ ഭാഗീരഥിബായി മരണമടഞ്ഞു. മണികർണ്ണിക തന്റെ ബാല്യം ചെലവഴിച്ചത് ബാജിറാവു രണ്ടാമന്റെ കൊട്ടാരത്തിലായിരുന്നു. ബാജിറാവുവിന്റെ ദത്തുപുത്രനായിരുന്ന നാനാസാഹേബ് ആയിരുന്നു മണികർണ്ണികയുടെ ബാല്യകാല സുഹൃത്ത്. നാനാസാഹേബിനെക്കൂടാതെ മറ്റൊരു ദത്തു പുത്രൻ കൂടിയുണ്ടായിരുന്നു ബാജിറാവുവിന്. പഠനത്തിൽ വളരെ മുമ്പിലായിരുന്നു മണികർണ്ണിക. കൂടാതെ ആയോധനകലകളിലും, കുതിരസവാരി എന്നിവയിലും മനുബായിക്ക് ഏറെ താൽപര്യമുണ്ടായിരുന്നു. അമ്മയില്ലാതെ വളർന്ന കുട്ടിയായതുകൊണ്ട് മനുബായിയുടെ എല്ലാ ആഗ്രഹങ്ങളും പിതാവ് മോരോപാന്ത് സാധിച്ചുകൊടുത്തിരുന്നു.

സ്വാതന്ത്ര്യത്തിൻെറ അമൃത മഹോത്സവം



**ശിവറാം രാജ്ഗുരു**

23, 1931) പ്രസിദ്ധനായ ഒരു സ്വാതന്ത്ര്യ സമര സേനാനിയായിരുന്നു[1]. ലാലാ ലജ്പത് റായിയുടെ മരണത്തിന് പകരം വീട്ടാൻ വേണ്ടി ഭഗത് സിംഗിന്റെയും, സുഖ്ദേവിന്റെയും ഒപ്പം ഒരു ഇംഗ്ലീഷ് പട്ടാളക്കാരനെ വധിച്ച സംഭവത്തിൽ ജയിലിലായി. ഇതിന്റെ പേരിൽ ഇവർ മൂവരേയും 1931 മാർച്ച് 23 ന് ബ്രിട്ടീഷ് സർക്കാർ വധശിക്ഷക്ക് വിധേയരാക്കി.



**കെ. കേളപ്പൻ**

കേരളത്തിലെ പ്രമുഖ സ്വാതന്ത്ര്യസമര പോരാളിയും, ഗാന്ധിയനും, സോഷ്യലിസ്റ്റു ചിന്തകനുമായിരുന്നു **കെ. കേളപ്പൻ** (കെ. കേളപ്പൻ നായർ). (ജനനം: 1889 ഓഗസ്റ്റ് 24 കൊയിലാണ്ടി ; മരണം: 1971 ഒക്ടോബർ 7). നായർ സർവ്വീസ് സൊസൈറ്റിയുടെ ആദ്യ പ്രസിഡന്റാണ് കേരളഗാന്ധി എന്നറിയപ്പെടുന്ന കെ. കേളപ്പൻ. കേരള ക്ഷേത്ര സംരക്ഷണ സമിതിയുടെ സ്ഥാപകനും കേളപ്പനാണ്[1][2]

ബ്രിട്ടീഷ് ഭരണം ബഹിഷ്കരിക്കാൻ മഹാത്മാഗാന്ധി ആഹ്വാനം ചെയ്തപ്പോൾ കേളപ്പൻ തന്റെ ജോലി ഉപേക്ഷിച്ച് തന്റെ ജീവിതം മാതൃരാജ്യത്തിനായി ഉഴിഞ്ഞുവെയ്ക്കുവാൻ തീരുമാനിച്ചു. ഒരു വശത്ത് ഭാരതീയ സമൂഹത്തിലെ അനാചാരങ്ങൾക്ക് എതിരെയും മറുവശത്ത് ബ്രിട്ടീഷ് ഭരണത്തിന് എതിരായും അദ്ദേഹം പോരാടി. ഒരു മാതൃകാ സത്യാഗ്രഹിയായിരുന്നു അദ്ദേഹം. ഊർജ്ജസ്വലനായ വിപ്ലവകാരിയും സാമൂഹിക പരിഷ്കർത്താവും അധഃസ്ഥിതരുടെ നീതിക്കുവേണ്ടി പോരാടിയ പോരാളിയുമായിരുന്നു കേളപ്പൻ.

മലബാർ ലഹളയുടെ (1921-ലെ മാപ്പിള ലഹള) കാലത്ത് ഒരുകൂട്ടം വിപ്ലവകാരികൾ പൊന്നാനി ഖജനാവ് കൊള്ളയടിക്കുവാനെത്തി. ഇവരെ അവരുടെ തെറ്റ് പറഞ്ഞുമനസ്സിലാക്കി തിരിച്ചയക്കുവാൻ കേളപ്പനു സാധിച്ചു. പയ്യന്നൂരിലെയും കോഴിക്കോട്ടെയും ഉപ്പു സത്യാഗ്രഹങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. ഗാന്ധിജിയുടെ വ്യക്തിഗതസത്യഗ്രഹ പ്രസ്ഥാനത്തിലേക്ക് അദ്ദേഹം തെരഞ്ഞെടുത്ത ആദ്യത്തെ കേരളീയനായിരുന്നു കേളപ്പൻ. വൈക്കം സത്യാഗ്രഹത്തിൽ അദ്ദേഹം ഒരു പ്രധാന പങ്കുവഹിച്ചു. അതോടനുബന്ധിച്ച് തുടങ്ങിയ കോൺഗ്രസിന്റെ അയിത്തോച്ചാടന കമ്മിറ്റിയുടെ കൺവീനറായിരുന്നു കേളപ്പൻ.[4]



1904 ഒക്ടോബർ ഒന്നാം തിയതി വടക്കൻ കേരളത്തിലെ കണ്ണൂർ ജില്ലയിൽ പെരളശ്ശേരിക്കടുത്ത് മക്രേരി ഗ്രാമത്തിലെ ആയില്യത്ത്കുറ്റ്യേരി എന്ന ജന്മി തറവാട്ടിൽ വെള്ളുവക്കണ്ണോത്ത് രൈരുനായരുടേയും ആയില്യത്ത് കുറ്റിയേരി മാധവിയമ്മയുടേയും മകനായി ജനിച്ചു. വിദ്യാഭ്യാസം തലശ്ശേരിയിലായിരുന്നു. എ.കെ.ഗോപാലന്റെ പിതാവ് കാടാച്ചിറയിൽ നടത്തിയിരുന്ന ഇംഗ്ലീഷ് വിദ്യാലയത്തിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. കല-വിദ്യാഭ്യാസാദി കാര്യങ്ങളിൽ അടങ്ങാത്ത താൽപര്യമായിരുന്നു അദ്ദേഹത്തിന്. പിതാവിൽ നിന്നാണ് പൊതുപ്രവർത്തനത്തിന്റെ ബാലപാഠങ്ങൾ അദ്ദേഹം പഠിച്ചത്.[5]


വിദ്യാഭ്യാസാനന്തരം അധ്യാപകനായി ജോലിക്കു ചേർന്നു. പെരളശ്ശേരി ബോർഡ് ഹൈസ്കൂൾ, ചൊവ്വ ഹൈസ്കൂൾ, കോഴിക്കോട് മുദ്രസത്തുൽ മുഹമ്മദീയ സ്കൂൾ എന്നിവിടങ്ങളിൽ അധ്യാപകനായി ജോലി നോക്കി. അധ്യാപകനായി ജോലി ചെയ്യുന്ന കാലഘട്ടത്തിൽത്തന്നെ പൊതുപ്രവർത്തനത്തിനോടു അടങ്ങാത്ത താൽപര്യമായിരുന്നു അദ്ദേഹത്തിന്. വിദേശ വസ്ത്ര ബഹിഷ്കരണം, ഖാദി പ്രചാരണം, എന്നിവയിൽ അദ്ദേഹത്തിനു താൽപര്യം ജനിച്ചു.



**എ.കെ.ജി**

പയ്യന്നൂരിലേക്കു വന്ന ജാഥ നയിച്ച കേളപ്പന്റെ പ്രസംഗം ഗോപാലന്റെ മനസ്സിനെ തന്നെ മാറ്റിമറിച്ചു. 'രണ്ടു ചിന്താധാരകൾ തമ്മിൽ മനസ്സിൽ സംഘട്ടനം ആരംഭിച്ചതിനാൽ അന്നു രാത്രി എനിക്കുറങ്ങാൻ സാധിച്ചില്ല' എന്നാണ് ഗോപാലൻ കേളപ്പന്റെ പ്രസംഗം തന്റെ മനസ്സിനെ മഥിച്ചതിനെക്കുറിച്ച്[6] തന്റെ ആത്മകഥയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.[7] എന്നാൽ മകന്റെ ഈ നിലപാട് പിതാവിനിഷ്ടമില്ലായിരുന്നു. പിതാവിന്റെ ആഗ്രഹത്തിനു വിരുദ്ധമായി ഗോപാലൻ അധ്യാപകജോലി ഉപേക്ഷിക്കുകയും ജനസേവനത്തിനായി ഇറങ്ങിത്തിരിക്കുകയും ചെയ്തു. എന്നാൽ പിതാവിന്റെ നിർബന്ധത്തിനു വഴങ്ങി ഗോപാലൻ തിരികെ വീണ്ടും അധ്യാപക ജോലിയിൽ പ്രവേശിച്ചു.[8] അധ്യാപകന്റെ സേവനം പൊതുജനസേവനമായി കരുതി ഗോപാലൻ തന്റെ കർമ്മത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിച്ചു. നാളത്തെ പൗരന്മാരായി തീരേണ്ട തന്റെ വിദ്യാർത്ഥികളെ അദ്ദേഹം രാഷ്ട്രീയബോധം കൂടെ പഠിപ്പിച്ചു.[9] അധ്യാപനജോലി കൂടാതെ സ്കൂളിന്റെ മറ്റു പ്രവർത്തനങ്ങളിൽ കൂടെ ഗോപാലൻ സജീവ പങ്കാളിയായിരുന്നു. ജനങ്ങളുടെ കൂടെ സഹകരണത്തോടെ സ്കൂളിനായി പുതിയ കെട്ടിടം നിർമ്മിക്കുക, കലാകായിക പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളോടൊപ്പം പങ്കെടുക്കുക എന്നിവയിലെല്ലാം ജനങ്ങളോട് കൂടുതൽ അടുക്കാൻ ശ്രമിക്കുന്ന ഒരു മനുഷ്യസ്നേഹി ഉണ്ടായിരുന്നു.

# ജൽ ക്കാരി ഭായി



ജൽകാരി ഭായി: ഝാൻസിയിലെ മറ്റൊരു റാണി. റാണി ലക്ഷ്മി ഭായിയുടെ സൈന്യത്തിലെ പ്രധാനി. റാണി ലക്ഷ്മി ഭായിയുമായി ഏറെ സാമ്യമുണ്ടായിരുന്നു ജൽകാരി ഭായിക്ക്. ബ്രിട്ടീഷ് പട്ടാളം ഝാൻസി വളഞ്ഞപ്പോൾ റാണി ലക്ഷ്മി ഭായിയുടെ വേഷം ധരിച്ച ജൽകാരി ഭായി, റാണി ലക്ഷ്മി ഭായിയെ രക്ഷപ്പെടാൻ സഹായിച്ചു. യുദ്ധത്തിൽ സധൈര്യം പോരാടിയെങ്കിലും ജൽകാരി ഭായിക്ക് സ്വന്തം ജീവൻ നൽകേണ്ടി വന്നു.

# ജനറൽ ബഖ്ത് ഖാൻ



ബഖ്ത് ഖാൻ തന്റെ പിതാവിന്റെ പക്ഷത്ത് റോഹില്ല യൂസഫ്സായി പാരമ്പര്യമുള്ളയാളായിരുന്നു, അമ്മ ഒരു അവധി രാജകുമാരിയായിരുന്നു. [3][4] അവൻ ജനിച്ചു ബിജ്നോർ ൽ മധ്യവയസം പിന്നീട് ഒരു മാറി സുബേദാർ , ചീഫ് നേറ്റീവ് കമാൻഡിംഗ് ഓഫീസർ, സൈന്യത്തോടും ഈസ്റ്റ് ഇന്ത്യാ കമ്പനി , ബംഗാൾ രൂപത്തിൽ അനുഭവം നാല്പതു വർഷം നേടുന്നത് പീരങ്കി അകത്തു നടപടി കാണുന്നത് ഒന്നാം ആംഗ്ലോ-അഫ്ഗാൻ യുദ്ധം . [2]

കലാപത്തിന് മുമ്പ് സുബേദാർ ഭക്ത് ഖാൻ നിരവധി ബ്രിട്ടീഷ് ഓഫീസർമാർക്ക് സുപരിചിതനായിരുന്നു. 1857-ൽ ഡൽഹി ഉപരോധസമയത്ത് അദ്ദേഹത്തിനെതിരെ സേവനമനുഷ്ഠിക്കാനിരുന്ന നിരവധി പേർ ഉൾപ്പെടുന്നു. ഒരു കേണൽ അദ്ദേഹത്തെ "ഏറ്റവും ബുദ്ധിമാനായ ഒരു കഥാപാത്രം" എന്ന് വിശേഷിപ്പിച്ചു. ഇംഗ്ലീഷ് സൊസൈറ്റി". [3]

1857-ലെ ഇന്ത്യൻ കലാപം ആരംഭിച്ചത് പന്നിയുടെയും പോത്തിറച്ചിയുടെയും കൊഴുപ്പ് പുരട്ടിയ റൈഫിൾ കാട്രിഡ്ജുകൾ അവതരിപ്പിക്കുന്നതിനെതിരെ ഒരു കൂട്ടം ശിപായിമാർ കലാപം നടത്തിയതോടെയാണ്. ഇത് പന്നിയിറച്ചി കഴിക്കാത്ത മുസ്ലീം സൈനികരെയും ബീഫ് കഴിക്കാത്ത ഹിന്ദു സൈനികരെയും ചൊടിപ്പിച്ചു. ബ്രിട്ടീഷുകാർക്കെതിരെ ഡൽഹിയുടെ പരിസര പ്രദേശങ്ങളിൽ കലാപം അതിവേഗം പടർന്നു. [2] [6]

1859 മെയ് 13 ന് അദ്ദേഹം മാരകമായി മുറിവേറ്റു മരിച്ചു. അന്ന് സ്വാത്തിന്റെ ഭാഗമായിരുന്ന നാൻസറിന്റെ ശ്മശാനത്തിലാണ് അദ്ദേഹത്തെ അടക്കം ചെയ്തത്; ഇപ്പോൾ ജില്ലയിലെ ബ്ണറിൽ , ഖൈബർ പാകിസ്താൻ പ്രവിശ്യ. സ്വാത് ചരിത്രത്തിലെ ഒരു വിദഗ്ധൻ അവകാശപ്പെടുന്നത്, യുദ്ധം നഷ്ടപ്പെട്ടതിന് ശേഷമാണ് താൻ സ്വാത്തിൽ വന്നതെന്നും തന്റെ ജീവിതകാലം മുഴുവൻ സ്വാത്തിലെ അഖുന്ദിന്റെ സംരക്ഷണത്തിലാണ് അദ്ദേഹം ചെലവഴിച്ചതെന്നും [3] **പറയപ്പെടുന്നു.**





## ബങ്കിം ചന്ദ്ര ചാറ്റർജി

1838 ജൂൺ 27നു കൊൽക്കത്തയിലെ കംടാൽപാടയിലാണ് ബങ്കിം ചന്ദ്ര ചാറ്റർജി (ബംഗാളിയിൽ, বঙ্কিম চন্দ্র চট্টোপাধ্যায়)) ജനിച്ചത്. യാദവ് ചന്ദ്ര ചതോപാധ്യായയുടേയും, ദുർബാദേവിയുടേയും മൂന്നുമക്കളിൽ ഏറ്റവും ഇളയ ആളായാണ് ബങ്കിം ചന്ദ്ര ജനിച്ചത്. പിതാവ് യാദവ് ചന്ദ്ര ഒരു ഡപ്യൂട്ടി കളക്ടറായിരുന്നു. യാഥാസ്ഥിതിക ബ്രാഹ്മണകുടുംബത്തിലാണ് ബങ്കിംചന്ദ്ര ജനിച്ചത്. ഉപനയനം കഴിഞ്ഞ് അഞ്ചാം വയസ്സിൽ അക്ഷരാഭ്യാസം തുടങ്ങിയ അദ്ദേഹത്തിന് മൂന്നുഭാഷകളിൽ പ്രാവീണ്യമുണ്ടായിരുന്നു. മൊഹ്സിൻ കോളേജിലും, കൽക്കട്ടയിലെ പ്രശസ്തമായ പ്രസിഡൻസി കോളേജിലുമായിട്ടായിരുന്നു ഉപരിപഠനം. 1857 ൽ ബിരുദം പൂർത്തിയാക്കി. കൽക്കട്ടാ സർവ്വകലാശാലയിലെ ആദ്യ രണ്ടു ബിരുദധാരികളിൽ ഒരാളായിരുന്നു ബങ്കിം ചന്ദ്ര.[4]

ഭാരത ചരിത്രത്തിലെ ആദ്യ ബി.എ ബാച്ചിലുൾപ്പെട്ട് ബിരുദം നേടിയ അദ്ദേഹത്തിന് ഡപ്യൂട്ടികളക്ടർ ജോലി നേടാൻ കഴിഞ്ഞു. ജോലിയിൽ കൃത്യതയും,ആത്മാർഥതയും പുലര്ത്തിയിരുന്ന അദ്ദേഹം മുഖം നോക്കാതെ ഔദ്യോഗിക കൃത്യനിർവഹണം ചെയ്തിരുന്നു.



1847 ഒക്ടോബർ 1 ന് ഇംഗ്ലണ്ടിലാണ് ആനി ജനിച്ചത്. പിതാവ് വില്യം പി. വുഡ് ഒരു ബഹുഭാഷാ പണ്ഡിതനും പുരോഗമനവാദിയുമായിരുന്നു. അമ്മയാകട്ടേ തികഞ്ഞ മതവിശ്വാസിയും. ആനി വുഡിന് അഞ്ച് വയസ്സുള്ളപ്പോൾ പിതാവ് മരിച്ചു. ഒരു സത്രം നടത്തിയാണ് അമ്മ ആനിയെ പഠിപ്പിച്ചത്. എന്നാൽ ഉന്നതവിദ്യാഭ്യാസം ആനിക്കു നൽകാൻ അവർക്കു കഴിയുമായിരുന്നില്ല. ആനിയുടെ അമ്മയുടെ സുഹൃത്തായ എല്ലൻ മേരിയാത് ആണ് ആനിയുടെ പിന്നീടുള്ള വിദ്യാഭ്യാസചെലവുകൾ വഹിച്ചത്. ആനിക്ക് നല്ല വിദ്യാഭ്യാസം തന്നെ കിട്ടുന്നുണ്ടെന്നുള്ളത് അവർ ഉറപ്പുവരുത്തിയിരുന്നു. ചെറുപ്പകാലത്തു തന്നെ യൂറോപ്പിലങ്ങോളമിങ്ങോളം സഞ്ചരിക്കുവാൻ ആനിക്കു സാധിച്ചു. പത്തൊമ്പതാമത്തെ വയസ്സിൽ 26വയസ്സുള്ള ഫ്രാങ്ക് ബസന്റിനെ ആനി വിവാഹം കഴിച്ചു. ഫ്രാങ്ക് ക്ലെർജിമെൻ എന്ന പുരോഹിത കുടുംബത്തിലെ അംഗമായിരുന്നു. വിവാഹദിനതലേന്നു വരെ ആനി യാത്രയിലായിരുന്നു. മാഞ്ചസ്റ്ററിൽ നിന്നുള്ള സുഹൃത്തുക്കളുടെ ക്ഷണപ്രകാരം മാഞ്ചസ്റ്റർ രക്തസാക്ഷികളെ സന്ദർശിക്കാൻ പോയിരിക്കയായിരുന്നു ആനി.



# ആനി ബസന്റ്

1875 - ൽ ആരംഭിച്ച തിയോസഫിക്കൽ പ്രസ്ഥാനം ലോകത്താകമാനമുള്ള ജനങ്ങളെ വളരെ ഉയർന്ന ചിന്തകളിലേക്ക് നയിക്കുന്നതിനും അതുവഴി മാനവലോകത്തിന്റെ സാമൂഹ്യവും സാംസ്കാരികവും ആത്മീയവുമായ പുരോഗതിയിലേക്കെത്തിക്കുന്നതിനും കാരണമായി . ഇതിനുവേണ്ടി അന്നത്തെ തിയോസഫി പ്രവർത്തകർ എല്ലാ രംഗത്തും മുൻകയ്യെടുത്ത് സജീവ പ്രവർത്തകരായി മാറിയ ചരിത്രമാണ് നമുക്കറിയുവാൻ കഴിയുന്നത് . അതിന്റെ അലകൾ ഇവിടെ ഈ കൊച്ചു കേരളത്തിലും എത്തി .


137 വർഷങ്ങൾക്കപ്പുറം സാഹോദര്യത്തെപ്പറ്റി സംസാരിച്ചിരുന്നവർ വളരെ അപൂർവ്വമാണ് . വിശ്വസാഹോദര്യം എന്ന ആശയം ലോകത്താദ്യമായി അവതരിപ്പിച്ചത് ഒരു പക്ഷെ തിയോസഫിക്കൽ സൊസൈറ്റി ആയിരിക്കാം . ഇന്ന് സാഹോദര്യത്തെ പിന്തുണയ്ക്കുന്ന അനവധി സംഘടനകൾ ഉണ്ട് . പക്ഷെ , അവയെല്ലാം ഒരു സമുദായത്തിനുള്ളിൽ , ദേശത്തിനുള്ളിൽ , അങ്ങേയറ്റം പോയാൽ മാനവ വർഗ്ഗത്തിനിടയിൽ അവസാനിക്കുന്നു . എന്നാൽ തിയോസഫിക്കൽ സൊസൈറ്റി പ്രതിനിധാനം ചെയ്യുന്ന ' വിശ്വസാഹോദര്യം ' മനുഷ്യരിൽ നിന്ന് ജന്തുവർഗ്ഗത്തിലേക്കും സസ്യലോകത്തേക്കും അവിടവും കടന്ന് അചേതന വസ്തുക്കളിലേക്കും വ്യാപിച്ചുകിടക്കുന്നു .



# സുബ്രഹ്മണ്യ ഭാരതി

തമിഴ്നാട്ടിലെ എട്ടയപുരത്തിൽ ജനിച്ചു. ചിന്നസ്വാമി സുബ്രഹ്മണ്യ അയ്യരും, ലക്ഷ്മി അമ്മാളുമായിരുന്നു മാതാപിതാക്കൾ. മകൻ ഒരു എഞ്ചിനീയറാവണമെന്നതായിരുന്നു പിതാവ് ചിന്നസ്വാമി സുബ്രഹ്മണ്യ അയ്യരുടെ ആഗ്രഹം. എന്നാൽ ഒരു സ്വപ്നജീവിയായിരുന്ന ഭാരതി പഠനകാര്യങ്ങളിൽ തീരെ ശ്രദ്ധിച്ചിരുന്നില്ല. തന്റെ അഞ്ചാമത്തെ വയസ്സിൽ ഭാരതിക്ക് അമ്മയെയും, പതിനാറാമത്തെ വയസ്സിൽ പിതാവിനെയും നഷ്ടപ്പെട്ടു. തിരുനെൽവേലിയിലുള്ള എം.ഡി.ടി.ഹിന്ദു കോളേജ് എന്നറിയപ്പെട്ടിരുന്ന ഒരു സ്കൂളിലായിരുന്നു അദ്ദേഹത്തിന്റെ പ്രാഥമിക വിദ്യാഭ്യാസം.

ഏഴാം വയസ്സിൽത്തന്നെ കവിതകൾ രചിക്കാൻ തുടങ്ങി. 11 വയസ്സാവുമ്പോഴേക്കും വിദ്യാദേവി സരസ്വതിയുടെ മറ്റൊരു പേരായ "**ഭാരതി**" എന്ന നാമത്തിൽ അറിയപ്പെടാൻ തുടങ്ങി. പതിനഞ്ചാം വയസ്സിൽ ചെല്ലമ്മാളെ വിവാഹം ചെയ്തു. വിവാഹസമയത്ത് ചെല്ലമ്മാൾക്ക് ഏഴു വയസ്സായിരുന്നു പ്രായം. 29 ഇന്ത്യൻ ഭാഷകളും, 3 വിദേശ ഭാഷകളും ഉൾപ്പെടെ 32 ഭാഷകൾ ഭാരതി സ്വായത്തമാക്കിയിരുന്നു.



# ലാൽ മോഹൻ ഘോഷ്

1885-ൽ , ലണ്ടനിലെ ഡെപ്റ്റ്ഫോർഡിന്റെ പുതുതായി സൃഷ്ടിച്ച പാർലമെന്റ് മണ്ഡലത്തിലേക്ക് ലിബറൽ സ്ഥാനാർത്ഥിയായി ഘോഷ് മത്സരിച്ചു . തന്റെ ശ്രമം വിജയിച്ചില്ലെങ്കിലും, ബ്രിട്ടീഷ് പാർലമെന്റിലേക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ആദ്യ ഇന്ത്യക്കാരനായി. [4]

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ മദ്രാസ് സെഷന്റെ (1903) പ്രസിഡന്റായി ഘോഷ് തിരഞ്ഞെടുക്കപ്പെട്ടു. [അവലംബം ആവശ്യമാണ്]

അദ്ദേഹത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ ആശയങ്ങൾ വിക്ടോറിയൻ ഇംഗ്ലണ്ടിലെ ലിബറൽ ഹ്യൂമനിസത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ അദ്ദേഹം ശക്തമായി വിശ്വസിച്ചു, ജനങ്ങളെ ഒരു രാഷ്ട്രമായി ഏകീകരിക്കുന്നതിനുള്ള ഒരു ശക്തിയായി അദ്ദേഹം ശക്തമായി വിശ്വസിച്ചു. മദ്രാസ് കോൺഗ്രസിന്റെ സമ്മേളനത്തിൽ തന്റെ രാഷ്ട്രപതി പ്രസംഗത്തിൽ ഇന്ത്യയിൽ നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസത്തിനായി അദ്ദേഹം അഭ്യർത്ഥിച്ചു. ഇംഗ്ലണ്ടും ഇന്ത്യയും തമ്മിലുള്ള ബന്ധം വിച്ഛേദിക്കുന്നതിനെക്കുറിച്ച് ഘോഷ് ഒരിക്കലും ചിന്തിച്ചിരുന്നില്ല. എന്നാൽ ഭരണഘടനാപരമായ മാർഗങ്ങളിലൂടെ, ബ്രിട്ടീഷുകാരെ നിയമത്തിനും നീതിക്കും ഉള്ള അവകാശങ്ങൾ, സ്വതന്ത്രമായ അഭിപ്രായ പ്രകടനത്തിനും, വ്യാപാര അവസരങ്ങൾക്കുമുള്ള അവകാശങ്ങൾ നേടിയെടുക്കേണ്ടത് ആവശ്യമാണെന്നും അദ്ദേഹം വിശ്വസിച്ചു. സേവനവും, ജനാധിപത്യ നിയമനിർമ്മാണ സ്ഥാപനങ്ങൾക്കും. [1]

1885-ൽ , ലണ്ടനിലെ ഡെപ്റ്റ്ഫോർഡിന്റെ പുതുതായി സൃഷ്ടിച്ച പാർലമെന്റ് മണ്ഡലത്തിലേക്ക് ലിബറൽ സ്ഥാനാർത്ഥിയായി ഘോഷ് മത്സരിച്ചു . തന്റെ ശ്രമം വിജയിച്ചില്ലെങ്കിലും, ബ്രിട്ടീഷ് പാർലമെന്റിലേക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ആദ്യ ഇന്ത്യക്കാരനായി. [4]





# ചന്ദ്രശേഖര ആസാദ്

1906 ജൂലൈ 23 ന് മദ്ധ്യപ്രദേശിലെ ഝാബുവ ജില്ലയിലെ ഭവ്റ ഗ്രാമത്തിൽ പണ്ഡിറ്റ് സീതാറാം തിവാരിയുടെയും ജഗ്റാണി ദേവിയുടെയും മകനായി ചന്ദ്രശേഖർ ജനിച്ചു[3]. ഈ ദമ്പതികളുടെ രണ്ടാമത്തെ മകനായിരുന്നു ചന്ദ്രശേഖർ. ചന്ദ്രശേഖറിനു മുമ്പ് നാലുമക്കൾ ജനിച്ചിരുന്നുവെങ്കിലും ഒരാൾ മാത്രമേ ജീവിച്ചിരുന്നുള്ളൂ. ബാക്കി മൂന്നുപേരും ചെറുപ്രായത്തിൽ തന്നെ മരണമടയുകയായിരുന്നു. ചന്ദ്രശേഖറിനേക്കാൾ മുതിർന്ന കുട്ടിയായിരുന്നു സുഖ്ദേവ്. [3]

പതിനാലാം വയസ്സിൽ വീടിനു തൊട്ടടുത്തുള്ള ഒരു ഗ്രാമീണപാഠശാലയിലായിരുന്നു ചന്ദ്രശേഖറിന്റെ പ്രാഥമിക വിദ്യാഭ്യാസം. നല്ല ഒരു വിദ്യാഭ്യാസം നൽകാൻ ചന്ദ്രശേഖറിന്റെ പിതാവിന് സാമ്പത്തികമായ കഴിവുണ്ടായിരുന്നില്ല. എന്നിട്ടും അദ്ദേഹം മകന്റെ ഭാവിയെ ഓർത്ത് ബനാറസിൽ അയച്ചു പഠിപ്പിക്കാൻ തീരുമാനിക്കുകയായിരുന്നു.[4] ബനാറസിൽ പല പണ്ഡിതശ്രേഷ്ഠന്മാരും വിദ്യാർത്ഥികളെ പ്രതിഫലേച്ഛയില്ലാതെ ഗുരുകുല മാതൃകയിൽ വിദ്യ അഭ്യസിപ്പിക്കുമായിരുന്നു. ഈ സൗകര്യങ്ങൾ തന്റെ മകനു ലഭിച്ചേക്കും എന്നു കരുതിയാണ് ത്രിവേദി ചന്ദ്രശേഖറിനെ ബനാറസിൽ അയച്ചു പഠിപ്പിക്കാൻ തീരുമാനിച്ചത്. ചന്ദ്രശേഖർ ഇവിടെ വച്ച് ഭിൽസ് എന്നറിയപ്പെടുന്ന ഗോത്രവർഗ്ഗക്കാരുമായി അടുത്തു, അവരിൽ നിന്നും അമ്പും വില്ലും ഉപയോഗിക്കുന്ന വിധം ചന്ദ്രശേഖർ സ്വായത്തമാക്കി. ചെറുപ്രായത്തിൽ തന്നെ ധീരദേശാഭിമാനികളുടേയും മറ്റും വീരകഥകൾ ചന്ദ്രശേഖറിൽ വല്ലാത്തൊരു ഉണർവ് സൃഷ്ടിച്ചിരുന്നു.

ആ ചെറിയ പ്രായത്തിൽ തന്നെ ഒരു പ്രക്ഷോഭത്തിൽ പങ്കെടുത്ത് അറസ്റ്റിലാവുകയും കോടതിയിലെത്തുകയും ചെയ്തു. ആ കോടതിമുറിയിൽ അദ്ദേഹം കാട്ടിയ ധൈര്യം ജഡ്ജിയെപ്പോലും അതിശയിപ്പിച്ചു. അവിടെ വച്ചാണ് അദ്ദേഹത്തിന് 'ആസാദ്' എന്ന പേര് ലഭിച്ചത്. അങ്ങനെ ചന്ദ്രശേഖർ തിവാരി, ചന്ദ്രശേഖർ ആസാദ് എന്നറിയപ്പെടാൻ തുടങ്ങി.



# സി. ശങ്കരൻനായർ

പാലക്കാട് ജില്ലയിലെ മങ്കരയിലെ ചേറ്റൂർ തറവാട്ടിൽ 1857 ജൂലായ് 15-ന് ശങ്കരൻ നായർ ജനിച്ചു. മമ്മയിൽ രാമുണ്ണിപ്പണിക്കരും ചേറ്റൂർ പാർവ്വതിയമ്മയുമായിരുന്നു മാതാപിതാക്കൾ. കോഴിക്കോട്ടും മദ്രാസിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി. 1879-ൽ നിയമബിരുദം നേടി അഭിഭാഷകനായ അദ്ദേഹം പിന്നീട് മുൻസിഫ് ആയും ജോലി നോക്കി. മദ്രാസ് സർക്കാരിന്റെ മലബാർ അന്വേഷണ കമ്മിറ്റിയംഗം, മദ്രാസ് നിയമസഭാംഗം, മദ്രാസ് ഹൈക്കോടതി ജഡ്ജി, ഇൻഡ്യൻ യൂണിവേഴ്സിറ്റി കമ്മീഷൻ അംഗം, സൈമൺ കമ്മീഷനുമായി സഹകരിക്കാനുള്ള ഇൻഡ്യൻ സെൻട്രൽ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ, തുടങ്ങിയ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചു. 1904-ൽ കമാൻഡർ ഓഫ് ഇൻഡ്യൻ എമ്പയർ എന്ന ബഹുമതി അദ്ദേഹത്തിനു നൽകിയ ബ്രിട്ടീഷ് സർക്കാർ 1912-ൽ സർ പദവിയും നൽകി.

1897-ൽ അമരാവതിയിൽ വെച്ചു കൂടിയ ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച ശങ്കരൻ നായർ ആ പദവിയിലെത്തുന്ന ഏക മലയാളിയാണ്. വിദേശ മേധാവിത്വത്തെ ഏറ്റവും അധികം വിമർശിക്കുകയും ഇൻഡ്യക്ക് പുത്രികാരാജ്യ പദവിയോടുകൂടി സ്വയം ഭരണം വേണമെന്ന് ആവശ്യപ്പെടുകയും ചെയ്ത അദ്ദേഹത്തിന്റെ പ്രസംഗം ഏറെ ശ്രദ്ധിക്കപ്പെട്ടു. 1919-ലെ ജാലിയൻ വാലാബാഗ് കൂട്ടക്കൊലയെ തുടർന്ന് ആ ദേശസ്നേഹി വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൌൺസിലിൽ നിന്നു രാജി വച്ചു. ജാലിയൻവാലാബാഗ് സംഭവത്തിന്റെ ഉത്തരവാദിയായ ജനറൽ മൈക്കിൾ ഡയറിനെതിരെയും, ക്രൂരമായ മാർഷൽ നിയമത്തിനെതിരെയും സർ ചേറ്റൂർ ശങ്കരൻ നായർ ഇംഗ്ലണ്ടിൽ ചെന്ന് കേസ് വാദിക്കുകയുണ്ടായി.[1] ഗാന്ധി യുഗത്തിന്റെ ആരംഭത്തോടെ അദ്ദേഹം കോൺഗ്രസിൽ നിന്നും അകന്നു. ഗാന്ധിജിയുടെ നിലപാടുകളോട്,പ്രത്യേകിച്ച് നിസ്സഹകരണപ്രസ്ഥാനത്തെ അദ്ദേഹം നിശിതമായി വിമർശിച്ചു. സൈമൺ കമ്മീഷനു മുൻപിൽ ഭാരതത്തിന്റെ പുത്രികാരാജ്യപദവിക്കു വേണ്ടി ശക്തമായി വാദിച്ച അദ്ദേഹം അതു സംബന്ധിച്ച വൈസ്രോയിയുടെ പ്രഖ്യാപനം വന്നതോടെ സജീവരാഷ്ട്രീയത്തിൽ നിന്നും വിരമിച്ചു. 1934 ഏപ്രിൽ 22-ന് വാർദ്ധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് അദ്ദേഹം അന്തരിച്ചു.





# കല്പന ദത്ത

ബ്രിട്ടീഷ് ഇന്ത്യയിലെ ബംഗാൾ പ്രവിശ്യയിലെ ചിറ്റഗോങ് ജില്ലയിൽ, ശ്രീപുരിൽ ജനിച്ചു. 1929-ൽ മെട്രിക്കുലേഷൻ പരീക്ഷ പാസ്സായ ശേഷം കൊൽക്കത്തയിലെ ബേതൂൺ കോളേജിൽ ബിരുദവിദ്യാർത്ഥിനിയായി. വൈകാതെ അവർ "ഛാത്രി സംഘ" എന്ന വിദ്യാർത്ഥി സംഘടനയിൽ അംഗമായി[2]

1930 ഏപ്രിൽ 18-നായിരുന്നു ചിറ്റഗോങ് ആയുധപ്പുര ആക്രമണം. 1931 മേയ് മാസത്തിൽ കൽപ്പന സൂര്യ സെൻ നേതൃത്വം നൽകിയ ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമിയിൽ അംഗമായി. അതേ വർഷം സെപ്റ്റംബറിൽ ചിറ്റഗോങിലെ യൂറോപ്യൻ ക്ലബ്ബ് ആക്രമിക്കുക എന്ന ദൗത്യം കൽപ്പന, പ്രീതിലത വാദേദാർ എന്നിവരെ ഏൽപ്പിച്ചു. എന്നാൽ ഇതിന്റെ മുന്നൊരുക്കത്തിനായി പരിസരനിരീക്ഷണം നടത്തവേ കൽപ്പന അറസ്റ്റ് ചെയ്യപ്പെട്ടു. ജാമ്യത്തിൽ പുറത്തിറങ്ങി ശേഷം ഒളിവിൽ പോയി. 1933 ഫെബ്രുവരി 17-ന് പോലീസ് ഇവരുടെ ഒളിത്താവളം വളഞ്ഞ് സൂര്യ സെന്നിനെ അറസ്റ്റ് ചെയ്തുവെങ്കിലും കൽപ്പന രക്ഷപെട്ടു. 1933 മേയ് 19-ന് വീണ്ടും അറസ്റ്റിലായി.

ചിറ്റഗോങ് ആയുധപ്പുര ആക്രമണക്കേസിന്റെ വിചാരണയെത്തുടർന്ന് കൽപ്പനയെ ജീവപര്യന്തം നാടുകടത്തുവാൻ വിധിയുണ്ടായി. 1939-ൽ മോചിതയായ അവർ 1940-ൽ കൊൽക്കത്ത യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദമെടുത്തു. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്ന കൽപ്പന ചിറ്റഗോങിൽ നിന്ന് ബംഗാൾ നിയമസഭയിലേക്ക് മൽസരിച്ചുവെങ്കിലും പരാജയപ്പെട്ടു.

1995 ഫെബ്രുവരി 8-ന് കൊൽക്കത്തയിൽ നിര്യാതയായി.

# മാതംഗിനി ഹസ്റ



മാതംഗിനി ഹസ്റ: പടിഞ്ഞാറൻ ബംഗാളിലെ മിഡ്നാപൂരിൽ നിന്ന് ഇന്ത്യൻ സ്വാതന്ത്രസമരത്തിലേക്ക്. 1932 ൽ, നിസ്സഹകരണ പ്രസ്ഥാനത്തിൽ പങ്കെടുക്കുകയും ഉപ്പ് നിയമം ലംഘിച്ചതിന് അറസ്റ്റുചെയ്യപ്പെടുകയും ചെയ്തു. 1942 സെപ്റ്റംബർ 29 ന് ബ്രിട്ടീഷ് ഇന്ത്യൻ പൊലീസ തംലൂക്ക് പൊലീസ് സ്റ്റേഷന് മുന്നിൽ വെടിവ. കൊന്നു. 'വന്ദേമാതരം' എന്ന് ഉറക്കെ വിളിച്ച് പറഞ്ഞാണ് അവർ മരണം വരിച്ചത്. 'ഗാന്ധി ബുരി' എന്നറിയപ്പെടുന്നു.





# രബീന്ദ്രനാഥ ടാഗോർ

**രബി(രവി)** എന്ന വിളിപ്പേരുണ്ടായിരുന്ന ടാഗോർ കൊൽക്കത്തയിലെ കൊട്ടാര സദൃശ്യമായ ജോറസങ്കോ ഗൃഹത്തിൽ 1861 മെയ് 7നു ദേബേന്ദ്രനാഥ് ടാഗോറിന്റെയും ശാരദാ ദേവിയുടെയും പതിനാലു മക്കളിൽ പതിമൂന്നാമനായി പിറന്നു. വീടിനടുത്തുള്ള പ്രാഥമിക വിദ്യാലയത്തിലായിരുന്നു അദ്ദേഹത്തിന്റെ വിദ്യാഭ്യാസം തുടങ്ങിയത്. അമ്മ ചെറുപ്പത്തിലേ മരിച്ചതിനാൽ വേലക്കാരാണ് ടാഗോറിനെ നോക്കിയത്. പിതാവ് കലാകാരൻമാരെ വീട്ടിൽ കൊണ്ടുവന്നു താമസിപ്പിക്കുകയും കുട്ടികളെ സംഗീതം പഠിപ്പിക്കുകയും ചെയ്തിരുന്നു. ടാഗോറിന്റെ സഹോദരങ്ങളിൽ ദ്വിജേന്ദ്രനാഥ് കവിയും തത്ത്വചിന്തകനും ജ്യോതിന്ദ്രനാഥ് സംഗീതജ്ഞനും സത്യേന്ദ്രനാഥ് ബ്രിട്ടീഷ് ഇന്ത്യൻ സിവിൽ സർവീസ് ഉദ്യോഗസ്ഥനും ആയിരുന്നു. സഹോദരി സ്വർണ്ണകുമാരി നോവലിസ്റ്റായിരുന്നു. പതിനൊന്നാംവയസിൽ (1873) വയസ്സിൽഉപനയനത്തിനുശേഷം ടാഗോർ തന്റെ പിതാവിനോടൊപ്പം മാസങ്ങൾ നീണ്ട ഭാരത പര്യടനത്തിന് തിരിച്ചു. ഈ യാത്രയിൽ അവർ കുടുംബ തോട്ടമായ ശാന്തിനികേതനം, അമൃത്സർ വഴി ഹിമാലയ സാനുക്കളിലെ ഡൽഹൗസി സുഖവാസ കേന്ദ്രത്തിലെത്തി. അവിടെ വച്ച് ടാഗോർ ജീവചരിത്രങ്ങൾ, ചരിത്രം, അഗോള ശാസ്ത്രം, ആധുനിക ശാസ്ത്രം, സംസ്കൃതം, കാളിദാസ കൃതികൾ തുടങ്ങിയവ പഠിച്ചു. തിരിച്ചുവന്ന അദ്ദേഹം പിന്നെ സ്കൂളിൽ പോകാൻ താല്പര്യം കാണിച്ചില്ല...വീട്ടുകാർ രബീന്ദ്രനാഥിനെ സ്കൂളിൽ വിടേണ്ടെന്നു തീരുമാനിച്ചു.

വീട്ടിലിരുത്തി പഠിപ്പിക്കാൻ അദ്ധ്യാപകരെയും ഏർപ്പാടാക്കി. 1877-ൽ ടാഗോർ തന്റെ കൃതികളുടെ ഒരു സമാഹാരം പുറത്തിറക്കുകയും അതിൽ മൈഥിലി ഭാഷയിലെഴുതിയ കവിത ശ്രദ്ധിക്കപ്പെടുകയുമുണ്ടായി. അവ ഭാനുസിംഹൻ എന്ന 17ആം നൂറ്റാണ്ടിലെ ഒരു വൈഷ്ണവ കവിയുടെ നഷ്ടപ്പെട്ട കൃതികളാണ് എന്ന് ടാഗോർ തമാശയായി പലപ്പോഴും പറഞ്ഞിരുന്നു. ബംഗാളിയിലെ ആദ്യത്തെ ചെറുകഥയായ "ഭിഖാരിണി" (ഭിക്ഷക്കാരി) ടാഗോർ 1877-ൽ രചിച്ചു. 1882-ൽ "സന്ധ്യ സംഗീത്" എന്ന സമാഹാരത്തിൽ പ്രസിദ്ധമായ 'ഉറക്കമുണർന്ന വെള്ളച്ചാട്ടം" എന്ന കവിതയുമുൾപ്പെട്ടിരുന്നു.





# രബീന്ദ്രനാഥ ടാഗോർ

**രബി(രവി)** എന്ന വിളിപ്പേരുണ്ടായിരുന്ന ടാഗോർ കൊൽക്കത്തയിലെ കൊട്ടാര സദൃശ്യമായ ജോറസങ്കോ ഗൃഹത്തിൽ 1861 മെയ് 7നു ദേബേന്ദ്രനാഥ് ടാഗോറിന്റെയും ശാരദാ ദേവിയുടെയും പതിനാലു മക്കളിൽ പതിമൂന്നാമനായി പിറന്നു. വീടിനടുത്തുള്ള പ്രാഥമിക വിദ്യാലയത്തിലായിരുന്നു അദ്ദേഹത്തിന്റെ വിദ്യാഭ്യാസം തുടങ്ങിയത്. അമ്മ ചെറുപ്പത്തിലേ മരിച്ചതിനാൽ വേലക്കാരാണ് ടാഗോറിനെ നോക്കിയത്. പിതാവ് കലാകാരൻമാരെ വീട്ടിൽ കൊണ്ടുവന്നു താമസിപ്പിക്കുകയും കുട്ടികളെ സംഗീതം പഠിപ്പിക്കുകയും ചെയ്തിരുന്നു. ടാഗോറിന്റെ സഹോദരങ്ങളിൽ ദ്വിജേന്ദ്രനാഥ് കവിയും തത്ത്വചിന്തകനും ജ്യോതിരിന്ദ്രനാഥ് സംഗീതജ്ഞനും സത്യേന്ദ്രനാഥ് ബ്രിട്ടീഷ് ഇന്ത്യൻ സിവിൽ സർവീസ് ഉദ്യോഗസ്ഥനും ആയിരുന്നു. സഹോദരി സ്വർണ്ണകുമാരി നോവലിസ്റ്റായിരുന്നു. പതിനൊന്നാംവയസിൽ (1873) വയസ്സിൽഉപനയനത്തിനുശേഷം ടാഗോർ തന്റെ പിതാവിനോടൊപ്പം മാസങ്ങൾ നീണ്ട ഭാരത പര്യടനത്തിന് തിരിച്ചു. ഈ യാത്രയിൽ അവർ കുടുംബ തോട്ടമായ ശാന്തിനികേതനം, അമൃത്സർ വഴി ഹിമാലയ സാനുക്കളിലെ ഡൽഹൗസി സുഖവാസ കേന്ദ്രത്തിലെത്തി. അവിടെ വച്ച് ടാഗോർ ജീവചരിത്രങ്ങൾ, ചരിത്രം, ഖഗോള ശാസ്ത്രം, ആധുനിക ശാസ്ത്രം, സംസ്കൃതം, കാളിദാസ കൃതികൾ തുടങ്ങിയവ പഠിച്ചു. തിരിച്ചുവന്ന അദ്ദേഹം പിന്നെ സ്കൂളിൽ പോകാൻ താല്പര്യം കാണിച്ചില്ല...വിട്ടുകാർ രബീന്ദ്രനാഥിനെ സ്കൂളിൽ വിടേണ്ടെന്നു തീരുമാനിച്ചു.

വീട്ടിലിരുത്തി പഠിപ്പിക്കാൻ അദ്ധ്യാപകരെയും ഏർപ്പാടാക്കി. 1877-ൽ ടാഗോർ തന്റെ കൃതികളുടെ ഒരു സമാഹാരം പുറത്തിറക്കുകയും അതിൽ മൈഥിലി ഭാഷയിലെഴുതിയ കവിത ശ്രദ്ധിക്കപ്പെടുകയുമുണ്ടായി. അവ ഭാനുസിംഹൻ എന്ന 17ആം നൂറ്റാണ്ടിലെ ഒരു വൈഷ്ണവ കവിയുടെ നഷ്ടപ്പെട്ട കൃതികളാണ് എന്ന് ടാഗോർ തമാശയായി പലപ്പോഴും പറഞ്ഞിരുന്നു. ബംഗാളിയിലെ ആദ്യത്തെ ചെറുകഥയായ "ഭിഖാരിണി" (ഭിക്ഷക്കാരി) ടാഗോർ 1877-ൽ രചിച്ചു. 1882-ൽ "സന്ധ്യ സംഗീത്" എന്ന സമാഹാരത്തിൽ പ്രസിദ്ധമായ "ഉറക്കമുണർന്ന വെള്ളച്ചാട്ടം" എന്ന കവിതയുമുൾപ്പെട്ടിരുന്നു.



ഇ.എം.എസ്

**കേ**രളത്തിന്റെ പ്രഥമ മുഖ്യമന്ത്രിയും കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവും പ്രഭാഷകനും എഴുത്തുകാരനുമായിരുന്ന ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ ജന്മവാർഷിക ദിനമാണ് ജൂൺ 13. മലയാളിക്ക് രാഷ്ട്രീയത്തിന്റെയും ധൈഷണികതയുടെയും മൂന്നുവാക്കായിരുന്നു ഇ.എം.എസ്. ജീവിതത്തെയും സമൂഹത്തെയും സൂക്ഷ്മമായി നിരീക്ഷിക്കുകയും വിലയിരുത്തുകയും അടയാളപ്പെടുത്തുകയും ചെയ്ത കമ്മ്യൂണിസ്റ്റ് ദാർശനികനായിരുന്നു ഇ.എം.എസ്.

1909 ൽ മലപ്പുറം ജില്ലയിലെ ഏലംകുളം മനയിൽ ജനിച്ച ഇ.എം.എസ് നമ്പൂതിരിപ്പാട് ജന്മിത്വത്തിന്റെയും സമ്പത്തിന്റെയും അധികാരവും സൗകര്യങ്ങളും വിട്ടെറിഞ്ഞ് ബ്രാഹ്മണ മേധാവിത്വത്തിന്റെ പൂണൂലറുത്തുമാറ്റി ജനങ്ങൾക്കിടയിലേക്കിറങ്ങി. കോൺഗ്രസിൽ പ്രവർത്തിച്ചപ്പോഴും പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നപ്പോഴും മുഖ്യമന്ത്രിയും പാർട്ടി ഭാരവാഹിയും ഒക്കെ ആയപ്പോഴും കേരളത്തിന്റെ സാമൂഹിക രഷ്ട്രീയ പരിഷ്ക്കരെണങ്ങൾക്ക് അദ്ദേഹം നായകത്വം വഹിച്ചു.





# എ.കെ.ജി

1904 ഒക്ടോബർ ഒന്നാം തീയതി വടക്കൻ കേരളത്തിലെ കണ്ണൂർ ജില്ലയിൽ പെരളശ്ശേരിക്കടുത്ത് മക്രേരി ഗ്രാമത്തിലെ ആയില്യത്ത്കുറ്റ്യേരി എന്ന ജന്മി തറവാട്ടിൽ വെള്ളുവക്കണ്ണോത്ത് രൈരുനായരുടേയും, ആയില്യത്ത് കുറ്റിയേരി മാധവിയമ്മയുടേയും മകനായി ജനിച്ചു. വിദ്യാഭ്യാസം തലശ്ശേരിയിലായിരുന്നു. എ.കെ.ഗോപാലന്റെ പിതാവ് കാടാച്ചിറയിൽ നടത്തിയിരുന്ന ഇംഗ്ലീഷ് വിദ്യാലയത്തിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. കല-വിദ്യാഭ്യാസാദി കാര്യങ്ങളിൽ അടങ്ങാത്ത താൽപര്യമായിരുന്നു അദ്ദേഹത്തിന്. പിതാവിൽ നിന്നാണ് പൊതുപ്രവർത്തനത്തിന്റെ ബാലപാഠങ്ങൾ അദ്ദേഹം പഠിച്ചത്.[5]

വിദ്യാഭ്യാസാനന്തരം അധ്യാപകനായി ജോലിക്കു ചേർന്നു. പെരളശ്ശേരി ബോർഡ് ഹൈസ്കൂൾ, ചൊവ്വ ഹൈസ്കൂൾ, കോഴിക്കോട് മദ്രസത്തുൽ മുഹമ്മദീയ സ്കൂൾ എന്നിവിടങ്ങളിൽ അധ്യാപകനായി ജോലി നോക്കി. അധ്യാപകനായി ജോലി ചെയ്യുന്ന കാലഘട്ടത്തിൽത്തന്നെ പൊതുപ്രവർത്തനത്തിനോടു അടങ്ങാത്ത താൽപര്യമായിരുന്നു അദ്ദേഹത്തിന്. വിദേശ വസ്ത്ര ബഹിഷ്കരണം, ഖാദി പ്രചാരണം, എന്നിവയിൽ അദ്ദേഹത്തിനു താൽപര്യം ജനിച്ചു.

പയ്യന്നൂരിലേക്കു വന്ന ജാഥ നയിച്ച കേളപ്പന്റെ പ്രസംഗം ഗോപാലന്റെ മനസ്സിനെ തന്നെ മാറ്റിമറിച്ചു. 'രണ്ടു ചിന്താധാരകൾ തമ്മിൽ മനസ്സിൽ സംഘട്ടനം ആരംഭിച്ചതിനാൽ അന്നു രാത്രി എനിക്കുറങ്ങാൻ സാധിച്ചില്ല' എന്നാണ് ഗോപാലൻ കേളപ്പന്റെ പ്രസംഗം തന്റെ മനസ്സിനെ മഥിച്ചതിനെക്കുറിച്ച്[6] തന്റെ ആത്മകഥയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.[7] എന്നാൽ മകന്റെ ഈ നിലപാട് പിതാവിനിഷ്ടമില്ലായിരുന്നു. പിതാവിന്റെ ആഗ്രഹത്തിനു വിരുദ്ധമായി ഗോപാലൻ അധ്യാപകജോലി ഉപേക്ഷിക്കുകയും ജനസേവനത്തിനായി ഇറങ്ങിത്തിരിക്കുകയും ചെയ്തു. എന്നാൽ പിതാവിന്റെ നിർബന്ധത്തിനു വഴങ്ങി ഗോപാലൻ തിരികെ വീണ്ടും അധ്യാപക ജോലിയിൽ പ്രവേശിച്ചു.[8] അധ്യാപകന്റെ സേവനം പൊതുജനസേവനമായി കരുതി ഗോപാലൻ തന്റെ കർമ്മത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിച്ചു. നാളത്തെ പൗരന്മാരായി തീരേണ്ട തന്റെ വിദ്യാർത്ഥികളെ അദ്ദേഹം രാഷ്ട്രീയബോധം കൂടെ പഠിപ്പിച്ചു.[9] അധ്യാപനജോലി കൂടാതെ സ്കൂളിന്റെ മറ്റു പ്രവർത്തനങ്ങളിൽ കൂടെ ഗോപാലൻ സജീവ പങ്കാളിയായിരുന്നു. ജനങ്ങളുടെ കൂടെ സഹകരണത്തോടെ സ്കൂളിനായി പുതിയ കെട്ടിടം നിർമ്മിക്കുക, കലാകായിക പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളോടൊപ്പം പങ്കെടുക്കുക എന്നിവയിലെല്ലാം ജനങ്ങളോട് കൂടുതൽ അടുക്കാൻ ശ്രമിക്കുന്ന ഒരു മനുഷ്യസ്നേഹി ഉണ്ടായിരുന്നു.




# നേതാജി

ഒറീസ്സയിലെ കട്ടക്കാണ് സുഭാഷ് ചന്ദ്ര ബോസിന്റെ ജന്മസ്ഥലം. കട്ടക് അന്ന് ബംഗാളിന്റെ ഭാഗമായിരുന്നു. അച്ഛൻ ജാനകിനാഥ് ബോസ്, ഒരു പ്രശസ്ത വക്കീലായിരുന്നു. അമ്മ പ്രഭാവതി. ഈ ദമ്പതികളുടെ ആറാമത്തെ മകനായിരുന്നു സുഭാസ്. പുത്രസൗഭാഗ്യം കൊണ്ട് സമ്പന്നരായിരുന്നു ജാനകീനാഥും, പ്രഭാവതിയും, അതുകൊണ്ടു തന്നെ മറ്റു കുട്ടികളെപ്പോലെ സുഭാസിനും വേണ്ടത്ര പരിചരണം ലഭിച്ചിരുന്നില്ല.[4]

പ്രൊട്ടസ്റ്റന്റ് മിഷണറീസ് നടത്തിയിരുന്ന ഒരു യൂറോപ്യൻ മാതൃകയിലുള്ള സ്കൂളിലാണ് സുഭാഷ് തന്റെ പ്രാഥമിക വിദ്യാഭ്യാസത്തിനായി ചേർന്നത്. സുഭാഷ് ചെറുപ്പത്തിൽ ഒരിക്കലും ഇംഗ്ലീഷ് ഭാഷ സംസാരിച്ചിരുന്നില്ല. ബ്രിട്ടീഷ് നേതൃത്വത്തിലുള്ള വിദ്യാഭ്യാസരീതിയിൽ കുട്ടിയായിരുന്ന സുഭാഷ് സംതൃപ്തനല്ലായിരുന്നു. സാമൂഹ്യപ്രശ്നങ്ങളിൽ നിന്നകന്നു നിൽക്കുന്ന ഈ വിദ്യാഭ്യാസസംസ്കാരം സുഭാഷിന് ദഹിച്ചില്ല.[5] കൽക്കട്ടയിലെ പ്രശസ്തമായ പ്രസിഡൻസി കോളേജിലാണ് സുഭാഷ് ഉന്നതവിദ്യാഭ്യാസത്തിനായി ചേർന്നത്. കോളേജ് വിദ്യാഭ്യാസത്തിനോടൊപ്പം കോളേജിനു പുറത്തു നടക്കുന്ന വിപ്ലവപ്രവർത്തനങ്ങളെ സുഭാഷ് കൗതുകപൂർവ്വം നിരീക്ഷിച്ചിരുന്നു.

കേംബ്രിഡ്ജ് സർവ്വകലാശാലയിലായിരുന്നു അദ്ദേഹത്തിന്റെ വിദ്യാഭ്യാസം. 1920 - ൽ അദ്ദേഹം ഇന്ത്യൻ സിവിൽ സർവീസ് പ്രവേശനപ്പരീക്ഷ എഴുതി. പക്ഷെ ഉയർന്ന മാർക്കുണ്ടായിരുന്നിട്ടും സ്വാതന്ത്ര്യ സമരത്തിൽ പ്രവർത്തിക്കാൻ വേണ്ടി അദ്ദേഹം സിവിൽ സർവീസ് ഉപേക്ഷിച്ചു. പിന്നീട് അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ചേർന്നു. പക്ഷേ ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്തവുമായി യോജിച്ചു പോകാൻ ബോസിനു കഴിഞ്ഞില്ല. അതിനാൽ അദ്ദേഹം കൽക്കട്ടയിലേക്ക് പോയി, അവിടെ ചിത്തരഞ്ജൻ ദാസ് എന്ന ബംഗാളി സ്വാതന്ത്ര്യസമര സേനാനിയുടെ കീഴിൽ പ്രവർത്തിക്കാനാരംഭിച്ചു. മോട്ടിലാൽ നെഹ്രുവിനോടൊപ്പം സ്വരാജ് പാർട്ടി സ്ഥാപിച്ച ആളാണ് ചിത്തരഞ്ജൻ ദാസ്. 1921- ൽ വെയിൽസിലെ രാജകുമാരൻ ഇന്ത്യ സന്ദർശിക്കുന്നതിനോടനുബന്ധിച്ചുള്ള ആഘോഷങ്ങൾ ബഹിഷ്കരിക്കാൻ ബോസ് ജനങ്ങളോട് ആഹ്വാനം ചെയ്തു. അതെത്തുടർന്ന് അദ്ദേഹം അറസ്റ്റിലും ആയി.

1924 ഏപ്രിലിൽ, പുതിയതായി രൂപവത്കരിച്ച കൽക്കട്ട കോർപ്പറേഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. ചിത്തരഞ്ജൻ ദാസായിരുന്നു കോർപ്പറേഷൻ മേയർ. 3000 രൂപ മാസശമ്പളത്തോടെയായിരുന്നു അദ്ദേഹത്തെ നിയമിച്ചത് പക്ഷെ 1500 രൂപയെ അദ്ദേഹം വാങ്ങിയിരുന്നുള്ളു. ആ വർഷം തന്നെ ഒക്ടോബറിൽ തീവ്രവാദിയാണെന്ന സംശയത്തിന്റെ പുറത്ത് ബോസിനെ അറസ്റ്റ് ചെയ്തു. ആദ്യം അലിപ്പൂർ ജയിലിലായിരുന്നു പാർപ്പിച്ചിരുന്നതെങ്കിലും പിന്നീട് അദ്ദേഹത്തെ ബർമ്മയിലേക്ക് നാടുകടത്തി. സെപ്തംബർ 25ന് അദ്ദേഹം ജയിൽ മോചിതനായി, അതിനു ശേഷം നടന്ന തിരഞ്ഞെടുപ്പിൽ കൽക്കട്ട മേയറായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.



# മോത്തിലാൽ 'നെഹ്റു

ഇന്ത്യൻ സ്വാതന്ത്ര്യസമരസേനാനിയും, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റുമായിരുന്നു **മോത്തിലാൽ നെഹ്രു** (6 മെയ് 1861 – 6 ഫെബ്രുവരി 1931).[2] രണ്ടുതവണ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റായിരുന്നു അദ്ദേഹം. സ്വതന്ത്ര ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രുവിന്റെ പിതാവ് കൂടിയായിരുന്നു അദ്ദേഹം. ഈസ്റ്റിന്ത്യാ കമ്പനിയുടെ ആദ്യത്തെ അഭിഭാഷകനായിരുന്നു മോത്തിലാലിന്റെ മുത്തച്ഛനായിരുന്ന ലക്ഷ്മീനാരായണൻ. മോത്തിലാലിന്റെ പിതാവ് ഗംഗാധർ ഒരു പോലീസ് ഉദ്യോഗസ്ഥനായിരുന്നു. ജയ്പൂർ സംസ്ഥാനത്തിലെ ഖേത്രിയിലാണ് മോത്തിലാൽ തന്റെ ബാല്യകാലം ചിലവഴിച്ചത്. അദ്ദേഹത്തിന്റെ മുതിർന്ന സഹോദരനായിരുന്ന നന്ദലാൽ അവിടുത്തെ ദിവാൻ ആയിരുന്നു. 1870 ൽ നന്ദലാൽ തന്റെ പദവി രാജിവെച്ച് ആഗ്രയിൽ അഭിഭാഷകനായി ജോലി നോക്കാൻ തുടങ്ങി. അതോടെ അദ്ദേഹത്തിന്റെ കുടുംബവും ആഗ്രയിലേക്ക് കുടിയേറി. കുറേക്കാലങ്ങൾക്കു ശേഷം, ഹൈക്കോടതി അലഹബാദിൽ സ്ഥിരമായപ്പോൾ, നെഹ്രു കുടുംബം അവിടെ സ്ഥിരവാസമുറപ്പിച്ചു.[3]

1918 ൽ ഗാന്ധിജിയുടെ ആശയങ്ങളിൽ ആകൃഷ്ടനായി രാഷ്ട്രീയത്തിൽ പ്രവേശിച്ചു. മോത്തിലാൽ രണ്ട് തവണ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചു. നിസ്സഹകരണപ്രസ്ഥാനത്തിന്റെ ഭാഗമായി അറസ്റ്റുചെയ്ത് ജയിലിലടക്കപ്പെട്ടു. 1922 ലെ ചൗരിചൗരാ സംഭവുമായി ബന്ധപ്പെട്ട് നിയമലംഘനസമരം നിറുത്തിവെച്ച ഗാന്ധിജിയുടെ നടപടിയെ തുറന്ന ഭാഷയിൽ മോത്തിലാൽ വിമർശിച്ചു. കോൺഗ്രസ്സിൽ ജവഹർലാൽ നെഹ്രുവിന്റെ രംഗപ്രവേശത്തോടെ മോത്തിലാൽ സ്ഥാനമൊഴിഞ്ഞു. ജവഹർലാൽ നെഹ്രുവിന്റെ പുത്തൻ ആശയങ്ങൾക്കും, പ്രവർത്തനരീതികൾക്കും കോൺഗ്രസ്സിൽ ഏറെ പിന്തുണകിട്ടിയിരുന്നു. കോൺഗ്രസ്സിന്റെ നേതൃത്വം പിതാവിൽ നിന്നും പുത്രനിലേക്കു കൈമാറുന്നത് കുടുംബാംഗങ്ങൾ സന്തോഷത്തോടെയാണ് നോക്കിക്കണ്ടത്. ബ്രിട്ടനിൽ നിന്നും ഇന്ത്യക്ക് ഡൊമിനിയൻ സ്റ്റാറ്റസ് പദവി എന്ന നിർദ്ദേശത്തെ മോത്തിലാൽ സ്വാഗതം ചെയ്തിരുന്നുവെങ്കിലും, ജവഹർലാൽ അതിനെ എതിർത്തിരുന്നു.



# ആനി മസ്കറീൻ

അക്കാമ്മ ചെറിയാൻ , പട്ടം താണുപിള്ള എന്നിവരോടൊപ്പം , ഇന്ത്യൻ രാജ്യത്തിനുള്ളിൽ നാട്ടുരാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിനും സംയോജനത്തിനും വേണ്ടിയുള്ള പ്രസ്ഥാനങ്ങളുടെ നേതാക്കളിൽ ഒരാളായിരുന്നു മസ്കറീൻ . [3] [4] 1938 ഫെബ്രുവരിയിൽ, തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് എന്ന രാഷ്ട്രീയ പാർട്ടി രൂപീകരിച്ചപ്പോൾ, അംഗത്വമെടുത്ത ആദ്യ വനിതകളിൽ ഒരാളായി അവർ മാറി. തിരുവിതാംകൂറിന് ഉത്തരവാദപ്പെട്ട സർക്കാർ സ്ഥാപിക്കുക എന്നതായിരുന്നു പാർട്ടിയുടെ ലക്ഷ്യം, പട്ടം താണുപിള്ള പ്രസിഡന്റായി കെ.ടി.തോമസ്, പി.എസ്. നടരാജപിള്ള , സെക്രട്ടറിമാരായ എം.ആർ.മാധവവാര്യർ എന്നിവരായിരുന്നു അത്., ട്രഷറർ. മസ്കറീൻ വർക്കിംഗ് കമ്മിറ്റിയിലേക്ക് നിയമിക്കപ്പെട്ടു, പാർട്ടിയുടെ പബ്ലിസിറ്റി കമ്മിറ്റിയിലും പ്രവർത്തിച്ചു. പ്രവർത്തക സമിതിയിലെ ആദ്യ പ്രവർത്തനങ്ങൾ ഒരു നിവേദനം അയയ്ക്കാൻ ആയിരുന്നു മഹാരാജാവിന്റെ ശ്രീ ചിത്തിര തിരുനാൾ സർ നിയമിച്ചത് അവസാനിപ്പിച്ചാലും ആവശ്യപ്പെടാൻ സി.പി. രാമസ്വാമി അയ്യർ എന്ന തന്റെ വേഷം, അദ്ദേഹത്തിന്റെ അന്വേഷണം മുറപോലെ അപ്പോയിന്റ്മെന്റുകളും സാമ്പത്തിക കാര്യങ്ങൾ ദിവാൻ . അദ്ദേഹത്തിന്റെ ഭരണത്തിനെതിരായ ആക്രമണത്തിന് അയ്യരും അദ്ദേഹത്തിന്റെ അനുയായികളും തിരിച്ചടിച്ചു. [5]



# ആനി മസ്ക്രീൻ

അക്കാമ്മ ചെറിയാൻ , പട്ടം താണുപിള്ള എന്നിവരോടൊപ്പം , ഇന്ത്യൻ രാജ്യത്തിനുള്ളിൽ നാട്ടുരാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിനും സംയോജനത്തിനും വേണ്ടിയുള്ള പ്രസ്ഥാനങ്ങളുടെ നേതാക്കളിൽ ഒരാളായിരുന്നു മസ്കരീൻ . [3] [4] 1938 ഫെബ്രുവരിയിൽ, തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് എന്ന രാഷ്ട്രീയ പാർട്ടി രൂപീകരിച്ചപ്പോൾ, അംഗത്വമെടുത്ത ആദ്യ വനിതകളിൽ ഒരാളായി അവർ മാറി. തിരുവിതാംകൂറിന് ഉത്തരവാദപ്പെട്ട സർക്കാർ സ്ഥാപിക്കുക എന്നതായിരുന്നു പാർട്ടിയുടെ ലക്ഷ്യം, പട്ടം താണുപിള്ള പ്രസിഡന്റായി കെ.ടി.തോമസ്, പി.എസ്. നടരാജപിള്ള , സെക്രട്ടറിമാരായ എം.ആർ.മാധവവാര്യർ എന്നിവരായിരുന്നു അത്., ട്രഷറർ. മക്സറീൻ വർക്കിംഗ് കമ്മിറ്റിയിലേക്ക് നിയമിക്കപ്പെട്ടു, പാർട്ടിയുടെ പബ്ലിസിറ്റി കമ്മിറ്റിയിലും പ്രവർത്തിച്ചു. പ്രവർത്തക സമിതിയിലെ ആദ്യ പ്രവർത്തനങ്ങൾ ഒരു നിവേദനം അയയ്ക്കാൻ ആയിരുന്നു മഹാരാജാവിന്റെ ശ്രീ ചിത്തിര തിരുനാൾ സർ നിയമിച്ചത് അവസാനിപ്പിച്ചാലും ആവശ്യപ്പെടാൻ സി.പി. രാമസ്വാമി അയ്യർ എന്ന തന്റെ വേഷം, അദ്ദേഹത്തിന്റെ അന്വേഷണം മുറപോലെ അപ്പായ്ന്റ്മെന്റുകളും സാമ്പത്തിക കാര്യങ്ങൾ ദിവാൻ . അദ്ദേഹത്തിന്റെ ഭരണത്തിനെതിരായ ആക്രമണത്തിന് അയ്യരും അദ്ദേഹത്തിന്റെ അനുയായികളും തിരിച്ചടിച്ചു. [5]




# മണിറാം ദിവാൻ

പതിനാറാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കനൗജിൽ നിന്ന് അസമിലേക്ക് കുടിയേറിയ കുടുംബത്തിലാണ് മണിറാം ജനിച്ചത് . അദ്ദേഹത്തിന്റെ പിതൃ പൂർവ്വികർ അഹോം കോടതിയിൽ ഉന്നത പദവികൾ വഹിച്ചിരുന്നു . മോമോറിയ കലാപത്തെത്തുടർന്ന് (1769-1806) അഹോം ഭരണം ഗണ്യമായി ദുർബലപ്പെട്ടു . അസമിലെ ബർമീസ് അധിനിവേശ സമയത്ത് (1817-1826), മണിറാമിന്റെ കുടുംബം ബംഗാളിൽ അഭയം തേടി, അത് ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ നിയന്ത്രണത്തിലായിരുന്നു . ഒന്നാം ആംഗ്ലോ-ബർമീസ് യുദ്ധത്തിന്റെ (1824-1826) ആദ്യ നാളുകളിൽ ബ്രിട്ടീഷ് സംരക്ഷണത്തിൽ കുടുംബം അസമിലേക്ക് മടങ്ങി . [3] ഈസ്റ്റ് ഇന്ത്യാ കമ്പനി ബർമികളെ പരാജയപ്പെടുത്തി യാൻഡബോ ഉടമ്പടിയിലൂടെ അസമിന്റെ നിയന്ത്രണം നേടി.

തന്റെ കരിയറിന്റെ തുടക്കത്തിൽ, വടക്കുകിഴക്കൻ ഇന്ത്യയിലെ ഗവർണർ ജനറലിന്റെ ഏജന്റായ ഡേവിഡ് സ്കോട്ടിന്റെ കീഴിൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഭരണത്തിന്റെ വിശ്വസ്ത സഹകാരിയായി മണിറാം മാറി . [3] 1828-ൽ, 22-കാരനായ മണിറാം ഒരു നിയമിക്കപ്പെട്ടു തഹസിൽദാർ ഒരു ശിരസ്തദാർ എന്ന രംഗ്പൂർ സ്കോട്ടിന്റെ ഡെപ്യൂട്ടി ക്യാപ്റ്റൻ ജോൺ ബ്രയാൻ നെഉഫ്വില്ലെ കീഴിൽ. [4]

പിന്നീട്, മണിറാം ഒരു ചെയ്തു ബൊര്ഭംദര് പ്രകാരം (പ്രധാനമന്ത്രി) പുരംദര് സുഭാപ , 1833-1838 കാലത്ത് അസം ഉദ്യോഗസ്ഥൻ ഭരണാധികാരി. പുരന്ദറിന്റെ മകൻ കമലേശ്വര് സിംഹയുടെയും ചെറുമകനായ കന്ദർപേശ്വര് സിംഹയുടെയും സഹകാരിയായി അദ്ദേഹം തുടർന്നു. [5] മണിറാം പുരന്ദർ സിംഹയുടെ വിശ്വസ്തനായിത്തീർന്നു, ബ്രിട്ടീഷുകാർ രാജാവിനെ പുറത്താക്കിയപ്പോൾ ഷെരിസ്തദാർ, തഹസിൽദാർ എന്നീ സ്ഥാനങ്ങളിൽ നിന്ന് രാജിവച്ചു.

## പർബതിഗിരി




പർബതി ഗിരി: ഒഡീഷയിൽ നിന്നുള്ള സ്വാതന്ത്ര്യസമര പ്രവർത്തകയായിരുന്നു പർബതി ഗിരി. ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിൽ മുൻപന്തിയിൽ നിൽക്കുമ്പോൾ അവൾക്ക് 16 വയസ്സായിരുന്നു. ബ്രിട്ടീഷ് വിരുദ്ധ പ്രവർത്തനങ്ങൾക്ക് രണ്ട് വർഷം ജയിലിൽ അടയ്ക്കപ്പെട്ടു. ഇന്ത്യ സ്വാതന്ത്ര്യം നേടിയ ശേഷം, അനാഥരുടെ ക്ഷേമത്തിനായി ഗിരി ജീവിതം സമർപ്പിച്ചു. 'ഒഡീഷയിലെ മദർ തെരേസ'എന്ന് അറിയപെടുന്നു.

# റാണി ഗൈൻ ദിൻ ലിയു



റാണി ഗൈൻദിൻലിയു: ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിനെതിരെ കലാപത്തിന് നേതൃത്വം നൽകിയ നാഗ ആത്മീയ, രാഷ്ട്രീയ നേതാവായിരുന്നു മണിപ്പൂരുകാരിയായ റാണി ഗൈൻദിൻലിയു. 1932 ൽ പതിനാറാമത്തെ വയസ്സിൽ ഗൈഡിൻലിയുവിനെ ബ്രിട്ടീഷ് പൊലീസ് അറസ്റ്റ് ചെയ്തു. തുടർന്ന് ജീവപര്യന്തം തടവിന് ശിക്ഷിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് ശേഷം 1947 ൽ മോചിതയായ അവർ ജനങ്ങളുടെ ഉന്നമനത്തിനായി തുടർന്നു പ്രവർത്തിച്ചു. ഗൈൻദിൻലിയുവിന് 'റാണി' പദവി നൽകിയത് ജവഹർലാൽ നെഹ്റുവാണ്.




# ഡോ.രാജേന്ദ്രപ്രസാദ്

ബീഹാറിലെ സീവാൻ ജില്ലയിലെ സെരാദെയ് എന്ന സ്ഥലത്ത് 1884 ഡിസംബർ 3-നാണ് രാജേന്ദ്രപ്രസാദ് ജനിച്ചത്. പിതാവ് മഹാദേവ് സഹായ്, മാതാവ് കമലേശ്വരി ദേവി.[2]

പ്രസാദിന് അഞ്ചുവയസ്സുള്ളപ്പോൾ തന്നെ മാതാപിതാക്കൾ ഒരു [3]പണ്ഡിതന്റെയടുക്കൽ പേർഷ്യൻ ഭാഷകളും, ഹിന്ദിയും, കണക്കും അഭ്യസിക്കാൻ കൊണ്ടുചെന്നാക്കി. ഗ്രാമീണപഠനത്തിനുശേഷം ചാപ്ര സർക്കാർ സ്കൂളിലായിരുന്നു പ്രാഥമികവിദ്യാഭ്യാസം. 1896ൽ തന്റെ പന്ത്രണ്ടാം വയസിൽ രാജവൻഷി ദേവിയെ അദ്ദേഹം വിവാഹം കഴിച്ചു. ഉന്നതപഠനത്തിനായി പിന്നീട് ജ്യേഷ്ഠന്റെയൊപ്പം പാട്നയിലേക്കു പോയി. അവിടെനിന്നും രണ്ടുവർഷത്തെ വിദ്യാഭ്യാസത്തിനുശേഷം കൽക്കട്ടാ സർവ്വകലാശാലയിൽ സ്കോളർഷിപ്പോടെ പ്രവേശനം ലഭിച്ചു. 1902 ൽ കൽക്കട്ട പ്രസിഡൻസ് കോളേജിൽ സയൻസ് മുഖ്യവിഷയമായി എടുത്തു പഠനം തുടങ്ങി. ഉപരിപഠനത്തിനായി പ്രസാദ് കല ആണ് തിരഞ്ഞെടുത്തത്. പിന്നീട് അദ്ദേഹം സാമ്പത്തികശാസ്ത്രത്തിൽ ശ്രദ്ധിക്കുകയും കൽക്കത്ത യൂണിവേഴ്സിറ്റിയിൽ നിന്നും 1907ൽ ബിരുദാനന്തരബിരുദം നേടുകയും ചെയ്തു.

ഇന്ത്യൻ സ്വാതന്ത്ര സമരത്തിലും രാജേന്ദ്ര പ്രസാ നിർണ്ണായക പങ്കാണ് വഹിച്ചത്. പഠനസമയത്ത് 1906ൽ കൽക്കട്ടയിൽ നടന്ന കോൺഗ്രസ് സമ്മേളന സമയത്ത് അദ്ദേഹം വളണ്ടിയറായി പ്രവർത്തിച്ചു. 1911ലാണ് അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ അംഗമാകുന്നത്. 1916ലാണ് ഇദ്ദേഹം മഹാത്മാഗാന്ധിയെ കണ്ടുമുട്ടുന്നത്. ചമ്പാരൻ സമരത്തിൽ ഗാന്ധിയുടെ നിർദ്ദേശപ്രകാരം അദ്ദേഹം പ്രവർത്തിച്ചു. പിന്നീട് നിസ്സഹകരണസമരം 1920 പ്രഖ്യാപിച്ചപ്പോൾ അതിനോട് യോജിച്ച് യൂണിവേഴ്സിറ്റി ജോലിയും പദവിയും അഭിഭാഷകവൃത്തിയും അദ്ദേഹം ഉപേക്ഷിച്ചു. വിദേശവിദ്യാഭ്യാസം ബഹിഷ്ക്കരിക്കാൻ ഗാന്ധിജ ആവശ്യപ്പെട്ട സമയത്ത് മകൻ മൃത്യുഞ്ജയ പ്രസാദിനെ അദ്ദേഹം ബീഹാർ വിദ്യാപീഠത്തിൽ ചേർത്തു.





# അരവിന്ദ് ഘോഷ്

ഡോ. കെ.ഡി. ഘോഷിന്റെയും സ്വർണ്ണലത ദേവിയുടെയും മകനായി 1872 ഓഗസ്റ്റ് 15 ന് കൊൽക്കത്തയിൽ ജനിച്ചു. യൂറോപ്യൻ ജീവിത ശൈലിയെ അനുകൂലിച്ചിരുന്ന ഡോ. ഘോസ്, അരോബിന്ദോയെ അഞ്ചാം വയസ്സിൽ പഠനത്തിനായി ഇംഗ്ലണ്ടിലെ മാഞ്ചെസ്റ്ററിൽ അയച്ചു. അവിടെ ഡ്രിവറ്റ് എന്ന ഒരു ലാറ്റിൻ പണ്ഡിതന്റെ ശിക്ഷണത്തിലായിരുന്നു അദ്ദേഹം. 1884-ൽ അരൊബിന്ദൊ ലണ്ടനിലെ സെ. പോൾ വിദ്യാലയത്തിൽ ചേർന്നു. 1890 ൽ ഇൻഡ്യൻ സിവിൽ സർവ്വീസ് പ്രാരംഭ പരിശീലനത്തിനായി സ്കോളർഷിപ്പോടെ കേംബ്രിജിലെ കിങ്ങ്സ് കോളജിൽ പ്രവേശനം ലഭിച്ചു.

1892-ൽ ബി.എ. പരീക്ഷയുടെ ഒന്നാം ഭാഗവും ഐ.സി.എസ്സും, ഒന്നാം തരത്തിൽ ജയിച്ചു പക്ഷെ, രണ്ടാമതൊരു അവസരം നൽകിയിട്ടും അശ്വാഭ്യാസ പരീക്ഷയിൽ പങ്കെടുക്കാത്തതിനാൽ ഐ.സി.എസ്സിന് അയോഗ്യനായി. ഇതു കൂടാതെ, "താമരയും കഠാരയും" എന്ന പേരിൽ ഇൻഡ്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിച്ചിരുന്ന ഒരു രഹസ്യസംഘത്തിന്റെ സ്ഥാപകപ്രവർത്തകൻ എന്ന രഹസ്യാന്വേഷണ വിഭാഗത്തിന്റെ റിപ്പോർട്ടും ഇതിനു കാരണമായി.

അതിനു ശേഷം പൂർണ്ണ സ്വരാജ് എന്ന ലക്ഷ്യത്തിനായി ബ്രിട്ടീഷ് ഉല്പന്നങ്ങളുടെ ബഹിഷ്കരണം, ദേശീയവിദ്യാഭ്യാസം, ലക്ഷ്യപ്രാപ്തിക്കായി സന്നദ്ധസേനാരൂപവത്കരണം തുടങ്ങിയ ആവശ്യങ്ങൾക്കായി ഭാരതത്തിലുടനീളം യാത്ര ചെയ്തു. 1908 മെയ് 2-ന് അലിപ്പൂർ ബോംബ് കേസിലെ ഒന്നാം പ്രതിയാക്കി[1] അരോബിന്ദോയെ അറസ്റ്റ് ചെയ്യുകയും തീവ്രവാദിയെന്നു മുദ്രകുത്തപ്പെടുകയുമുണ്ടായി. 1908 മെയ് 5 മുതൽ 1909 മെയ് 6 വരെ അദ്ദേഹത്തെ കൊൽക്കത്തയിലെ ആലിപോർ സെൻട്രൽ ജയിലിൽ അടച്ചു. പിന്നീട് അദ്ദേഹം കുറ്റവിമുക്തനാക്കപ്പെട്ടു.





# ബിബിൻ ചന്ദ്രപാൽ

1858 നവംബർ 7 ന് ബംഗാളിലെ പൊയിൽ എന്ന ഗ്രാമത്തിലാണ് ബിപിൻ ജനിച്ചത്. ഇപ്പോഴത്തെ ബംഗാളിലാണ് ഈ സ്ഥലം സ്ഥിതിചെയ്യുന്നത്.[1] പിതാവ് രാമചന്ദ്ര ഒരു ജമീന്ദാർ ആയിരുന്നു. അദ്ദേഹം ഒരു പേർഷ്യൻ പണ്ഡിതൻ കൂടിയായിരുന്നു. മാതാവ് നാരായണി ദേവി. ബിപിൻ ചന്ദ്ര പാലിന് കൃപ എന്ന പേരിൽ ഒരു സഹോദരി കൂടിയുണ്ടായിരുന്നു.[2] യാഥാസ്ഥിതിക ചുറ്റുപാടിൽ ബാല്യകാലം കഴിച്ചുകൂട്ടി. ഇംഗ്ലീഷ് വിദ്യാഭ്യാസം മതപരമായ വിശ്വാസങ്ങളെ ഹനിക്കുന്നു എന്ന തോന്നലുളവായപ്പോൾ രാമചന്ദ്ര തന്റെ പുത്രന്റെ വിദ്യാഭ്യാസം നിർത്തിവെക്കാൻ നിർബന്ധിതനായി. എന്നാൽ പിന്നീട് സ്കൂൾ വിദ്യാഭ്യാസം തുടരുകയും, അതിനുശേഷം പ്രവേശനപരീക്ഷയിലൂടെ കൽക്കട്ടാ സർവ്വകലാശാലയിൽ ഉപരിപഠനത്തിനായി ചേരുകയും ചെയ്തു. 1875 ൽ തുടർ പഠനത്തിനായി പ്രസിഡൻസി കോളേജിൽ പ്രവേശനം നേടി. സ്കോളർഷിപ്പോടുകൂടിയാണ് ബിപിൻ പ്രസിഡൻസിയിൽ ഉപരിപഠനം നടത്തിയത്.[3]

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃനിരയിൽ പ്രവർത്തിച്ചു. സ്വാതന്ത്ര്യസമരത്തിൽ ബാൽ-ലാൽ-പാൽ ത്രയം എന്നറിയപ്പെട്ട ബാലഗംഗാധര തിലകൻ, ലാലാ ലജ്പത്റായ്, ബിപിൻ ചന്ദ്രപാൽ എന്നിവർ അണികൾക്ക് ആവേശം പകരുകയും ബ്രിട്ടീഷുകാരുടെ കണ്ണിലെ കരടായി മാറുകയും ചെയ്തു. സി.ആർ.ദാസുമായുണ്ടായ അഭിപ്രായവ്യത്യാസത്തിന്റെ പേരിൽ അദ്ദേഹം കോൺഗ്രസ്സിൽ നിന്നും വീണ്ടും രാജിവെച്ചു. ബംഗാൾ പ്രൊവിൻഷ്യൽ കോൺഗ്രസ്സ് കമ്മിറ്റിയിൽ നിന്നും, കൂടാതെ, ഓൾ ഇന്ത്യാ കോൺഗ്രസ്സ് കമ്മിറ്റിയിൽ നിന്നും തന്റെ അംഗത്വം അദ്ദേഹം പിൻവലിച്ചു. 1923 ൽ കൽക്കട്ടയിൽ ഒരു സ്വതന്ത്രനായി മത്സരിച്ചു നിയമസഭയിലെത്തി. ഏതാണ്ട് മൂന്നുവർഷക്കാലം താൻ പ്രതിനിധീകരിക്കുന്നു പ്രദേശത്തെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ അദ്ദേഹം പരിശ്രമിച്ചു. ഇക്കാലമത്രയും പ്രതിപക്ഷത്തായിരുന്നു ബിപിൻ.

1872 സെപ്റ്റംബർ 5 ന് തമിഴ്നാട്ടിലെ തൂത്തുക്കുടി ജില്ലയിലുള്ള ഒറ്റപിടാരം എന്ന താലൂക്കിലാണ് ചിദംബരം പിള്ള ജനിച്ചത്.[3] ഉലകനാഥൻ പിള്ളയും, പരമയി അമ്മാളുമായിരുന്നു മാതാപിതാക്കൾ. ഗ്രാമത്തിൽ തന്നെയുള്ള വിദ്യാലയത്തിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. താലൂക്ക് ഓഫീസറായിരുന്ന കൃഷ്ണനിൽ നിന്നായിരുന്നു ഇംഗ്ലീഷ് വിദ്യാഭ്യാസം അനൗപചാരികമായി ലഭിച്ചത്. ഗ്രാമീണരുടെ സഹായത്തോടെ, ഒരു വിദ്യാലയം ഉലകനാഥൻ പിള്ള ആരംഭിച്ചിരുന്നു. പതിനാലു വയസ്സിനുശേഷമാണ് ചിദംബരം പിള്ള ഇടക്കു വെച്ചു നിന്നു പോയ തന്റെ വിദ്യാഭ്യാസം പുനരാരംഭിക്കുന്നത്. സെന്റ്.സേവ്യേഴ്സ് ഹൈസ്കൂളിലും, കാൾഡ്വെൽ സ്കൂളിലുമായിട്ടാണ് ചിദംബരം തന്റെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. പിതാവിന്റെ ആഗ്രഹപ്രകാരം, തൂത്തുക്കുടിയിൽ നിയമപഠനത്തിനു പോവുന്നതിനു മുമ്പുള്ള കാലഘട്ടത്തിൽ ചിദംബരം താലൂക്ക് ഓഫീസിൽ കുറച്ചു കാലം ഗുമസ്തനായി ജോലി ചെയ്തിരുന്നു. 1894 ൽ ചിദംബരം പ്ലീഡർഷിപ്പ് പരീക്ഷ പാസ്സാവുകയും, ഒരു പ്ലീഡറായി ജോലി നേടുന്നതിനായി തന്റെ ജന്മഗ്രാമത്തിലേക്കു തിരിച്ചെത്തുകയും ചെയ്തു.



# വി.ഒ.ചിദംബരം പിള്ള

1900 ന്റെ തുടക്കത്തിൽ തുണി മിൽ തൊഴിലാളികൾക്ക് ഉടമകൾ തുച്ഛമായ വേതനമാണ് നൽകിയിരുന്നത്. 1908 ഫെബ്രുവരി 23 ന് കോറൽ മിൽ തൊഴിലാളികളെ അഭിസംബോധന ചെയ്തുകൊണ്ട് ചിദംബരം ഒരു പ്രസംഗം നടത്തുകയുണ്ടായി. നാലു ദിവസങ്ങൾക്കു ശേഷം, ചിദംബരത്തിന്റേയും, സുബ്രഹ്മണ്യ ശിവയുടേയും നേതൃത്വത്തിൽ കോറൽ മിൽ തൊഴിലാളികൾ പണി മുടക്കാരംഭിച്ചു.[5] ആനുപാതികമായ ശമ്പള വർദ്ധനവ്, ആഴ്ചാവസാനം അവധി, മറ്റാനുകൂല്യങ്ങൾ എന്നിവയായിരുന്നു സമരാനുകൂലികളുടെ പ്രധാന ആവശ്യങ്ങൾ.

ചിദംബരത്തിന്റെ സംഘാടന, പ്രവർത്തന മികവുകൊണ്ട് സമരം പെട്ടെന്നു ജനശ്രദ്ധ പിടിച്ചു പറ്റി. മാർച്ച് ആറിന് ഉടമകൾ തൊഴിലാളികളുടെ ആവശ്യങ്ങൾ അംഗീകരിച്ചുവെന്ന് നേതാക്കളെ അറിയിച്ചു. തൊഴിലാളികളുടെ ജോലി സമയം കുറച്ചു, വേതനം വർദ്ധിപ്പിച്ചു, അവധി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിച്ചുകൊടുത്തു. ഈ ഒരു വിജയത്തോടെ, മറ്റു യൂറോപ്യൻ കമ്പനികളിലെ തൊഴിലാളികളും സമര മാർഗ്ഗങ്ങളുമായി മുന്നിട്ടിറങ്ങി. ചിദംബരവും, സുബ്രഹ്മണ്യ ശിവയും കാണിച്ച ധൈര്യത്തെയും, സംഘടനാ പാടവത്തെയും അഭിനന്ദിച്ചുകൊണ്ട് അരബിന്ദോ തന്റെ ദിനപത്രമായ വന്ദേ മാതരത്തിൽ എഴുതുകയുണ്ടായി.[6]



# അലി സഹോദരന്മാർ

ഉത്തരേന്ത്യയിലെ റാംപൂർ സ്റ്റേറ്റിൽ സംസ്കാരസമ്പന്നമായ കുടുംബത്തിലാണ് അലി സഹോദരന്മാരുടെ ജനനം. പിതാവ് അബ്ദുൽ അലിഖാൻ അന്നത്തെ റാംപൂർ നവാബിന്റെ സേവകനായിരുന്നു. മാതാവ് ആബാദി ബാനു ബീഗം സാഹിബ 'ബീ അമ്മാൻ' എന്ന പേരിൽ ധീരതകൊണ്ട് വിഖ്യാതയായ വനിതയായിരുന്നു. മുഗൾ ചക്രവർത്തിമാരുടെ സവിച കുടുംബത്തിൽപ്പെട്ടവരും സംസ്കാര സമ്പന്നയുമായിരുന്നു ആബാദി ബാനു ബീഗം. 27-ാം വയസ്സിൽ വിധവയായിത്തീർന്ന അവർ പുത്രൻമാർക്ക് വേണ്ടത്ര വിദ്യാഭ്യാസം നല്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിച്ചു. ഇവർ ആദ്യകാലഘട്ടങ്ങളിൽ പുത്രന്മാരുമായി പൊതു പ്രവർത്തനരംഗത്ത് സഹകരിച്ചു പ്രവർത്തിക്കുകയും പല പ്രദേശങ്ങളും സന്ദർശിച്ച് സ്വാതന്ത്ര്യസമരത്തിനു ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു





# സരോജിനി നായിഡു

1879 ഫെബ്രുവരി 13-ന് ജനിച്ചു. സാമൂഹികസമ്മർദ്ദം കാരണം ബംഗാളിൽ നിന്നും ഹൈദരാബാദിലേക്ക് താമസം മാറ്റേണ്ടിവന്ന ഡോക്റ്റർ അഘോരനാഥ് ചട്ടോപാധ്യായയുടെയും പത്നി വരദാ സുന്ദരി ദേവിയുടെയും മൂത്ത മകളായിരുന്നു സരോജിനി. മദ്രാസ്, ലണ്ടൻ എന്നിവിടങ്ങളിലായി വിദ്യാഭ്യാസം നടത്തിയ സരോജിനി പഠനകാലത്ത് കവിതാരചനയിൽ മികവ് പ്രകടിപ്പിച്ചിരുന്നു. മെട്രിക്കുലേഷൻ ഒന്നാം റാങ്കോടെ പാസ്സായി. പിന്നീട് റോയൽ ലിറ്ററി സൊസൈറ്റി അംഗമായ ഇവർ വിവിധ സർവകലാശാലകളിൽ നിന്ന് ഡോക്ടറേറ്റ് ബിരുദം നേടി. 1898-ൽ, മിശ്രവിവാഹം അസാധാരണമായിരുന്ന കാലത്ത്, ജാതിവ്യവസ്ഥയെ എതിർത്തുകൊണ്ട് അബ്രാഹ്മണനായ ഗോവിന്ദ രാജുലു നായിഡുവിനെ വിവാഹം കഴിച്ചതോടെ ഇവർ സരോജിനി നായിഡുവായി. ഗാന്ധിജി, ഗോഖലെ എന്നിവരുടെ സ്വാധീനംമൂലം ദേശീയ പ്രസ്ഥാനത്തിൽ ആകൃഷ്ടയായ ശ്രീമതി നായിഡു ജീവിതാന്ത്യം വരെ പൊതുരംഗത്ത് സജീവമായിരുന്നു. റൗലത്ത് ആക്റ്റിൽ പ്രതിഷേധിച്ച് ഗാന്ധിജിക്കൊപ്പം അണിനിരന്ന ആദ്യത്തെ രാഷ്ട്രീയ പ്രവർത്തകയായ ശ്രീമതി നായിഡു അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള നിസ്സഹകരണപ്രസ്ഥാനം, നിയമനിഷേധ പ്രസ്ഥാനം, ക്വിറ്റ് ഇന്ത്യാ സമരം എന്നിവയിൽ നിർണായക പങ്കു വഹിക്കുകയുണ്ടായി.

1925-ൽ കാൺപൂരിൽ കൂടിയ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ വാർഷിക സമ്മേളനം ശ്രീമതി നായിഡുവിന് അധ്യക്ഷ പദവി നല്കി ബഹുമാനിച്ചു. 1928-29 കാലയളവിൽ യു.എസ്സിൽ നടത്തിയ പ്രഭാഷണങ്ങളിലൂടെ ദേശീയ പ്രസ്ഥാനത്തെക്കുറിച്ച് അമേരിക്കൻ ജനതയെ ബോധവത്കരിക്കുവാൻ അവർക്കു കഴിഞ്ഞു. ദേശീയ പ്രസ്ഥാനത്തിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീമതി നായിഡു സ്ത്രീ വിമോചനം, സാമൂഹിക പരിഷ്കരണം, സാഹിത്യം എന്നീ മേഖലകളിലും സജീവമായിരുന്നു. സ്ത്രീകൾക്കു വോട്ടവകാശം അനുവദിച്ചു കിട്ടണമെന്ന നിവേദനം 1917-ൽ മൊണ്ടേഗുവിന് സമർപ്പിച്ച പ്രതിനിധി സംഘത്തെ നയിച്ചത് സരോജിനിയാണ്. ദണ്ഡിയാത്രയിൽ (1930) പുരുഷന്മാരെ മാത്രം ഉൾപ്പെടുത്താനാണ് ഗാന്ധിജി ആദ്യം തീരുമാനിച്ചതെങ്കിലും സ്ത്രീപക്ഷവാദിയായ സരോജിനിയുടെ ശക്തമായ ഇടപെടൽ മൂലം സ്ത്രീകളെക്കൂടി ഉൾപ്പെടുത്തുവാൻ ഗാന്ധിജി തയ്യാറായി. ഉപ്പ് സത്യാഗ്രഹത്തിന്റെ ഭാഗമായി സൂറത്ത് ജില്ലയിലെ ദർശനയിലുള്ള ഉപ്പു പണ്ടകശാല സമാധാനപരമായി കൈവശപ്പെടുത്തുവാൻ ഗാന്ധിജി നിശ്ചയിച്ചെങ്കിലും ദർശനയിലേക്ക് മാർച്ച് ചെയ്യുന്നതിനു മുമ്പ് അദ്ദേഹം അറസ്റ്റു ചെയ്യപ്പെട്ടു. തുടർന്ന് ദർശനയിലെ പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കിയത് നായിഡുവാണ്. സ്വാതന്ത്ര്യ ലബ്ധിയെത്തുടർന്ന് യു.പി. സംസ്ഥാനത്തിന്റെ ഗവർണറായി നായിഡു നിയമിക്കപ്പെട്ടു. സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ വനിതാഗവർണറായിരുന്നു ഇവർ. കവിതയുടെ ഉപാസകയായ ഇവർ 'ഇന്ത്യയുടെ വാനമ്പാടി' എന്നാണ് അറിയപ്പെട്ടത്.



ഉദാ ദേവി: 1857 ൽ ഉയർന്നുവന്ന ദളിത് സ്വാതന്ത്ര സമരപോരാളിയാണ് ഉദാ ദേവി. 1857 നവംബറിൽ നടന്ന സിക്കന്തർ ബാഗ് യുദ്ധത്തിൽ ഉദാ ദേവി പങ്കെടുത്തു. ഈ യുദ്ധത്തിൽ വച്ച് ഉയരമുള്ള മരത്തിൽ മുകളിൽ ഒളിച്ചിരുന്ന് വെടിയുതിർത്ത ഉദാ ദേവി മുപ്പതോളം ബ്രിട്ടീഷ് പട്ടാളക്കാരെ കൊന്നുവെന്ന് ചരിത്രം. ഒടുവിൽ ബ്രിട്ടീഷ് പട്ടാളം അവരെ വെടിവെച്ച് കൊന്നു.

# സാവിത്രി ഭായി ഫൂലെ




സാവിത്രിഭായി ഫൂലെ: മഹാരാഷ്ട്രയിൽ നിന്നുള്ള സാമൂഹിക പ്രവർത്തകയായിരുന്നു സാവിത്രിഭായി ഫൂലെ. സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിച്ചിരുന്ന ജ്യോതിറാവു ഫുലെയുടെ ഭാര്യയാണ്. ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ സ്ത്രീകളുടെ അവകാശങ്ങൾക്കായി അവർ പോരാടി. 1848 ൽ പൂനെയിൽ സ്ഥാപിതമായ ഇന്ത്യയിലെ ആദ്യത്തെ 'ഓൾ ഗേൾസ് സ്കൂളി'ലെ ആദ്യത്തെ വനിതാ അദ്ധ്യാപികയായിരുന്നു അവർ.



## കിത്തൂർ റാണി ചെന്നമ്മ

ബ്രിട്ടീഷ് ഇന്ത്യയിലുള്ള കർണ്ണാടകയിലെ ബെൽഗാം താലൂക്കിലാണ് ചെന്നമ്മ ജനിച്ചത്. 1778 ഒക്ടോബർ 23 നായിരുന്നു ജനനം. കുതിര സവാരിയിലും, ആയോധനകലകളിലും വളരെ ചെറുപ്പത്തിൽ തന്നെ ചെന്നമ്മക്ക് പരിശീലനം ലഭിച്ചിരുന്നു. ദേശായി കുടുംബത്തിലെ മല്ലസർജയെയാണ് ചെന്നമ്മ വിവാഹം ചെയ്തത്. ഈ ദമ്പതികൾക്കുണ്ടായ ഏക പുത്രൻ 1824 ൽ അന്തരിച്ചു. ഇതിനുശേഷം ശിവലിംഗപ്പ എന്ന കുട്ടിയെ ചെന്നമ്മ തന്റെ അനന്തരാവകാശിയായി ദത്തെടുക്കുകയായിരുന്നു. എന്നാൽ ഡോക്ട്രിൻ ഓഫ് ലാപ്സ് [a] എന്ന നിയമപ്രകാരം ഈ ദത്തെടുക്കൽ സാധുവല്ലെന്ന് ബ്രിട്ടീഷ് സർക്കാർ ചെന്നമ്മയെ അറിയിച്ചു. ഈ വിഷയത്തിൽ ചെന്നമ്മ ബ്രിട്ടീഷ് നേതൃത്വവുമായി തെറ്റി, തനിക്ക് ലഭ്യമായ സൈന്യത്തെ വെച്ച് ബ്രിട്ടീഷ് സേനയെ നേരിടാൻ ചെന്നമ്മ തീരുമാനിച്ചു.





# ഖുദിറാം ബോസ്

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ബംഗാളിൽ നിന്നുള്ള ഒരു സ്വാതന്ത്ര്യ സമര സേനാനിയായിരുന്നു **ഖുദിറാം ബോസ്** (ബംഗാളി: ক্ষুদিরাম বসু *Khudiram Boshu*) (3 ഡിസംബർ 1889 - 19 ഓഗസ്റ്റ് 1908). ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ യുവനേതാക്കളിലൊരാളായിരുന്നു അദ്ദേഹം. പതിനെട്ടു വയസ്സും, എട്ടുമാസവും, എട്ടു ദിവസവും പ്രായമുള്ളപ്പോഴായിരുന്നു ഖുദിറാമിനെ ബ്രിട്ടീഷുകാർ തൂക്കിലേറ്റിയത്.

1900 തുടക്കത്തിൽ അരബിന്ദോയും, സിസ്റ്റർ നിവേദിതയും തുടർച്ചയായി മിഡ്നാപ്പൂർ സന്ദർശിച്ച് പ്രഭാഷണങ്ങൾ നടത്തുമായിരുന്നു. ഖുദിരാമുൾപ്പടെയുള്ള യുവാക്കൾ കൂടുതലായി ദേശീയപ്രസ്ഥാനങ്ങളോട് അടുത്തു.

തന്റെ ഗുരുവായ സത്യേന്ദ്രനാഥ് ബോസിൽ നിന്നും, ഭഗവദ്ഗീതയിൽ നിന്നും ബോസ് തന്റെ വിപ്ലവചിന്തകൾ കൂടുതലായി ഉൾക്കൊണ്ടു. ബ്രിട്ടീഷുകാർക്കെതിരെയുള്ള യുദ്ധത്തിൽ പ്രധാനമായും ബംഗാളിന്റെ വിഭജനത്തിനെതിരായിരുന്നു , തന്റെ പതിനാറാമത്തെ വയസ്സിൽ സ്വാതന്ത്ര്യസമരത്തിലേക്ക് ഇദ്ദേഹം എത്തി. ഈ പ്രായത്തിൽ തന്നെ പോലീസുകാരെ വധിക്കുക എന്ന ഉദ്ദേശത്തോടെ പോലീസ്സ്റ്റേഷനിൽ ഖുദീരാം ബോംബുകൾ സ്ഥാപിച്ചു. മൂന്ന് വർഷങ്ങൾക്ക് ശേഷം മുസഫ്ഫർനഗർ എന്ന സ്ഥലത്ത് കിംഗ്സ്ഫോർഡ് പ്രഭുവിനെതിരെ ബോംബ് എറിഞ്ഞ് കൊല്ലാൻ ശ്രമിച്ച കേസിൽ ഇദ്ദേഹത്തെ പോലീസ് അറസ്റ്റ് ചെയ്തു.

കൗമാരക്കാരനായ വിപ്ലവകാരിയെ കാണാനായി ജനങ്ങൾ തിങ്ങിനിറഞ്ഞ മുസ്സാഫർപൂർ റെയിൽവേസ്റ്റേഷനിൽ ഒരു ഒന്നാം ക്ലാസ്സ് ബോഗിയിൽ നിന്നും കൈവിലങ്ങുകളുമായി 18-19 വയസ്സു തോന്നിക്കുന്ന ആ കൗമാരക്കാരൻ അക്ഷോഭ്യനായി നടന്നു നീങ്ങി, എന്നാണ് അന്നേ ദിവസം ഇംഗ്ലീഷ് പത്രമായ സ്റ്റേറ്റ്സ്മാൻ റിപ്പോർട്ട് ചെയ്തത്.[1] 1908 മെയ് 21 നാണ് ഖുദീറാം ഉൾപ്പെട്ട കേസിന്റെ വിചാരണ ആരംഭിച്ചത്. കോൺടോഫ് എന്ന ഇംഗ്ലീഷുകാരനോടൊപ്പം, നഥുനിപ്രസാദ്, ജനകപ്രസാദ് എന്നീ ഇന്ത്യക്കാരായിരുന്നു ജഡ്ജിമാർ. കാളിദാസ് ബസു, ഉപേന്ദ്രനാഥ് സെൻ, ക്ഷേത്രനാഥ് ബന്ധോപാധ്യാ എന്നീ പ്രമുഖ അഭിഭാഷകരായിരുന്നു ഖുദീറാമിനു വേണ്ടി കോടതിയിൽ ഹാജരായത്. യാതൊരു ഫീസും വാങ്ങാതെയാണ് ഈ പ്രമുഖരായ അഭിഭാഷകരെല്ലാം തന്നെ ഖുദീറാമിനു വേണ്ടി വാദിച്ചത്.

വിചാരണക്കുശേഷം, ജഡ്ജി ഖുദീറാമിന് വധശിക്ഷ വിധിച്ചു. ഒരു പുഞ്ചിരിയോടെയാണ് ഖുദീറാം തന്റെ വിധി വായിച്ചു കേട്ടത്. തനിക്കു കുറച്ചു കൂടി സമയം ലഭിച്ചാൽ ജഡ്ജിയെ ബോംബു നിർമ്മാണം പഠിപ്പിക്കാൻ കഴിഞ്ഞേനെ എന്നാണ് വിധിക്കു ശേഷം എന്തെങ്കിലും പറയാനുണ്ടോ എന്ന കോടതിയുടെ ചോദ്യത്തിനുത്തരമായി ഖുദീറാം പ്രതികരിച്ചത്. നിയമപ്രകാരം ഏഴു ദിവസത്തിനുള്ളിൽ അപ്പീൽ നൽകുവാൻ കഴിയുമായിരുന്നിട്ടും, ആ പ്രത്യേകാവകാശം ഖുദീറാം ആദ്യം വേണ്ടെന്നു വെക്കുകയായിരുന്നു. എന്നാൽ തന്റെ അഭിഭാഷകരുടെ അഭിപ്രായം കൂടി മാനിച്ച്, അപ്പീൽ നൽകാൻ ഖുദീറാം തയ്യാറായി. എന്നാൽ മേൽക്കോടതിയും ശിക്ഷ ശരി വെക്കുകയായിരുന്നു.




# അനന്ദ മോഹൻ ബോസ്

ബ്രിട്ടീഷ് രാജ് ഭരണകാലത്തിലെ ഇന്ത്യയിലെ പ്രമുഖ രാഷ്ട്രീയ നേതാവും ഒരു ബാരിസ്റ്ററുമായിരുന്നു **ആനന്ദ മോഹൻ ബോസ്** (ബംഗാളി: আনন্দমোহন বসু) (23 സെപ്റ്റംബർ 1847 – 20 ഓഗസ്റ്റ് 1906). ഇന്ത്യൻ നാഷണൽ അസോസിയേഷൻ എന്ന സംഘടനയുടെ സ്ഥാപകനായിരുന്ന ആനന്ദമോഹൻ ബോസ്, പിന്നീട് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സജീവ പ്രവർത്തകനായി. 1874-ൽ ആദ്യത്തെ ഇന്ത്യക്കാരനായ റാങ്ളർ (കേംബ്രിഡ്ജ് സർവകലാശാലയിൽനിന്നും ഗണിതശാസ്ത്രബിരുദ പഠനത്തിൽ മൂന്നാം വർഷം പൂർത്തിയാക്കുകയും ഫസ്റ്റ് ക്ലാസ് ഓണേഴ്സ് കരസ്ഥമാക്കുകയും ചെയ്യുന്ന വിദ്യാർത്ഥി) ആയി മാറി. ബ്രഹ്മോസമാജത്തിന്റെ പ്രാദേശിക നേതാവും, ശിവനാഥ് ശാസ്ത്രിയോടൊപ്പം ആദി ധർമ്മത്തിന്റെ നേതാവുമായിരുന്നു ബോസ്.[1][2] 1898-ൽ മദ്രാസിൽ വച്ചു നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമ്മേളനത്തിൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

കൊൽക്കത്തയിലെ സിറ്റി സ്കൂളിന്റെയും സിറ്റി കോളേജിന്റെയും സ്ഥാപകനായിരുന്നു ആനന്ദമോഹൻ. വിദ്യാർത്ഥികൾക്കിടയിൽ ദേശീയത പ്രചരിപ്പിക്കുന്നതിനായി സുരേന്ദ്രനാഥ് ബാനർജി, ശിബ്നാഥ് ശാസ്ത്രി എന്നിവരോടൊപ്പം ചേർന്ന് സ്റ്റുഡന്റ്സ് അസോസിയേഷൻ എന്ന പേരിൽ സംഘടന രൂപീകരിക്കുകയും ഇവരുടെ നേതൃത്വത്തിൽ പ്രഭാഷണങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. കൽക്കട്ട സർവകലാശാലയുമായി സഹകരിച്ചിരുന്ന ആനന്ദമോഹൻ ബോസ്, എഡ്യുക്കേഷൻ കമ്മീഷനിലെ അംഗമായും തിരഞ്ഞെടുക്കപ്പെട്ടിരുന്നു.








ഇന്ത്യയുടെ ദേശീയപതാക രൂപകലപന ചെയ്ത വ്യക്തിയാണ് **പിംഗളി വെങ്കയ്യ** (ജീവിതകാലം: ഓഗസ്റ്റ് 2, 1876 മുതൽ ജൂലൈ 4, 1963 വരെ). ഇപ്പോഴത്തെ ആന്ധ്രാപ്രദേശിലെ ഭട്‌ലപെനുമരു എന്ന സ്ഥലത്ത് ജനിച്ചു. ഹനുമന്തറായുഡു അച്ഛനും വെങ്കടരത്നമ്മ അമ്മയും ആണ്. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ലണ്ടനിൽ പോയി സീനിയർ കേംബ്രിഡ്ജ് പൂർത്തിയാക്കി. ഇന്ത്യയിൽ തിരിച്ചെത്തിയ അദ്ദേഹം *റയിൽവേ ഗാർഡ്* ആയി സേവനം അനുഷ്ടിച്ചു. പിന്നീട് ബെല്ലാരിയിൽ പ്ലഗ് ഓഫീസർ ആയി സർക്കാർ സർവീസിൽ പ്രവേശിച്ചു.

1916 ൽ അദ്ദേഹം ഇന്ത്യൻ ദേശീയ പതാക എങ്ങനെയായിരിക്കണം എന്നതു സംബന്ധിച്ച് മുപ്പതു രൂപകല്പനകൾ ഉൾക്കൊള്ളുന്ന ഒരു പുസ്തകം പ്രസിദ്ധികരിച്ചിരുന്നു. 1918 നും 1921 നും ഇടയിലെ എല്ലാ കോൺഗ്രസ് സെഷനുകളിലും, അദ്ദേഹം ഭാരതത്തിന് ഒരു സ്വന്തം പതാകയുണ്ടായിരിക്കണമെന്ന ആശയം മുടക്കമില്ലാതെ അവതരിപ്പിച്ചിരുന്നു. 1921 ൽ വിജയവാഡയിൽ നടന്ന കോൺഗ്രസ് മീറ്റിംഗിൽവച്ച് പിംഗളി വെങ്കയ്യയുടെ ദേശീയ പതാകയുടെ മാതൃക ഗാന്ധിജി അംഗീകരിച്ചു.[1]





## വല്ലഭായി പട്ടേൽ

1875 ഒക്ടോബർ 31-ന് ഗുജറാത്തിലെ ആനന്ദ് താലൂക്കിൽപ്പെട്ട കരംസദ ഗ്രാമത്തിലെ ഒരു കർഷകകുടുംബത്തിലാണ് വല്ലഭായി പട്ടേൽ ജനിച്ചത്.[4] പട്ടീദാർ വംശജരായിരുന്നു അദ്ദേഹത്തിന്റെ കുടുംബം. അച്ഛൻ ജാബേർ ഭായ് പട്ടേൽ. അമ്മ ലാഡ്ബായി. അവർക്ക് 6 മക്കൾ. 5 ആണും ഒരു പെണ്ണും. ആൺമക്കളിൽ നാലാമനായിരുന്നു വല്ലഭായി. അദ്ദേഹത്തിൻറെ രണ്ടാമത്തെ ജ്യേഷ്ഠനായിരുന്നു വിഠൽ ഭായ് പട്ടേൽ.[5] 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിൽ ഝാൻസി റാണിയുടെ സൈന്യത്തിൽ ബ്രിട്ടീഷുകാർക്കെതിരേ യുദ്ധം ചെയ്ത ആളായിരുന്നു വല്ലഭായിയുടെ പിതാവ്.[6]

നദിയാദ്, പെറ്റ്ലാദ്, ബോസാദ് എന്നിവിടങ്ങളിലായിട്ടായിരുന്നു വിദ്യാഭ്യാസം. സ്കൂൾ വിദ്യാഭ്യാസ കാലത്തു തന്നെ, അനീതിക്കെതിരേ ശബ്ദമുയർത്താൻ വല്ലഭായി മടിച്ചിരുന്നില്ല.[7] 22 ആമത്തെ വയസ്സിലാണ് പട്ടേൽ തന്റെ മെട്രിക്കുലേഷൻ വിജയിക്കുന്നത്. ഒരു ബാരിസ്റ്ററാവണം എന്നതായിരുന്നു പട്ടേലിന്റെ ആഗ്രഹം.[8] കഠിനാധ്വാനം കൊണ്ട് പട്ടേൽ രണ്ടു വർഷം കൊണ്ട് ബാരിസ്റ്റർ ബിരുദം കരസ്ഥമാക്കി. കുറേ നാളത്തെ പരിശ്രമം കൊണ്ട് ഒരു നല്ല അഭിഭാഷകൻ എന്ന പേരു സമ്പാദിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.



ഒരു സ്വാതന്ത്ര്യസമര സേനാനി ആയിരുന്നു. **ഉധം സിങ്** (**Udham Singh** ). (പഞ്ചാബി: ਊਧਮ ਸਿੰਘ, Hindi: उधम सिंह; ഡിസംബർ 26, 1899 – ജൂലൈ 31, 1940). അദ്ദേഹം ജനിച്ചത് ജമ്മുവിൽ ആണ്. ജനനനാമം ശേർ സിംഗ് എന്നായിരുന്നു.[1][2] 1919 ലെ ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്ക് നേതൃത്വം നൽകിയ മൈക്കിൾ ഓ'ഡ്വയറിനെ മാർച്ച് 1940-നു കൊലപ്പെടുത്തിയപേരിൽ ഇദ്ദേഹം അറിയപ്പെടുന്നു.[3]


**പ്രതിജ്ഞ** (26 ഡിസംബർ 1899 - 31 ജൂലൈ 1940) ഒരു ഇന്ത്യൻ മാർക്സിസ്റ്റ് വിപ്ലവകാരിയും പെടുന്ന ഘദ്ദാർ പാർട്ടി ആൻഡ് ആർമിയുടെ മികച്ച കഥാപാത്രത്തിനോപ്പം അറിയപ്പെടുന്നത്, മൈക്കിൾ ഒ'ഡ്വയറെ , മുൻ ലെഫ്റ്റനന്റ് ഗവർണർ പഞ്ചാബ് ൽ ഇന്ത്യ , 13 മാർച്ച് 1940 വധം 1919- ൽ അമൃത്സറിലെ ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്ക് പ്രതികാരമായാണ് ഓ'ഡ്വയർ ഉത്തരവാദിയായത്. [1] സിംഗ് പിന്നീട് വിചാരണ ചെയ്യപ്പെടുകയും കൊലപാതകക്കുറ്റത്തിന് ശിക്ഷിക്കപ്പെടുകയും 1940 ജൂലൈയിൽ തൂക്കിലേറ്റപ്പെടുകയും ചെയ്തു. കസ്റ്റഡിയിൽ ആയിരിക്കുമ്പോൾ അദ്ദേഹം **റാം മുഹമ്മദ് സിംഗ് ആസാദ്** എന്ന പേര് ഉപയോഗിച്ചു.. ഇത് ഇന്ത്യയിലെ മൂന്ന് പ്രധാന മതങ്ങളെയും അദ്ദേഹത്തിന്റെ കൊളോണിയൽ വിരുദ്ധ വികാരത്തെയും പ്രതിനിധീകരിക്കുന്നു. [3]



## ഉദ്ധം സിംഗ്

*രാം മൊഹമ്മദ് സിംഗ് ആസാദ്* എന്ന പേരിലും ഇദ്ദേഹം അറിയപ്പെടുന്നു. മതേതരത്വത്തെ സൂചിപ്പിക്കുന്ന ഒരു പേരാണ് ഇത്. അദ്ദേഹത്തിന്റെ സമയത്തെ സ്വാതന്ത്ര്യസമര സേനാനികളായിരുന്ന ചന്ദ്രശേഖർ ആസാദ്, രാജ് ഗുരു,ഭഗത് സിങ് , സുഖ് ദേവ് എന്നിവരുടെ പോലെ തന്നെ ഒരു യുവനേതാക്കളിൽ ഒരാളായിരുന്നു ഉധം സിംഗ്.[4]

1899 ഡിസംബർ 26 ന് പഞ്ചാബിലെ സംഗ്രൂർ ജില്ലയിലെ സുനാമിൽ ഒരു പഞ്ചാബി കംബോജ് സിഖ് കർഷക കുടുംബത്തിൽ ഉദം സിംഗ് ജനിച്ചു. ചെറുപ്പത്തിലെ അമ്മ മരണപ്പെട്ടു. കുറച്ചു വർഷങ്ങൾക്കു ശേഷം അച്ഛനും മരണമടഞ്ഞു.[5][6] ജമ്മു ഗോത്രയിലെ (ഉപജാതി) കംബോജ് കുടുംബത്തിൽ പെട്ടയാളായിരുന്നു ഉധം സിങ്. ചരിത്രപരമായ രക്തസാക്ഷിത്വം വരിച്ചതിലൂടെ ഉധം കാംബോജുകളുടെ ധീര ക്ഷത്രിയ പാരമ്പര്യം ഉയർത്തിപ്പിടിച്ചു.[7][8][9][10][11] പിതാവിന്റെ മരണശേഷം ഉധമിനെയും ജ്യേഷ്ഠൻ മുക്ത സിങ്ങിനെയും അമൃത്സറിലെ സെൻട്രൽ ഖൽസ ഓർഫനേജ് ഏറ്റെടുത്തു. അനാഥാലയത്തിൽ വെച്ചാണ് ഉധം സിംഗ് എന്ന പേര് സ്വീകരിച്ചത്. 1918-ൽ മെട്രിക്കുലേഷൻ പരീക്ഷ പാസായ അദ്ദേഹം 1919-ൽ അനാഥാലയം വിട്ടു.



ആചാര്യ കൃപലാനി

**ആചാര്യ കൃപലാനി** എന്നറിയപ്പെടുന്ന **ജീവത്രം ഭഗവൻദാസ് കൃപലാനി** (11 നവംബർ 1888 - 19 മാർച്ച് 1982), ഒരു ഇന്ത്യൻ രാഷ്ട്രീയക്കാരനാണ്, 1947 ലെ അധികാര കൈമാറ്റ സമയത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അദ്ധ്യക്ഷസ്ഥാനം വഹിച്ചതും സുചേത കൃപലാനിയുടെ ഭർത്താവും . കൃപലാനി ഒരു പരിസ്ഥിതി പ്രവർത്തകനും മിസ്റ്റിക് , സ്വാതന്ത്ര്യ പ്രവർത്തകനുമായിരുന്നു , പിന്നീട് ജീവിതത്തിൽ സാമ്പത്തികമായി വലതുപക്ഷമായ സ്വതന്ത്ര പാർട്ടിയിൽ ചേരുന്നതിന് മുമ്പ് അദ്ദേഹം ദീർഘകാലം ഗാന്ധിയൻ സോഷ്യലിസ്റ്റായിരുന്നു .